
CCTV
CANTEEN
AUTONOMOUS
RIP
CHRIST COLLEGE MAGAZINE 2015-16






മങ്ങാടിക്കുന്ന് ഒരു ശവപ്പറമ്പായിരുന്നുവത്രെ...
കുഴിവെട്ടി മൂടപ്പെട്ട വിപ്ലവവും
അടക്കം ചെയ്യപ്പെട്ട പ്രണയവും
വലിച്ചെറിയപ്പെട്ട സർഗ്ഗാത്മകതയും
കാണാൻ മറന്നുപോയ സ്വപ്നങ്ങളും...
നിങ്ങളുടെ നിശബ്ദമായ ശബ്ദങ്ങൾക്ക്
മരിച്ചവരുടെ പുസ്തകം....

# മരിച്ചവരുടെ പുസ്തകം

മുറിവേറ്റ മണ്ണിനും പെണ്ണിനും
അടക്കം ചെയ്ത സ്വപ്നങ്ങൾക്ക്...
തെമ്മാടിക്കുഴിയിലടക്കിയ ചിന്തകൾക്ക്...
രക്തസാക്ഷിയായ നിന്റെ ശബ്ദങ്ങൾക്ക്...
ഉയിർത്തെഴുന്നേൽപ്പുകൾക്കായി
ഇന്നലെകൾക്കുള്ള ബലിതർപ്പണം.



2016

Wednesday 13 January

December 2015

| M | T | W | T | F | S | S | M | T | W | T | F | S | S |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 | 31 | | | | | | |

അക്ഷരങ്ങളെ ഭയക്കുന്ന ഭരണകൂടത്തിന്
അക്ഷരങ്ങളില്ലാത്ത ഒരു പേജ്....

# CHRIST COLLEGE MAGAZINE

## *"Marichavarude Pusthakam"*


| | | |
|---|---|---|
| Staff Editor | : | Dr. A.J. Thankachan |
| Student Editor | : | Yahya Majeed |
| Sub Editors | : | Akhila, Amal, Sreejith, Ashin |
| Cover Page Design | : | Anirudh |
| Printing | : | Prakasam Offset Printers, Irinjalakuda<br>Ph: 0480 2825757 |

The opinion expressed in this publication are those of the writers concerned and not necessarily of the college. The Christ College 2015-2016 magazine of Christ College, Irinjalakuda statement about ownership and other particulars about "Marichavarude Pusthakam" from IV (see rule 8)

| | | |
|---|---|---|
| Place of publication from | : | Irinjalakuda |
| Periodicity of publication | : | Annual |
| Publishers Name | : | Shaju Varghese |
| Nationality | : | Indian |

Published under the authority of Magazine Committee 2015-16

I have by declare that the particular given above are true to the best of my knowledge and belief.

Sd/-

.....................

MANAGER



Rev. Fr John Thottappilly CMI

PRINCIPAL




Rev. Fr Dr Jose Thekkan CMI

BURSAR



Rev. Fr Dr Jolly Andrews

VICE PRINCIPAL



Prof. K.A. Davis

VICE PRINCIPAL



Dr Mathew Paul Ukken

STAFF EDITOR



Dr A.J. Thankachan

STAFF EDITOR



Ms. Sinto Konkoth

STAFF ADVISOR



Dr S. Sreekumar

# College Union 2015-16



**Akhila Chandran**
(Chairperson)



**Gokul T. Priyan**
(General Secretary)



**Betna Shamilin Simeti**
(Vice Chairperson)



**Shanaz P.S.**
(Joint Secretary)



**Pranav P.C.**
(Fine Arts)



**Neena Prasad**
(UUC)



**Sreejith**
(UUC)



**Rakesh M.R.**
(General Captain)



**Yahya Majeed**
(Magazine Editor)

# ആദരാഞ്ജലികൾ...





# മറക്കില്ലൊരിക്കലും...



പുസ്തകമിറക്കണം...

അശ്ലീലമില്ല,

പരിഹാസമില്ല,

വിമർശനമില്ല,

പുച്ഛമില്ല,

ധിക്കാരമില്ല...

വികാരങ്ങളൊന്നുമില്ല.

അങ്ങനെ അക്ഷരമാലയിൽ നിന്നും

വീണ്ടും തുടങ്ങുകയാണ്.

**ത–തറ.**

# CONTENT


മുറിവുകൾ — PAGE 9




രക്തസാക്ഷി — PAGE 27




തെമ്മാടിക്കുഴി — PAGE 37




അടക്കം — PAGE 61




ഉയിർത്തെഴുന്നേൽപ്പ് — PAGE 73





എന്റെ ആത്മാവിൽ നിങ്ങൾ
കോറിയിട്ട ചില മുറിവുകളുണ്ട്
കാലം തെറ്റി പെയ്ത ഒരു മഴയും,
പാതി പറഞ്ഞ ഒരു കഥയുമുണ്ട്...
മുറിവ് എന്നും ഒരു വേദനയാണ്...

# മുറിവുകൾ



ലൈബ്രറിയിലെ ഒരുപാട്
ഹാർഡ്കവർ പുസ്തകങ്ങൾക്കിടയിൽ
ന്യൂസ് പേപ്പർ കൊണ്ട് ചട്ടയിട്ട
ഒരു പുസ്തകം ഞാൻ എടുത്തു,
".....ന്റെ കാമശാസ്ത്രം"
ചുറ്റും ഉള്ളവർ ആരും കണ്ടില്ലാ
എന്ന് ഉറപ്പുവരുത്തി അത്
ഞാൻ തിരികെ വച്ചു....
ആ പുസ്തകം പൊതിഞ്ഞിരുന്ന പേപ്പറിലെ
പ്രധാന വാർത്ത...
.....4 വയസ്സുകാരിയെ പീഡിപ്പിച്ച
60 കാരൻ അറസ്റ്റിൽ....

**അയ്യപ്പദാസ്**
2-ാം വർഷ ജിയോളജി



# നിലയ്ക്കാത്ത വിളികൾ

> "'എന്റെ കൃഷ്ണാ..'
> അവൾ തിരികെ നടന്നു. യന്ത്രത്തിന്റെ ഇരമ്പം വളരെ അടുത്തതായി അവർക്ക് തോന്നി. മങ്ങിയ കാഴ്ചയാണെങ്കിലും അവർ നേരെ നോക്കി."

എവിടെ നിന്നോ പറിച്ചുകൊണ്ടുവന്ന കൊന്നപ്പൂക്കൾ കൂടിയായപ്പോൾ കണി ഉഷാറായി. കടം പറഞ്ഞ് വാങ്ങിയ വെള്ളരിക്ക അവരെ നോക്കി ചിരിക്കുന്നുണ്ടായിരുന്നു. ഇനിയൊരു മാങ്ങ കൂടി വേണം. ഇറക്കുക തന്നെ ചെയ്തു. ഇപ്പോൾ കണി കാണാം.

പ്രത്യാശയുടെ ഒരു കണികാണാൻ അവരുടെ ഹൃദയം വെമ്പൽ കൊണ്ടു. സ്വന്തമായി ആരുമില്ല, ഒറ്റക്കുടിലിൽ താമസം എങ്കിലും സ്വന്തമായി അധ്വാനിക്കുന്നു. എന്നാൽ ജീവിതത്തിന്റെ തൊലിപ്പുറത്ത് ചുളിവു വീണിരിക്കുന്നു. പഴയപോലെ തെന്നി നീങ്ങുന്നുമില്ല.

'ഈ തള്ളേ രക്ഷിക്കാൻ ആരാ വരാന്റേ കൃഷ്ണാ..?"

അവർ വിളിച്ചു കൊണ്ടേയിരുന്നു. ആ വിളികൾ ഓലപുരയുടെ വിടവുകളിലൂടെ കടന്ന് വിജനതയിലേക്ക് മറിയുക മാത്രം ചെയ്തു. പക്ഷേ, അവർ എല്ലായ്പ്പോഴും വിശ്വസിച്ചു കൊണ്ടേയിരുന്നു. തനിക്കു ചുറ്റും കാഴ്ചകൾ മാറിമറിയുമ്പോൾ മങ്ങിയ കണ്ണിലൂടെ ഈ ലോകത്തെ അവന്റെ വായിലെ കാഴ്ചയായി അവർ സങ്കൽപ്പിച്ചു. അങ്ങു ദൂരെ അമ്പാടിയിൽ അവരൊരു യശോദയായി രൂപാന്തരപ്പെട്ടു.

അവൾ പിന്നെയും വിളിച്ചു കൊണ്ടേയിരുന്നു.

'എന്റെ കൃഷ്ണാ?"

നടക്കാൻ പോകുന്ന എന്തോ അവരുടെ ഉള്ളിൽ ചെറിയ മങ്ങൽ സൃഷ്ടിച്ചു. ദൂരെ നിന്നും യന്ത്രങ്ങളുടെ ഇരമ്പൽ ഒഴുകിയെത്തി. ദേശീയപാത വികസിപ്പിക്കുകയാണ്. യന്ത്രങ്ങളുടെ മുരൾച്ച ഇപ്പോഴും കേൾക്കാം. "അവർക്കെന്നും പണിയാണല്ലോ. നാളെ വിഷുവായിട്ടു കൂടി' അടുത്തടുത്തു വരുന്ന ആ ഇരമ്പം ശ്രദ്ധിക്കുന്തോറും എന്തിനോ അവരുടെ ഹൃദയം ആകുലപ്പെട്ടു.

രാവിലെ എഴുന്നേറ്റ് വിളക്കിലെ കരിതുടച്ച് തിരിയിട്ട് കത്തിച്ചു. അവന്റെ പുഞ്ചിരി അവരുടെ ഹൃദയത്തിന്റെ ആഴങ്ങളെ തഴുകി. വിളക്ക് അണയാതെ നിന്നു. മൂരി നിവർന്ന് അവർ യജമാനന്റെ വീട്ടിലേക്ക് പുറപ്പെട്ടു. വിളക്ക് അണയാതെ കത്തുന്നുണ്ടായിരുന്നു. അന്നവരുടെ മനസ്സിന് പതിവില്ലാത്ത ആശ്വാസം തോന്നി. എന്തെന്നാൽ, ഏറെ നാളുകൾക്ക് ശേഷമാണ് ഇങ്ങനെയൊരു കണിയൊരുക്കുന്നത്. മാത്രമല്ല, കുറച്ചു പണികൂടുതലുണ്ടായിരുന്നു. എങ്കിലും അവർക്ക് വയറു നിറയെ ആഹാരവും, കൊച്ചമ്മയുടെ വക തുണിയും ഉണ്ടായിരുന്നു.

തിമിരം ബാധിച്ച കണ്ണിലൂടെ അവരൊന്നുകൂടി നോക്കി. അവിടെ വീടുണ്ടായിരുന്നില്ല. കുറച്ചകലെ ഒരുപറ്റം ബംഗാളികളേയും വലിയ മഞ്ഞ നിറത്തിലുള്ള അസുരനെയും അവർക്ക് കാണാമായിരുന്നു. ആ അസുരൻ കണ്ണനെ തേടി ഓരോ കുടിലും നശിപ്പിക്കുകയാണ്.

എന്താണ് സംഭവിച്ചത് എന്നറിയില്ല. കരിപുരണ്ട വിഗ്രഹവും കൊച്ചമ്മ തന്ന വസ്ത്രവും വക്കുപൊട്ടിയ മൺകലവും അവൾ ചികഞ്ഞെടുത്തു. കാണാതെ പോയ കീറപ്പുതപ്പിനെ ചൊല്ലി മാത്രം അവരുടെ കണ്ണിൽ ഒരല്പം വെള്ളമൂറി. ആ ശരീരത്തിൽ വെള്ളമൊന്നും ബാക്കിയുണ്ടായിരുന്നില്ല.

വിഗ്രഹം മാറോടുചേർത്തുപിടിച്ച് അവരൊന്നു കൂടി ഉറക്കെ വിളിച്ചു.

'എന്റെ കൃഷ്ണാ...'

അതിരുകളില്ലാത്ത ആ വിളി നാലുപാടും അലയടിച്ചു. ഒന്നു തേങ്ങാൻ പോലുമാകാതെ അവർ നടന്നു നീങ്ങി. അവന്റെ മുഖത്ത് എന്നത്തെയും പോലെ ആഴത്തിലുള്ള പുഞ്ചിരി നിറഞ്ഞു നിന്നു. അടങ്ങാത്ത അലപോലെ, തോരാത്ത മഴ പോലെ, അവരുടെ കണ്ണുനീർ... അതിന്റെ ഉദ്ദേശ്യങ്ങൾ ആർക്കറിയാം ?

അവരൊന്നു കൂടി വിളിച്ചു.

'എന്റെ കൃഷ്ണാ...'

ഈ ശവക്കല്ലറ കുത്തിത്തുറക്കാൻ
നീ എന്നെ സഹായിക്കൂ...
ജീർണ്ണിച്ചിട്ടില്ലാത്ത എന്റെ ഓർമ്മകളെ
ഞാൻ പുറത്തേക്ക് വലിച്ചിട്ടോട്ടെ...

നഗ്നത വിറ്റ് ഉടുപ്പ് വാങ്ങിയവളെപ്പോലെ
ഞാൻ എന്റെ കണ്ണുനീർ വിറ്റ് സഹതാപം വാങ്ങി.

ഓർമ്മകൾ വലിച്ചു പുറത്തേക്കിടുന്ന കൂട്ടത്തിൽ
നിറം മങ്ങിയ ഒരു മിഠായിക്കടലാസു കിട്ടി
ഞാനും നീയും ഒരുമിച്ചു നുണഞ്ഞ
മധുരിക്കുന്ന പ്രണയത്തിന്റെ അവശിഷ്ടങ്ങൾ.

ഇന്നലെ നമ്മളൊരുമിച്ചു നനഞ്ഞ
മഴനൂലുകൾ കൂട്ടിക്കെട്ടി
ഞാനിന്നു രാവിലെ തൂങ്ങി മരിച്ചു.

എനിക്കെന്റെ കണ്ണുകൾ ദാനം ചെയ്യണം
പീടികത്തിണ്ണയിൽ പട്ടിണിമൂത്തു കിടക്കുന്ന
കണ്ണില്ലാപ്പെൺകുഞ്ഞിനല്ല,
ഓരോ രാത്രികളും അവളോടു ചെയ്ത ക്രൂരത കാണാൻ
കണ്ണില്ലാതെ പോയ ദൈവത്തിന്.

**അശ്വിത കൃഷ്ണ പി.**
രണ്ടാംവർഷ ബി.എ. മലയാളം



# ഇനിയും മാറാതെ

ഒരുപക്ഷേ 'ജോർജ് എലിയറ്റ്' എന്ന ഇംഗ്ലീഷ് നോവലിസ്റ്റിനെ പലർക്കും പരിചയമുണ്ടാകും. എന്നാൽ 'മേരി ആൻ ഇവാൻസ്' എന്ന പേര് അധികം ആരും കേൾക്കാനിടയില്ല. സ്ത്രീകൾ സാഹിത്യ രംഗത്തേക്ക് പ്രവേശിക്കുന്നത് തെറ്റാണെന്ന് കരുതിപ്പോന്ന ഒരു കാലഘട്ടത്തിൽ തന്റെ സാഹിത്യസൃഷ്ടികൾ ജനങ്ങളിലേക്കെത്തിക്കാൻ മേരി ആൻ ഇവാൻസ് സ്വീകരിച്ച എളുപ്പവഴിയാണ് 'ജോർജ് എലിയറ്റ്' എന്ന പുരുഷ തൂലികാനാമം. ഇത് രണ്ട് നൂറ്റാണ്ടോളം മുൻപുള്ള ബ്രിട്ടീഷ് സമൂഹത്തിന്റെ നേർക്കാഴ്ച. പിൽക്കാലത്ത് ഈ നിലപാടുകളിൽ ഒട്ടേറെ മാറ്റം വന്നു. പിന്നീട് ധാരാളം പെൺ എഴുത്തുകാർ എല്ലാ ഭാഷകളിലും കടന്നുവരികയുണ്ടായി. ഇന്നീ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ എത്തിനിൽക്കുമ്പോൾ നമ്മുടെ മാതൃഭാഷയായ മലയാളത്തിലെ, മുൻനിര എഴുത്തുകാരിൽ നല്ലൊരു പങ്കും സ്ത്രീകളുണ്ടെന്നതിൽ നമുക്കും അഭിമാനിക്കാം. വളരെ പതുക്കെയാണെങ്കിൽപോലും സ്ത്രീകളുടെ അവകാശങ്ങൾക്കും ലിംഗസമത്വത്തിനുമായി ഈ എഴുത്തുകാർ തങ്ങളുടെ രചനകളിലൂടെ നടത്തിയ പോരാട്ടങ്ങൾ എടുത്തുപറയേണ്ടതാണ്.

എന്നാൽ, കാലം മാറി എന്നും, ശാസ്ത്ര സാങ്കേതിക വിദ്യ ഏറെ പുരോഗമിച്ചു എന്നും നാമവകാശപ്പെടുന്ന ഇന്നത്തെ സാഹചര്യത്തിലും നമ്മുടെ ചുറ്റുപാടുകളിൽ അരങ്ങേറുന്ന ചില സംഭവങ്ങൾ തീർത്തും അപലപനീയമാണ്. ഈയിടെ പത്രമാധ്യമങ്ങൾ ഏറെ ചർച്ച ചെയ്ത ഒരു വിഷയമാണ് ഫാറൂഖ് കോളേജിലേത്. ആൺകുട്ടികളും പെൺകുട്ടികളും ഇടകലർന്നിരിക്കുന്നതിനെതിരെ 'ഫത്വാ' ഇറങ്ങിയത് സാമൂഹ്യ മാധ്യമങ്ങളിലും വൻ തരംഗമുണ്ടാക്കി. ആൺകുട്ടികളും പെൺകുട്ടികളും ഇടകലർന്നിരിക്കുന്നത്, സദാചാര സംഹിതകൾക്ക് വിരുദ്ധമാണെന്ന പ്രാകൃത നിലപാടിനോട് ചേർത്തുവെക്കാവുന്നതാണീ സംഭവമെങ്കിലും, അടിസ്ഥാനപരമായി പെൺകുട്ടികളുടെ നേട്ടങ്ങളെയും ഉന്നമനത്തെയും ഭയക്കുന്ന ഒരു വിഭാഗത്തിൽ നിന്ന് ഉരുത്തിരിഞ്ഞതാണീ നിലപാടെന്ന് മനസ്സിലാക്കാൻ വലിയ പ്രയാസമില്ല. കലാലയങ്ങളും, മറ്റു സാമൂഹ്യ സാംസ്കാരിക മേഖലകളും സ്ത്രീകളുടെ കുത്തകയായി മാറുമോ എന്ന ഭയം രൂപപ്പെട്ടിരിക്കുന്നു എന്നത്, ഈ സംഭവത്തോടുകൂടി സംശയലേശമന്യേ പറയാം. സമൂഹത്തെയൊന്നാകെ മുന്നോട്ടു നയിക്കാനും വളർത്താനുമുതകുന്ന രീതിയിലുള്ള ആധുനിക ചിന്തകളുടെ പ്രഭവ കേന്ദ്രമായ ഒരു കലാലയത്തിൽത്തന്നെ ഇത്തരമൊരു സംഭവം അരങ്ങേറിയെന്നത് നാമെത്രകണ്ട് അധപതിച്ചുപോയി എന്നുള്ളതിന്റെ തെളിവാണ്.

"വിദ്യകൊണ്ടറിയേണ്ടതെന്തെന്നറിയാതെ
വിദ്വാന്മാരായി നടക്കുന്നിതു ചിലർ
കുങ്കുമത്തിന്റെ വാസമറിയാതെ,
കുങ്കുമം ചുമക്കും പോലെ ഗർദ്ദഭം"

-എന്ന പൂന്താനത്തിന്റെ വരികൾ ഇവിടെ പ്രസക്തമാണ്. എത്രകണ്ട് വിദ്യാഭ്യാസം നേടിയാലും പ്രാകൃത നിലപാടുകളിൽ നിന്ന് മാറ്റി

ചിന്തിക്കുവാനുള്ള ധൈര്യം നാമിനിയും ആർജ്ജിച്ചിട്ടില്ല എന്നതു തന്നെയാണ് വാസ്തവം.

'സദാചാര'മെന്ന നാലക്ഷരത്തിനുള്ളിൽ സ്ത്രീകളുടെ സ്വാതന്ത്ര്യത്തെ തളച്ചിടാനുള്ള പുരുഷാധിപത്യ സമൂഹത്തിന്റെ ശക്തമായ ശ്രമങ്ങൾ ഇന്നും തുടർന്നുകൊണ്ടിരിക്കുകയാണ്. സമകാലീന ഇന്ത്യയിൽ സാംസ്ക്കാരിക നിയന്ത്രണങ്ങൾ ഏറ്റവും കർക്കശമാക്കുന്നത് സ്ത്രീ, കുടുംബം, ലൈംഗികത തുടങ്ങിയ വിഷയങ്ങളോടനുബന്ധമായാണ്. കിഴക്കിനേയും പടിഞ്ഞാറിനേയും വൈവിധ്യാത്മക ദ്വാദ്യങ്ങളാക്കി വിഭാവനം ചെയ്യുന്നൊരു സദാചാരബോധത്തിന് ഇന്ത്യയിൽ, പ്രത്യേകിച്ച് കേരളത്തിൽ നിലവിലുള്ള പ്രചാരം ലഘൂകരിച്ച് കാണാനാവില്ല. പത്രമാധ്യമങ്ങളിലും ടെലിവിഷനിലും കണ്ടുവരുന്ന പല പരിപാടികളും ഇതിനുദാഹരണമായി പറഞ്ഞുവെയ്ക്കാവുന്നവയാണ്. മതങ്ങൾ, നിയമം, ധർമ്മസ്ഥാപനങ്ങൾ എന്നിങ്ങനെ നിത്യജീവിതവുമായി നേരിട്ടിടപഴകുന്ന പല അധികാര കേന്ദ്രങ്ങളും ഈ രീതിയിലുള്ള സദാചാര നിയന്ത്രണങ്ങളെ പിന്താങ്ങുന്നു എന്നതും വ്യക്തമാണ്. ഇത്തരം ആശയങ്ങളെ, പ്രഘോഷിക്കുന്ന ടി.വി. സീരിയലുകൾക്കും മറ്റും കിട്ടുന്ന പ്രചാരം ഇവയെ അനുകൂലിക്കാൻ ഒരു വലിയ വിഭാഗം ഉണ്ടെന്നതിന്റെ തെളിവാണ്. ചുരുക്കം ചിലതിനെ ഒഴിച്ചുനിർത്തിയാൽ മലയാളത്തിലേതെന്ന പോലെ, മറ്റേത് ഇന്ത്യൻ ഭാഷയിലേയും ടെലിവിഷൻ പരിപാടികൾ സമൂഹത്തിന്റെ പുരുഷാധിപത്യ മനോഭാവം ഊട്ടിയുറപ്പിക്കാൻ പോന്നവയാണ്. നായകന്റെ നിഴലിൽ നിൽക്കുന്ന നായികാസങ്കല്പത്തിനാണ് ജനപ്രീതി എന്ന തന്ത്രത്തിലൂടെ ദുർബ്ബലയായ, കാര്യപ്രാപ്തിയില്ലാത്ത നായികയെ സൃഷ്ടിക്കുന്നതിലാണ് നിർമ്മാതാവും സംവിധായകനുമെല്ലാം മുൻതൂക്കം നൽകുന്നത്. സിനിമകളും ഇതിൽനിന്നേറെ വ്യത്യസ്തമല്ല. വിരലിലെണ്ണാവുന്ന സിനിമാ സംവിധായകരെങ്കിലും ഇതിൽ നിന്ന് മാറിചിന്തിക്കുക എന്ന 'സാഹസ'ത്തിന് മുതിർന്നിട്ടുണ്ടെന്നത് സ്വാഗതാർഹമാണ്.

ഇല സ്ത്രീയും, മുള്ള് പുരുഷനും എന്ന ഉപമയിലെ ഇലയുടെ നിസ്സഹായതയും മുള്ളിന്റെ ആധിപത്യവും ഒരു പരിധിവരെ അങ്ങനെ അല്ലെങ്കിൽ കൂടി അവളിലേക്ക് കടത്തിവിടുന്ന വികല സങ്കല്പങ്ങളാണ്. ഈ സങ്കല്പങ്ങളിൽ നിന്നാണ് ആദ്യ ചുവടുകൾ അവൾക്ക് പിഴച്ചുതുടങ്ങുന്നതും. നിനക്കു മുന്നിൽ കിടക്കുന്ന പാതകൾ, ഒരിക്കൽ വീണുപോയാൽ തിരിച്ചുകയറാൻ പോലും കഴിയാത്ത തെമ്മാടിക്കുഴികളാണെന്നാണല്ലോ, 'സമത്വം മാത്രം കാംക്ഷിക്കുന്ന സമൂഹം' അവളെ പറഞ്ഞുപഠിപ്പിക്കുന്നത്. എവിടെനിന്നിതിനൊരു മാറ്റം എന്ന് ചിന്തിക്കുമ്പോൾ 'ഒരുത്തനാൽ ആക്രമിക്കപ്പെട്ട മുറിവുമായി ഒരു പെൺകുട്ടി വന്നാൽ ഡെറ്റോൾ ഒഴിച്ച് കഴുകിയാൽ മതി'യെന്ന മാധവിക്കുട്ടിയുടെ വാക്കുകൾ എത്ര പ്രസക്തമാണ്. പെണ്ണിന്റെ പരിശുദ്ധി എന്നത് ആക്രമണത്താൽ തകരുന്ന ഒന്നല്ല എന്നത് സമൂഹത്തിനെന്നപോലെ അവളുടേയും മനസ്സിലേക്ക് ആദ്യം മുതലേ പകർത്തിയെഴുതാൻ തലമുറകൾക്ക് കഴിയാതെപോയതാണ് ഏറ്റവും വലിയ തെറ്റ്. സ്ത്രീശരീരത്തെ ഒരു ആറ്റംബോംബിനോടുപമിച്ച് അതിനെ പുതച്ചുമൂടിക്കൊണ്ട് നടക്കേണ്ട ഒന്നായിട്ടാണല്ലോ മതങ്ങളും, സമുദായങ്ങളുമെല്ലാം നമ്മെ പഠിപ്പിക്കുന്നത്. സ്ത്രീയുടെ വസ്ത്രധാരണമാണ് അവൾക്കുമേലുള്ള ആക്രമണത്തിന് കാരണമെന്നു വിശ്വസിക്കുന്ന പരിഷ്കൃത സമൂഹത്തിന് എം.എൻ കാരശ്ശേരിമാഷിന്റെ 'നായ നമ്മെ കടിക്കും എന്നുണ്ടെങ്കിൽ നാം കെട്ടിയിടാറുള്ളത് നായയെ ആണ്, അല്ലാതെ മനുഷ്യരെയല്ല. കണ്ടുപോയാൽ ആക്രമിക്കും എന്നുണ്ടെങ്കിൽ മൂടിവെക്കേണ്ടത് പുരുഷന്റെ കണ്ണുകളാണ്, സ്ത്രീയുടെ മുഖമല്ല' എന്ന മറുപടി അനുയോജ്യം.

സമൂഹം തനിക്കുചുറ്റും കെട്ടിയിരിക്കുന്ന ചങ്ങലക്കെട്ടുകൾ പൊട്ടിച്ചെറിയാൻ ശ്രമിക്കുന്ന ഒരുവൾ, ധിക്കാരിയും തന്റേടിയുമായി ചിത്രീകരിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ ഒരു സ്ത്രീയായി ജനിച്ചുപോയതാണോ താൻ ചെയ്ത കുറ്റം എന്ന് പലരും ചോദിച്ചുപോകുന്നു. നീ എന്തിന് ആണിനെപ്പോലെയാകാൻ ശ്രമിക്കുന്നു എന്ന ചോദ്യമാണ് സമൂഹത്തിലേക്കിറങ്ങിച്ചെല്ലുന്ന സ്ത്രീ നേരിടേണ്ടിവരുന്നത്. ആണിനെപ്പോലെയാവാനല്ല, മറിച്ച് ഒരു പുരുഷന് സമൂഹത്തിൽ ലഭിക്കുന്ന അതേ സ്ഥാനം നേടിയെടുക്കാനാണ് അവൾ ശ്രമിക്കുന്നതെന്നുള്ളതാണ് വാസ്തവം.

**-മെലിൻ ജോർജ്ജ്**

ഉച്ചയാവുമ്പോഴേക്കും
മധുരമുള്ള വെള്ളച്ചാട്ടമായി മാറുന്ന
കുട്ടപ്പേട്ടന്റെ കടയിലെ നാരങ്ങാവെള്ളത്തിന്,
ഒരു ഭൂതകാലത്തിന്റെ തണുപ്പും കുളിരും
എന്നുമുണ്ടായിരുന്നു...

ഹോട്ടൽ മാനേജ്മെന്റുകാരുടെ നവരുചികൾക്കായ്...
ഇന്നലെകളുടെ അവശേഷിപ്പുകളുമായാണ്
ആ കെട്ടിടം മണ്ണുപൊത്തിയത്.

ഒരു കാലഘട്ടത്തിന്റെ ആത്മാവിന്റെ
തുടിപ്പുകളെപ്പേറിക്കൊണ്ട്...



# കാശ്മീർ
# KASHMIR

ഇവിടെ ഇരുട്ടാണ്.
എല്ലാ വെളിച്ചത്തെയും
ഗ്രഹണം ചെയ്യുന്ന ഇരുട്ട്
ഇവിടെ ഋതുക്കളുടെ നിറം
എന്നും ചുവപ്പു മാത്രമാണ്
ഇവിടെ പിറന്നുവീഴുന്നവർ നഗ്നരാണ്
ആരും ഉണക്കാത്ത മുറിവുകൾ
വെടിയൊച്ചകൾക്കു മുകളിൽ
ഉയരുന്ന നിലവിളികൾ...
ബൂട്ടുകൾക്കു കീഴെ
എരിഞ്ഞമരുന്ന മഞ്ഞിൽ
ഭൂമിയിലെ സ്വർഗ്ഗത്തിന്റെ
മുഖവും എരിഞ്ഞമരുന്നു
ഇത് കാശ്മീർ!

**ആഷിൻ ആന്റണി**
Ist DC Economics





# മരവി

ഒന്നും വ്യക്തമായി കാണാൻ കഴിയുന്നില്ല. മങ്ങിയപ്രകാശം ചുറ്റിലും നിറഞ്ഞിരിക്കുന്നു. ശരീരം വിങ്ങുന്നുണ്ട്. പക്ഷെ സഹിക്കാവുന്ന വേദനയേ ഉള്ളൂ. എങ്ങനെയാണ് ഇതെല്ലാം സംഭവിച്ചത് ? ഓർത്തെടുക്കാൻ പ്രയാസം. തുണി കളുണക്കാൻ മച്ചിൽ കയറിയതാണ്. അവിടെനിന്നും താഴെ വീണതെങ്ങനെയാണ്? അറിയില്ല. ഒഴുകുന്ന രക്തം എന്നിൽ നിന്നാണെന്നു മനസ്സി ലാക്കിയപ്പോൾ മരണം എന്നിൽ പിടി മുറുക്കിയിരി ക്കുകയാണെന്നാണ് കരുതിയത്. പക്ഷെ, ഇപ്പോൾ മരണം എന്നിൽ നിന്നകന്നെന്നു തോന്നുന്നു.

ആരോ അകത്തേക്ക് വരുന്നുണ്ട്. ഡോക്ടറാണ്. മക്കളെ കാണാൻ കൊതി തോന്നുന്നു. ഡോക്ടറോടു പറയാമെന്ന് കരുതി ശബ്ദമുയർത്താൻ ശ്രമിച്ചു. പക്ഷെ കഴിയുന്നില്ല. ഞാൻ പതുക്കെ അടുത്തിരിക്കുന്ന ഇലക്ട്രോ കാർഡിയോ ഗ്രാമിലേക്കു നോക്കി. അവസാനമില്ലാതെ ഒരു നേർരേഖ അതിനുള്ളിൽ അർത്ഥമില്ലാതെ പറയുന്നു. എന്റെ കണ്ണുകൾ പോലും എന്നെ ചതിക്കുകയാണൊ? ഞാൻ മരിച്ചോ അതൊ ജീവിക്കുന്നൊ? അൽപസമയം സ്വസ്ഥമായാലോചിച്ചു. എനിക്കാശ്വാസമേകാൻ എന്റെ ഹൃദയം തുടിച്ചുകൊണ്ടിരുന്നു. ഇല്ല, ഞാൻ മരിച്ചിട്ടില്ല. മിടിക്കുന്ന ഹൃദയം ജീവന്റെ ലക്ഷണമാണ്.

ഡോക്ടർ ഇപ്പോഴും അടുത്തുതന്നെയുണ്ട്. പുറത്തുനിന്നും പിന്നെയും ആരൊക്കെയോ വരുന്നു. അതെന്റെ മക്കളാണ്. എല്ലാവരുമുണ്ട്. ഇവരെ ഒന്നിച്ച് കാണാൻ കഴിയുന്നത് വിരളമാണ്. കരഞ്ഞു തളർന്നിരിക്കുന്നു അവരുടെ മുഖങ്ങൾ. ആകാംക്ഷ നിറഞ്ഞ കണ്ണുകളോടെയാണ് പേരക്കുട്ടികൾ ചുറ്റും നോക്കുന്നത്. അവരുടെ മുഖങ്ങൾ എനിക്കാശ്വാസമേകി.

ഡോക്ടർ എന്തൊക്കെയോ അവരോട് സംസാരിക്കുന്നു. വ്യക്തമായി കേൾക്കുന്നില്ല. ചില വാക്കുകളെ മാത്രം ചെവിയൊപ്പിയെടുത്തു. 'ബ്രെയിൻ ഡെത്ത്', കോമ സ്റ്റേജ്'...... ഞാൻ കേട്ടിട്ടുണ്ട് ഈ വാക്കുകൾ. ഇവയെന്താണെന്നും എനിക്കറിയാം. പക്ഷേ ഇവിടെ ഈ വാക്കുകൾക്കെന്തു പ്രസക്തി? കോമ സ്റ്റേജിലുള്ള രോഗിയുടെ ബോധതലം ശൂന്യമാണ്. അവർക്ക് സെൽഫ് കോൺഷ്യസ്നെസ്സില്ല. പണ്ടെപ്പോഴൊ വായിച്ചറിഞ്ഞതാണിവ.

എന്റെ കാര്യത്തിൽ ഇവയൊന്നും ശരിയല്ല. ഞാൻ ചിന്തിക്കുന്നു. വേദനയറിയുന്നു. സന്തോഷിക്കുന്നു. എല്ലാ വികാരങ്ങളും പഴയതുപോലെ തന്നെ. ഡോക്ടർക്ക് തെറ്റ് പറ്റിയെന്ന് വിശ്വസിക്കാനാണിഷ്ടം. പക്ഷേ അങ്ങനെയല്ല. ഇ.സി.ജി റീഡിംങ്ങ് പിന്നെയും ഓർമ്മയിൽ വന്നു. പൊട്ടി കരയണമെന്നുണ്ടായിരുന്നു. കരഞ്ഞുമനസ്സു നിറയെ. കണ്ണീരില്ലാത്ത കരച്ചിൽ. അതെനിക്ക് പുതിയൊരനുഭവമാണ്.

ഡോക്ടർ പിന്നെയും എന്തൊക്കെയോ സംസാരിക്കുന്നു. പേരക്കുട്ടികൾ പുറത്തു പോയി. മക്കളും മരുമക്കളും മാത്രമേ ഇപ്പോൾ മുൻപിലുള്ളൂ. ഡോക്ടർ പിന്നെയും പല വാക്കുകളും എന്റെ അവസ്ഥയെ വിവരിക്കാൻ ഉപയോഗിച്ചു. എല്ലാം തന്നെ ആദ്യമായി കേൾക്കുന്നു. അതിനാൽ ഒറ്റ വാക്കും മനസ്സിൽ തങ്ങി നിൽക്കുന്നില്ല. അവരെല്ലാം മുറിക്കുപുറത്തുപോയി. കുറച്ചുസമയം കൂടി അവരെ കാണണമെന്നുണ്ടായിരുന്നു.

സമയം പിന്നെയും കടന്നുപോയി. അവർ തിരിച്ചു വന്നു. ഡോക്ടർ പിന്നാലെയാണ് വന്നത്. ഇപ്പോൾ അവർ നടത്തുന്ന സംഭാഷണം എനിക്ക് വ്യക്തമായിരുന്നു. അവരെന്നെ കൊല്ലാൻ പോകവുകയാണ്. തിരശ്ശീലയ്ക്കു പിന്നിൽ അവരും, ആയുധമേന്തി ഡോക്ടർ വേദിയിലും. അവരുടെ മുഖത്ത് കുറ്റബോധം നിഴലിച്ചിരുന്നു. പക്ഷെ, മറ്റെന്തൊക്കെയോ ആ നിഴലിനെ മറച്ച് ഉയർന്നുനിന്നു. അവരെന്റെ അടുത്തേക്ക് വരുന്നുണ്ട്. എന്തിനാണ്? വർഷങ്ങൾക്കുശേഷമാണ് അവരെ ഒരുമിച്ച് കാണുന്നത്. മൂത്തവൻ മുതൽ ഇളയവൾ വരെ നെറ്റിയിൽ ചുംബിച്ചു. ഇവരെ ഓരോരുത്തരെയും താരാട്ടുപാടി തോളിലേറ്റിയതും ഉമ്മ വച്ചിരുന്നതും ഞാൻ ഓർത്തു. അന്നവരുടെ നിഷ്കളങ്കമായ ചിരിയിലും ഉമ്മയിലുമെല്ലാം മാധുര്യമായിരുന്നു. പക്ഷെ ഇന്ന്...എല്ലാം മാറിയിരിക്കുന്നു. മനസ്സ് വിങ്ങുകയാണ്. പക്ഷെ അവിടെയും ചെറിയൊരു സന്തോഷം എന്റെ മരണത്തിനു വേണ്ടിയാണെങ്കിലും അവരൊന്നിച്ചു. എതിരഭിപ്രായങ്ങളില്ലാതെ ഒരു തീരുമാനമെടുത്തു.

ആരെയൊക്കെയോ കാണിക്കാൻ അവർ കരയുന്നു. പിന്നെയും എന്തൊക്കെയോ ചെയ്യുന്നു. പതുക്കെ അവർ പുറത്തേക്കിറങ്ങി. കണ്ണിൽ നിന്നു മറയുന്നതുവരെ ഞാൻ അവരെ നോക്കികിടന്നു. എല്ലാമവസാനിക്കുന്നതോടൊപ്പം എന്റെ ചിന്തകളും നിലയ്ക്കുകയാണ്. എന്തെന്നില്ലാത്ത ഭയം എന്നെ പിടികൂടാൻ ശ്രമിക്കുന്നതിനിടയിലും ഞാനൊരു വാക്ക് തിരയുകയായിരുന്നു. എപ്പോഴൊ ആ വാക്ക് ഞാൻ വായിച്ചിട്ടുണ്ട്. പക്ഷെ ഓർത്തെടുക്കാൻ കഴിയുന്നില്ല. എന്റെ ഓർമ്മതാളുകളിൽ ഞാനവസാനമായി ചികഞ്ഞ വാക്ക്.

എന്റെ മക്കളെ ന്യായീകരിക്കാൻ...എന്റെ മനഃസാക്ഷിക്കുമുന്നിൽ അവരെ നിരപരാധികളാക്കാൻ ആ വാക്ക് എനിക്കാവശ്യമായിരുന്നു. ഓർത്തെടുക്കാൻ കഴിയുന്നില്ല. പലതും മറന്ന കൂട്ടത്തിൽ ആ വാക്കും ഞാൻ മറന്നിരിക്കുന്നു. മറവി ഇന്ന് പലരുടേയും ഉറ്റ സുഹൃത്താണ് ഇനി എന്റെയും. എല്ലാം എല്ലാവരും മറന്നിരിക്കുന്നു.

**ജാസ്മിൻ ജോണി**
(2-ാം വർഷം ഫിസിക്സ്)

# ആത്മഹത്യ



പൂമരമായിരുന്നോ ഫലവൃക്ഷ-
മായിരുന്നോന്നറിയില്ലയെനിക്കെ-
ങ്കിലും കണ്ടുപിടിക്കണമാ ഘോര-
വനത്തിൽ നിന്നാമരത്തെയുമതി-
ലെന്റെ പ്രണയം തളിരിട്ട ചില്ലയെയും...

ആ ചില്ലയിലൊരു മുഴം കയറിൽ
തൂങ്ങിയാടണമെനിക്ക്...

പൂമരകൊമ്പാണേലതിൽ സുഗന്ധം
ശ്വസിച്ചുകൊണ്ട് പിടഞ്ഞ് തീരണം
തൂങ്ങിയാടുമെനിക്കു ചുറ്റും
പൂമ്പാറ്റകൾ പാറി പറക്കേണം
ഭൂമിയിലവരെന്റെ പ്രണയ-
പ്രവാചകരായ് പാറേണം...

ഫലവൃക്ഷമാണേലതിൽ കായ്കൾ
കഴിക്കുമൊരാ പറവകളെന്നെയും
കൊത്തി തിന്നുകൊള്ളട്ടെ അവ-
രെന്റെ പ്രണയവും എടുത്തു കൊള്ളട്ടെ
അവർ പ്രണയ പ്രവാചകരായ്
പറന്നുകൊള്ളട്ടെ, ഭൂമിയിൽ
പ്രണയത്തിൻ വിത്തുകൾ മുളപ്പിക്കട്ടെ...

കണ്ടുപിടിക്കണം ഘോര വന-
ത്തിൽ നിന്നാമരത്തെയുമതി-
ലെന്റെ പ്രണയം തളിരിട്ട ചില്ലയെയും...

ഒരുമുഴം കയറിലാച്ചില്ലയിൽ തൂങ്ങി
യാടുമ്പോഴും നശ്വരമെൻ ശരീരത്തി-
ലനശ്വരമെൻ പ്രണയമെന്ന്-
വിളിച്ചോതണമെനിക്ക്...
അനശ്വരമീ പ്രണയമെന്നോതണം...!


പ്രിൻസ്
2-ാം വർഷം ജിയോളജി

# മമ്മി (ശവം)

പുംബീജത്തെ സ്വന്തം
ഗർഭപാത്രത്തിൽ
ആവാഹിച്ച് 9 മാസവും
9 ദിവസവും കൂടെ
കൊണ്ട് നടന്ന്
പൊക്കിൾകൊടി അറുത്ത്
വേർപ്പെടുത്തി
നെഞ്ചിലെ ചോരപകർന്ന്
വളർത്തി
കാക്കേ പൂച്ചേം കാട്ടി
മാമൂട്ടി
നാവിൽ തേനും വയമ്പും
തേച്ച് 'വാക്ക്' തന്ന്
ആദ്യാക്ഷരം കുറിച്ച്
'അറിവ്' തന്ന്
സ്നേഹവും വാത്സല്യവും
ക്ഷമയും ദയയും
കരുണയും തന്ന്
മാംസ പിണ്ഡത്തെ
മനുഷ്യനാക്കിയ
ദൈവത്തെ 'അമ്മ' എന്നു വിളിച്ചു
കാലം ഇന്നതിനെ 'മമ്മി' എന്നും

**ജിബിഷ**
2-ാം വർഷം ബികോം






"വരൂ..."

എന്നെ വന്നുവിളിച്ച പോലീസുകാരന്റെ ശബ്ദത്തിന് നേരിയ ഒരു സൗമ്യത. നിശബ്ദത തളംകെട്ടി നിൽക്കുന്ന വരാന്തയിലൂടെ അയാളുടെ പിന്നാലെ ഞാൻ നടന്നു. ഏതോ ഒരു കാന്തിക ശക്തി എന്റെ കാൽ പിടിച്ചുവലിക്കുന്നുണ്ടായിരുന്നു. തറയിൽനിന്നും ഇരച്ചുകയറുന്ന ഒരുതരം തണുപ്പ് എന്നെ നിശ്ചലനാക്കുന്നത് ഞാൻ തിരിച്ചറിഞ്ഞു. ഏത് വിപ്ലവകാരിയേയും മരവിപ്പിക്കുന്ന യാഥാർത്ഥ്യമാണ് മരണം എന്ന് വിശ്വസിക്കുവാൻ എനിക്കിപ്പോഴും താല്പര്യമില്ല. ചിന്തകളും സ്വപ്നങ്ങളും ഇല്ലാതെ ഒരുവനെ തടവിലിട്ടാൽ ഭയം എന്തെന്ന് അവൻ അറിയുമായിരിക്കാം എന്ന് മാത്രം ഞാൻ ചിന്തിക്കുന്നു. എന്നാൽ പുതിയതായി ഞാൻ അറിഞ്ഞ ഈ വികാരത്തോടും, ഇന്നത്തോടെ ഞാൻ വിടപറയുന്നു.

ചില സിനിമകളിലേ പോലെ ട്വിസ്റ്റുകൾ ഒന്നും സംഭവിച്ചില്ലെങ്കിൽ ഇന്നെന്റെ ജീവിതത്തിലെ അവസാന ദിവസമാണ്. എനിക്ക് കോടതി അനുവദിച്ചിരിക്കുന്ന ആയുസ്സ് അവസാനിക്കുന്നു. നിയമം നടപ്പിലാക്കപ്പെടുന്നു. ഒരു പാവം പെൺകുട്ടിയുടേയും അവളെ സ്നേഹിച്ചവരുടേയും സ്വപ്നങ്ങളെ വലിച്ചുകീറിയ കാമകാപാലികന്മാർ രാഷ്ട്രീയം എന്ന കുട്ടുകച്ചവടം ഉപയോഗിച്ച് കോടതിയിൽ നിന്നും പുഞ്ചിരിച്ചുകൊണ്ട് പുറത്തിറങ്ങിയപ്പോൾ നാട്ടുകാരുടെ നടുവിലിട്ട് അവരെ നിഷ്ക്കരുണം വെട്ടിനുറുക്കിയത് മാപ്പർഹിക്കാത്ത തെറ്റാണെന്ന് എനിക്കിപ്പോഴും തോന്നാത്തതാണ് ഞാൻ ചെയ്ത തെറ്റ്. ചെയ്തത് നീതിയാണെന്ന് മനഃസാക്ഷി പറയുന്നിടത്തോളം കാലം എനിക്ക് കുറ്റബോധമില്ല.

ഇരുണ്ട ഒരു ഭൂമിയിലേക്കാണ് അവരെന്നെ കൂട്ടിക്കൊണ്ടുപോയത്. അരണ്ട വെളിച്ചത്തിൽ ആ വലിയ ഹാൾ ഞാൻ വീക്ഷിച്ചു.

"അവസാനമായെന്തെങ്കിലും???"

ആ ചോദ്യം ഞാൻ പ്രതീക്ഷിച്ചതാണ്. അതുകൊണ്ട് തന്നെ വളരെ പെട്ടെന്ന് ഉത്തരം വന്നു.

"ഒരു കണ്ണാടി വേണം"

312-ാം നമ്പറുകാരൻ എന്ന മേൽവിലാസത്തിൽ നിന്നും എന്റെ സ്വന്തം പേരിലേക്കുള്ള മോചനം അൽപ്പ നിമിഷങ്ങൾക്കകം!!

"ഇതാ"

മനോഹരമായ ഒരു വാൽക്കണ്ണാടി കൈയ്യിൽ വച്ചുതന്നുകൊണ്ട് അയാൾ പറഞ്ഞു.

കിട്ടിയ മാത്രയിൽ അത് അയാൾക്കു നേരെ ഞാൻ തിരിച്ചു "നിങ്ങൾ നോക്കൂ"

ഒന്നും മനസ്സിലാകാത്തതുപോലെ അവർ തുറിച്ചുനോക്കി... അവസാനമായി ഞാൻ പുഞ്ചിരിച്ചു.

ഒരു കറുത്ത തുണികൊണ്ട് അവരെന്റെ മുഖം മൂടി !!!

# കണ്ണീർപ്പാടം

കണ്ണീരിനാൽ നിരന്തരം
നനവേകുന്നതിനാൽ...,
എന്റെ കണ്ണീർപ്പാടത്തെ
വിത്തുകളെല്ലാം കിളിർത്തിരുന്നു....

ഇനിയും വിളവെടുക്കാനാവാ-
ത്തതിനാലാവാം അവയെല്ലാം
കാടായി പരിണമിച്ചത്...!

എന്നാലിന്നൊരു കാട്ടുതീയേറ്റ-
പോലാക്കാടു കരിഞ്ഞതെൻ
കണ്ണിലെരിയുന്ന കനലിനാലാവാം...
ഒരിക്കലുമണയാത്ത കനലിനാലാവാം...

കനലെരിയുമെൻ കണ്ണുകളിൽ
കണ്ണീരിനിനിയെന്തു സ്ഥാനം...!

**അമൽ മനോഹരൻ**
2-ാം വർഷം ജിയോളജി

ഇവിടെ എന്തൊരു സമത്വമാണ്...
എല്ലായിടത്തും സമത്വം.
ഒരു ഹിന്ദുവിനെ വെട്ടിയാൽ ഒരു മുസ്ലീം....
ഒരു പാർട്ടിയിലൊന്ന് മറ്റൊന്നിലൊന്ന്.
ഇതാണ് ഭരണഘടന അനുശാസിക്കുന്ന സമത്വം....
എന്തൊരു സമത്വം.



# The Cage




This is the story of birds
Some free, most jailed,
Some in glee, most so frail,
Some who care, most who don't
Some who follow, most who won't.

They live in a large cage,
That mausoleum so green and orange,
So protected they live within grills and bars
Silence prevails at prescribed hours.

One enters only after clipping wings,
Forget your prized possessions and precious things,
Rules, regulations, mandatory gatherings,
Subject to change at someone's mood swings.

Wear your colourful feathers and frills
Now cover them in barks and leaves,
Lest you fall prey to them with cheap thrills
Them bad-birds who leer at your cleaves.

Oh! and never share your nest,
With a companion birdie.
That's a sacrilege, it is no jest
It is a sin, bad and dirty.

Yet the birds lived;
Some in peace, most in sin,
Some quietly, most creating a din,
Some in riches, most without means,
None as slaves, all as Queens!

**JEETHU JAYARAJ**
IInd DC Functional English

# കുന്നിമണികൾ...

ഏകാന്തതയോടുള്ള ഭയം
അതാണെന്നെ(ന്റെ)
മുഖപ്പുസ്തകത്തിൽ
ത(I)ളയ്ക്കുന്നത്...

ഒരു കടംകൂടി ബാക്കിയുണ്ട്...
അയൽപക്കത്തുനിന്ന്
അമ്മ കടംവാങ്ങിയ
നാഴിയരിയുടെ...
അതാദ്യം തീരട്ടെ,
പിന്നെയാകാം
മഷിത്തണ്ടിന്റെയും മഞ്ചാടിയുടെയും...

മഴയുടെ മരണത്തെയാണ്
നാം പ്രണയിച്ചത്
മഴയുടെ ജനനത്തെക്കുറിച്ചോ
ബാല്യത്തെയോ കൗമാരത്തെയോ
യൗവനത്തെയോ
നമ്മളറിഞ്ഞിട്ടില്ല.

മിണ്ടലുകളിൽനിന്ന്
ചിതറിപ്പോയ
വാക്കുകൾ
പെറുക്കിക്കൂട്ടി
അനാഥനായ ഒരു കവി
കവിതയെഴുതുന്നു.
തിരസ്കരണത്തിനു കാത്തുനിൽക്കാതെ
അവസാനപുറത്തിൽ
വാക്കുകൾ
ആത്മഹത്യചെയ്യുന്നു...

തെക്കേലെ മൂവാണ്ടൻമാവിൽ
ഉന്നംവെച്ച തെറ്റാലിക്ക്
ദിശതെറ്റി
നിന്റെ നെറ്റിയിലെ
കരിഞ്ഞപാടായി മാറിയത്
ഓർത്താണ്
ന്യൂട്ടന്റെ നിയമം പഠിച്ചത്.

**മഹേഷ് എ.എം.**
ഒന്നാം വർഷ മലയാളം





**SOMETIMES IT'S BETTER TO BUNK A CLASS & ENJOY WITH FRIENDS, COZ TODAY WHEN I LOOK BACK, MARKS NEVER MAKE ME LAUGH MEMORIES DO.**

**ABDUL KALAM**



സഹജാതർ തൻമൊഴി
സംഗീതമായ് തോന്നും നാൾവരും
ആശിക്കുക...

അശാന്തിപർവ്വം
ഒ.എൻ.വി. കുറുപ്പ്

അവർ അപരാധികളായിരുന്നു...
ചോദ്യങ്ങൾ ചോദിച്ചിരുന്നു...
ഉത്തരങ്ങൾക്കായി സമരങ്ങൾ ചെയ്തിരുന്നു...
വഴിയിൽ കൊഴിഞ്ഞുപോയവർ...
ഇന്നലെകളിൽ വീണു പോയവർ.



# രക്തസാക്ഷി

# ദളിതൻ

ഞാൻ ഹിന്ദുവാണ്
നീയോ
നീ ദളിതനാണ്,
ആദിവാസിയാണു
നിന്റെ മതം ദളിതൻ ജാതി
ദളിതൻ
നിനക്കെവിടേയും പ്രവേശനമില്ല
പുറമ്പോക്കിലാണ് നിന്റെ സ്ഥാനം
വിദ്യ എനിക്കുള്ളതാണ്
പാഠശാലകൾ നിനക്കു നിഷിദ്ധമാണു
നീ പണിയെടുത്ത് കൈകൾ
പൊട്ടി ചോരയൊലിക്കട്ടെ
എല്ലുകൾ ഒടിഞ്ഞു നുറുങ്ങട്ടെ
ചോര ചിതറിക്കുന്ന വെടിയുണ്ടകളും
മരണം ചുവക്കുന്ന വാൾത്തലകളും
കൂലിയായ് തരാം
നിന്റെ പിഞ്ചു കുട്ടികളെ ചുട്ടുകൊല്ലാം
അവരെ നഗ്നരാക്കി കെട്ടിത്തൂക്കും
ഇതെല്ലാം ഒരു മാറ്റത്തിനു വേണ്ടിയാണ്
ഗാന്ധിക്കു പകരം ഗോഡ്സെയും
അമ്മക്കു പകരം മാതാവും
ഇന്ത്യക്കു പകരം ഹിന്ദുസ്ഥാനും
കൊണ്ടുവരുന്ന മാറ്റം
ഞാനെടുത്ത മഷിക്കുപ്പിയിലെ മഷിക്കെന്തേ
രക്തം മണക്കുന്നു.
ചലിക്കുന്ന തൂലിക തുണ്ടുകളിലെ പുളയുന്ന
നിലവിളികളെ എനിക്ക് കാണാം.
ഒരു വരിയെഴുതാൻ ഉള്ളം കൊതിക്കുന്നു
ആ വരിവെട്ടിയകറ്റാൻ
പുറകിലെ നിഴൽക്കൂട്ടം ഓരിയിടുന്നു.
ആരാണവർ, മുൻപെങ്ങും കണ്ടിട്ടിലാത്തവർ
കാവിയുടുത്തുടുപ്പിൽ രക്തക്കറപൂകി
താണ്ഡവമാടിയവർ
എന്റെ പുറകെ ഓടിയടുക്കുന്നു.
രാത്രിയുടെ ഇരുട്ടിൽ കിതകിതച്ചു ഞാനോടുന്നു
മുൻപിൽകണ്ട മുനയൊടിഞ്ഞ
തൂലികയുടമയെ തേടി, അതു
അവന്റെയാണ് പെരുമാൾ മുരുഗന്റെ
അവനെയോർത്ത് വിലപിക്കാൻ നേരമില്ല.
വാളുകൾ ആഞ്ഞെന്റെ പുറത്തു ചോര വരയുന്നു
നിലത്തു പറ്റിപിടിച്ചു കിടക്കുന്ന പൻസാരെതൻ
രക്തക്കറക്കു മുകളിൽ ഞാനിടറി വീണു
അവരിതാ ഇടുക്കുന്നു.....
ഈ വഴിക്കിതാന്ത്യം
എവിടേക്ക് ഞാനോടിയകലും.....
പിടയുന്ന കൽബുർഗി തൻ ദേഹത്തിനരികിലിതാ ഞാനും
കാവിയകറ്റി മഴവിൽ വർണ്ണം പൂശി
തൂലികകൾ കൊണ്ടൊരു കോട്ടമതിൽ
ഞാൻ പണിയും

നിജു വാസു
3rd BCom. Aided



# FINE

Fine,
Alright, I promised to wear my chain.

Fine,
I swear to be on time everytime.

Fine,
I promise never to break the silence.

Fine,
I give an oath that I'll obey.

Fine,
I shall never talk to him.

Fine,
I shall never keep with me what is mine.

Fine,
I wont speak my mind and voice my thoughts.

Fine,
I hereby pledge to follow the many-many rules
because

Fine,
My life is not mine.

**JEETHU JAYARAJ**
IInd DC Functional English




എന്റെ കാമുകൻ എന്നോട് ചോദിച്ചു
‘നീ കന്യകയാണോ’
ഒരു ചുംബനംകൊണ്ടെന്റെ കന്യകാത്വം
നഷ്ടപ്പെടുമെങ്കിൽ പ്രിയനേ,
നിനക്കു മുൻപ് മറ്റൊരുവനത് കവർന്നിരിക്കുന്നു.



**ജാതിയേതാ?**
**ഇതിനെക്കുറിച്ചറിയാമെങ്കിൽ**
**തുടർന്നു വായിച്ചോളൂ.**

**ഇല്ലായെങ്കിൽ ക്ഷമിക്കണം;**
**ഇത് നിങ്ങൾക്കുള്ളതല്ല.**

# ദലിത് വാദം

2016 ജനുവരി 17ന് ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിലെ ഹോസ്റ്റൽ മുറിയിൽ ഗവേഷകവിദ്യാർത്ഥിയായ രോഹിത് വെമുല ആത്മഹത്യ ചെയ്തത് എന്തിന്? ഇരുപത്തിയേഴു കാരനായ മാല വിഭാഗത്തിൽപ്പെടുന്ന വെമുല രോഹിത് ചക്രബർത്തി എന്ന ആന്ധ്രപ്രദേശ് ഗുണ്ടൂർ സ്വദേശി ഇന്ത്യയിലെ ക്ഷുഭിത ദലിത് യൗവ്വനത്തിന്റെ നേർചിത്രമാകുന്നു. കാൾ സാഗനെപ്പോലെ ശാസ്ത്ര എഴുത്തുകാരനാവാൻ കൊതിച്ച രോഹിത് അവസാനമായി എഴുതിയത് തന്റെ ആത്മഹത്യക്കുറിപ്പാണ്. പ്ലാന്റ് സയൻസിൽ CSIR ഫെലോഷിപ്പും സയൻസ് ആന്റ് ടെക്നോളജിയിൽ JRF ഉം ലഭിച്ച സമർത്ഥനായ വിദ്യാർത്ഥി എന്തിന് ആത്മഹത്യ ചെയ്തു ?

രോഹിതിന്റെ ആത്മഹത്യയിലേക്ക് നയിച്ച സംഭവങ്ങൾക്ക് തുടക്കം കുറിച്ചത്, കഴിഞ്ഞ ആഗസ്റ്റിൽ അംബേദ്കർ സ്റ്റുഡന്റ് അസോസിയേഷന്റെ ബാനറിൽ സംഘടിപ്പിച്ച റാലിയും അതോടൊപ്പം നടന്ന 'മുസാഫിർ നഗർ അഭിബാക്കിഹൈ' എന്ന ഡോക്കുമെന്ററിയുടെ പ്രദർശനവുമാണ്. ഇന്ത്യയിലെ പല യൂണിവേഴ്സിറ്റികളിലും ഈ ഡോക്യുമെന്ററിയുടെ പ്രദർശനം ഹിന്ദു ഫാസിസ്റ്റ് ശക്തികൾ അലങ്കോലപ്പെടുത്തിയിരുന്നു. എന്നാലിവിടെ അത് കാര്യമായി വിജയിച്ചു. ഇതിനെത്തുടർന്ന് എബിവിപി പ്രവർത്തകനായ സുശീർകുമാർ എന്ന വിദ്യാർത്ഥി ഫെയ്സ് ബുക്കിൽ 'എഎസ്എ' തെമ്മാടികൾ ഗുണ്ടായിസത്തെപ്പറ്റി സംസാരിക്കുന്നു എന്നു പരിഹാസിച്ചുകൊണ്ട് പോസ്റ്റിട്ടു. യൂണിവേഴ്സിറ്റി സെക്യൂരിറ്റി ഓഫീസറുടെ സാന്നിദ്ധ്യത്തിൽ രോഹിത് അടക്കമുള്ള എ.എസ്.എ. പ്രവർത്തകർ വിശദീകരണം ആവശ്യപ്പെട്ടു. എന്നാൽ പിന്നീട് ഉന്നയിക്കപ്പെട്ട വാദം ഹൈദരാബാദ് യൂണിവേഴ്സിറ്റി ഈയടുത്ത കാലം മുതൽ ജാതിരാഷ്ട്രീയം തീവ്രവാദം, ദേശവിരുദ്ധപ്രവർത്തനങ്ങൾ എന്നിവയുടെ കേന്ദ്രമായി മാറിയിരിക്കുന്നു എന്നാണ്. ഈ വാദമുന്നയിച്ച് രോഹിത്തടക്കം 5 വിദ്യാർത്ഥികളെ ഹോസ്റ്റലിൽനിന്ന് പുറത്താക്കി. എന്റെ ജന്മം തന്നെയാണ് എനിക്കുണ്ടായ ഏറ്റവും വലിയ ദുരന്തം എന്ന രോഹിത്തിന്റെ വാക്കുകൾ ഒരു സിസ്റ്റത്തോട് പൊരുതി തളർന്നവന്റേതാണ്.

ഒരു ദശകത്തിനിടയിൽ ഇത്തരത്തിൽ ജീവിതാന്ത്യം തിരഞ്ഞെടുക്കേണ്ടിവന്ന ഒൻപതാമത്തെ ദലിത് വിദ്യാർത്ഥിയാണ് രോഹിത്. അംബേദ്കർ ചിന്തയും ബ്രാഹ്മണ്യചിന്തയും തമ്മിലുള്ള സംഘർഷങ്ങളാണ് H.H.Uവിൽ കണ്ടത്. ഇന്ത്യൻ ഹിന്ദുത്വ ജീർണതയുടെ നഗ്നരൂപമാണ് ജാതീയത. ഹിന്ദുത്വത്തിന്റെ ആത്മാവ് തന്നെ അസമത്വമാണെന്ന് ഒരു ഭാരതീയ ഹിന്ദു പറയണമെങ്കിൽ തന്റെ സമുദായം എത്രത്തോളം ആ വിദ്യാർത്ഥി ഹൃദയത്തെ മുറിവേൽപ്പിച്ചിരിക്കും. സൗജന്യ ഭക്ഷണം കഴിക്കുന്നവർ, മെറിറ്റില്ലല്ലാത്തവർ, ആനുകൂല്യം പറ്റുന്നവർ, ഹിംസവാസനയുള്ളവർ, വൃത്തിയില്ലാത്തവർ, സവർണ്ണ ഭാഷയായ സംസ്കൃതം അറിയാത്തവർ തുടങ്ങി ഒട്ടനേകം കമന്റുകളിലൂടെയാണ് നാം ദളിതരെ കടത്തിവിടുന്നത്. പതീധർമ്മത്തേക്കാൾ രാജ്യധർമ്മം നിറവേറ്റിയവരെ ആരാധിക്കുന്ന രാജ്യം, ഗുരുദക്ഷിണയായി പെരുവിരൽ ആവശ്യപ്പെട്ടവരുടെ വംശാവലിയിലെ അവസാനത്തെ കണ്ണി.

ഒരു ക്യാമ്പസ്സിന്റെ നാലതിരിൽ തീരേണ്ടുന്ന പ്രശ്നത്തെ ഹിന്ദുത്വം അവർക്കുനേരെയുള്ള രാജ്യദ്രോഹപരമായ വെല്ലുവിളിയായ് കണ്ടത് എന്തുകൊണ്ട്?. കർണ്ണാടകത്തിൽ ഹുംഗീ പ്രസാദിന്റെ കൈമുറിച്ചത് എന്തുകൊണ്ട്. കൽബുർഗിയെ വെടിവെച്ചുകൊന്നത് എന്തിനാണ്. ഇന്ത്യ കാണാനിരിക്കുന്ന ബ്രാഹ്മണ്യ ഫാസിസത്തിന്റെ ചില രൂപങ്ങൾ മാത്രമാണിത്. സെൻസിറ്റീവായ ദളിത് വിദ്യാർത്ഥികളെ യൂണിവേഴ്സിറ്റിയുടെ സവർണ വ്യവസ്ഥിതി എങ്ങനെ ഇല്ലായ്മ ചെയ്യുന്നു എന്നതിന്റെ ഉദാഹരമാണ് രോഹിത്. അപ്പോൾ ഇവിടെ ആത്മഹത്യ ഏതു ചോദ്യത്തിന്റെ ഉത്തരമാണ്.

**മനീഷ**
ഒന്നാം വർഷ മലയാളം



നീ ഒരിയ്ക്കൽകൂടി ആ പാട്ട് മൂളണം
ഡൽഹിയുടെ രാത്രിത്തിരക്കിൽ
എന്റെ മുഖം നെഞ്ചോടുചേർത്ത്
മൂളിയ ചുകന്ന പാട്ട്

ഒരിയ്ക്കൽകൂടി നീ ആ കവിത ചൊല്ലണം
പെരുമ്പാവൂരിലെ നാട്ടുവഴിയിൽ
തോളോടുതോൾ ചേർന്ന് നടന്നപ്പോൾ
ചൊല്ലിയ പെൺകവിത

ഒരു താരാട്ട് നാളേയ്ക്കായി നീ മാറ്റിവെയ്ക്കണം
എനിക്കും നിന്റെ പെങ്ങൾക്കും അമ്മയ്ക്കും
എന്റെ ഉദരത്തിൽ നീ പകർന്ന ബീജത്തിനും

**അശ്വിത കൃഷ്ണ**
രണ്ടാം വർഷ മലയാളം



# ചങ്ങലകൾ

ചിലപ്പോൾ ചില ആത്മഹത്യകൾ
സമൂഹത്തിലെ ഒറ്റപ്പെടുത്തലുകൾക്കെതിരെയുള്ള
ചോദ്യചിഹ്നമാണ്.
നിങ്ങൾ അവരെ ജിവിച്ചിരുന്നപ്പോഴേ കൊന്നിരുന്നു...
നിശബ്ദമായി ഒറ്റപ്പെടുത്തിക്കൊണ്ട്
മറ്റുള്ളവന്റെ കണ്ണുനീർ തുടച്ച
ആ കൈകളെ നിങ്ങൾക്കൊന്നും തിരിച്ചറിയാൻ കഴിയില്ല...
തിരിച്ചറിവിന്റെ സമയം മുതൽ
നിശബ്ദമാക്കപ്പെട്ടവന്റെ ശബ്ദമായവൻ...
തിരിച്ചറിയില്ല, നിങ്ങളൊരിക്കലും
അറിഞ്ഞാലും അറിയാത്തപോലെ ഭാവിക്കും...
എന്നിട്ടു വട്ടംകൂടിയിരുന്ന്
ആത്മഹത്യ ചെയ്തവനെ കുറ്റപ്പെടുത്തും.

**- കാർലോ**
രണ്ടാം വർഷ ഇംഗ്ലീഷ്

# അപകടം

ഒരിക്കൽ ആർഷ ഭാരതത്തിൽ ഒരു വലിയ അപകടം നടന്നു. ഒരുവൻ ദളിതനായി പിറന്നു. ആ അപകടത്തിൽപ്പെട്ടവൻ പിന്നീട് ഒരു കുറ്റം ചെയ്തു, അവൻ വിലക്കപ്പെട്ട വിദ്യ അഭ്യസിച്ചു. കുറ്റം ചെയ്തവൻ കുറ്റകൃത്യങ്ങൾ പതിവാക്കി.

അവൻ പഠിച്ചു...

ബിരുദം നേടി...

ഗവേഷണം ചെയ്തു...

സമത്വത്തിനു വേണ്ടി വാദിച്ചു...

ജാതിക്കെതിരെ പോരാടി...

സംഘടിച്ചു...

സമരം ചെയ്തു...

എന്നാൽ, ദൈവത്തിനിതൊന്നും അത്ര ഇഷ്ടമായില്ല. അദ്ദേഹം മന്ത്രി വഴി ഒരു കത്ത് അയച്ചു. കത്ത് കിട്ടി.. കഞ്ഞികുടി മുട്ടി... ചെയ്ത തെറ്റുകൾക്ക് അവർ ശിക്ഷ വിധിച്ചു – മരണം. എന്നാൽ, വിധിച്ചവർ അത് നടപ്പാക്കിയില്ല. പകരം അവർ അവനെക്കൊണ്ട് സ്വന്തം വിധി നടപ്പിലാക്കിച്ചു. രണ്ട് പുറം കത്തിൽ അവൻ മാപ്പിരന്നു. രണ്ട് മുഴം കയറിൽ അവൻ രക്ഷപ്പെട്ടു. അമ്പലത്തിലെ പുണ്യാഹം കൊണ്ട് അവർ കൈകഴുകി... ശുദ്ധരായി...

# ബലിക്കാക്കകൾ



കാലത്തിന്റെ വറ്റുപെറുക്കാൻ വന്ന
ഒരുപറ്റം ബലിക്കാക്കകൾ
ജീവിതംകൊണ്ട് ശ്രാദ്ധമൂട്ടി നഗ്നരായ
ഒരുപറ്റം മനുഷ്യർ
ചരിത്രം തോൽപ്പിക്കുന്നവന്റെ
മുറിവുകളിൽ ഉപ്പുതേക്കുന്നത് വർത്തമാനം
അവരിനിയും വരും,
ഒരു നുള്ളു എള്ളിനും പൂവിനും ചോറിനുമായി ...
അവർ ബലിക്കാക്കൾ

**അഖില**
2-ാം വർഷ ജിയോളജി

## തലശ്ശേരി രുചിക്കൂട്ടുകളുമായ്...

# HAMDAS FOOD COURT

## HAMDAS ICE WORLD

Opp. Christ College Church
Ph: 9895666103

حلال
Halal



*The World of Ice Cream Lovers*

HAMDAS
CATERING & EVENTS
IRINJALAKUDA

**9072172173**
**9061172172**

### FRESH JUICE

| | | | | | |
|---|---|---|---|---|---|
| Lime | - | ₹10 | | | |
| Fresh Lime | - | ₹20 | (Students | - | ₹15) |
| Pinapple | - | ₹40 | (Students | - | ₹35) |
| Orange | - | ₹50 | (Students | - | ₹40) |
| Mosambi | - | ₹50 | (Students | - | ₹40) |
| Grape | - | ₹40 | (Students | - | ₹30) |
| Shamam | - | ₹40 | (Students | - | ₹35) |
| Mango | - | ₹50 | (Students | - | ₹45) |
| Pappaya | - | ₹40 | (Students | - | ₹30) |
| Chiku | - | ₹50 | (Students | - | ₹45) |

*Snacks*

തലശ്ശേരി പലഹാരം
SANDWICH
BURGER
PUFFS etc.

FALOODA
SHAKE
ICE CREAM SCOOP



**Special Combo Offer**
**BIRIYANI + LIME OR ICE CREAM SCOOP**
**Rs. 130 Only**




നിനക്ക് ചിതയൊരുക്കാൻ മാവുകൾ മുറിച്ചുകാണില്ല...
അടക്കാൻ സെമിത്തേരിയിൽ സ്ഥലം പോരാതെവരാം...
ചുമക്കാനുള്ള മയ്യത്ത്കട്ടിലിന് ബലമില്ലാതായിക്കാണും
അലിഞ്ഞുചേരാൻ മടിയില്ലെങ്കിൽ നീയും വരിക...
ഈ തെമ്മാടിക്കുഴിയിലേക്ക്....

# തെമ്മാടിക്കുഴി



അയ്യപ്പനരികിലായ് കുടികൊള്ളുന്ന
മാളികപ്പുറം ഒരു പെണ്ണാണ്.

കാലങ്ങളോളം മണികണ്ഠനാൽ ശാപമോക്ഷം
പ്രതീക്ഷിച്ച് മഹിഷിയായ് ജീവിച്ച
വെറും പെണ്ണ്....

ദേവിയല്ലാത്തതിനാൽ മാസത്തിലൊരിക്കൽ
അവളും തീണ്ടാരിപ്പായയിൽ കിടന്നിട്ടുണ്ടാകണം...

മാസമുറയാൽ ശബരിമലയിൽനിന്ന്
മാളികപ്പുറം മാറിക്കിടക്കുന്നുണ്ടാവുമോ ആവോ..?

സ്ത്രീരൂപം കെട്ടിയ മഹാവിഷ്ണു
അവന്റെ അമ്മയാണ്....
ഹിജഡകൾ ഗർഭിണിയായാൽ
പ്രസവം തുടയിൽ നിന്നാകുമോ...?
കണ്ടെത്തേണ്ടിയിരിക്കുന്നു...

രാമൻ മോക്ഷം നൽകിയ ശബരിയെ
മലയിൽനിന്ന് ചവിട്ടിയിറക്കിയതാണോ....?
അതും ചിന്തിക്കേണ്ടതു തന്നെ.

മലയിൽ കുടികേറിയ ആർത്തവമുള്ള സ്ത്രീയേ,
നിനക്കിനിയിവിടെ പ്രവേശനമില്ലെന്ന്
അയ്യപ്പൻ തന്നെ പറഞ്ഞതാവാം.

എന്നാലും പെണ്ണേ മല ചവിട്ടാൻ
നിനക്കിനിയും അറുപത് കഴിയണമല്ലോ....

**കിരൺ കൃഷ്ണൻകുട്ടി**
ഒന്നാം വർഷ ബി എ മലയാളം



# ഒന്നും

## കാണരുത്

## കേൾക്കരുത്

## മിണ്ടരുത്

ശരിയാണ് ഒന്നും കാണരുത്
കണ്ണുകൾ ഇറുക്കിയടക്കണം
എന്നാൽ നിങ്ങൾക്ക് ഒന്നും കാണേണ്ടിവരില്ല
ചോരയൊലിപ്പിക്കുന്ന മുഖങ്ങളും
അറ്റുകിടക്കുന്ന കൈകാലുകളും
മുറിവേറ്റവരെയും
ജീവനുവേണ്ടി കേഴുന്നവരെയും
നിങ്ങൾക്ക് കാണേണ്ടിവരികയേയില്ല
ഇനി നിങ്ങൾ കാതുകൾ കൊട്ടിയടക്കണം
ഒന്നും വിളികേൾക്കരുത്
മുറവിളികളിൽ നിന്നും
അലമുറകളിൽ നിന്നും
രോദനങ്ങളിൽ നിന്നും
ഓടിയൊളിക്കണം
ഒന്നുകൂടിയുണ്ട്, മറക്കരുതേ
മിണ്ടരുത്, വായ്തുറക്കരുത്
അനീതി കണ്ടാൽ
നിങ്ങൾ പ്രതികരിക്കരുത്
ഒന്നും കാണാതെയും
കേൾക്കാതെയും മിണ്ടാതെയും വളരുക...

**നീന**
3-ാം വർഷ കെമിസ്ട്രി




ഞാൻ ഗർഭിണിയായിരുന്നു.

നിന്റെ പ്രണയത്തിന്റെ ബീജം ഹൃദയത്തിലും

മറ്റൊരുത്തന്റെ കാമത്തിന്റെ ബീജം

ഗർഭപാത്രത്തിലുമാണ് ഞാൻ പേറിയത്.

ഒരു കൂട്ടുകാരിയുണ്ടായിരുന്നു എനിക്ക്,
ഡോക്ടറാവാൻ കൊതിച്ച...
ടീച്ചറാകാൻ കൊതിച്ച... ഒരു കൂട്ടുകാരി.
ജീവിതത്തിന്റെ പുതിയ അർത്ഥങ്ങൾ തേടാൻ ശ്രമിച്ചവൾ...
ചോദ്യം ചെയ്യാൻ ശ്രമിച്ചവൾ...
ഒടുവിൽ കാലം കെട്ടിയ ചരടിൽ
കഴുത്തുകുരുങ്ങിപ്പോയവൾ
ആഗ്രഹങ്ങളെ തെമ്മാടിക്കുഴിയിലേക്ക് വലിച്ചെറിഞ്ഞവൾ.....



ആരാണ് ഏഴുവാതിലുകളുള്ള ഹീബ്സ് പണിതത്?
പുസ്തകങ്ങളിൽ നിങ്ങൾ രാജാക്കന്മാരുടെ
പേരുകൾ കാണുമായിരിക്കും.
കല്ലുകൾ ചുമന്നത് അവരായിരുന്നുവോ?

പലതവണ തകർക്കപ്പെട്ട ബാസിലോൺ
ആരാണ് വീണ്ടും വീണ്ടും കെട്ടിപ്പടുത്തത്?

സ്വർണ്ണവർണ്ണമാർന്ന ലിമ പണിതവർ
എവിടെയായിരുന്നു താമസിച്ചിരുന്നത്?

പച്ചമതിൽ പണിപൂർത്തിയായ വൈകുന്നേരത്ത്
അവിടുത്തെ പണിക്കാർ എവിടേക്കാണ് പോയത്?

വിജയ കമാനങ്ങളാൽ അലങ്കൃതമായ
മഹത്തായ റോമിന്റെ ഉൽപ്പത്തിയെവിടെയാണ്.
ആരുടെമേലാണ് സീസർ വിജയം കൊയ്തത്?

പാട്ടുകളാൽ പ്രകീർത്തിക്കപ്പെട്ട ബൈസാന്റിയത്തിൽ
എല്ലാവർക്കും കൊട്ടാരങ്ങളുണ്ടായിരുന്നോ?

കഥകളിൽ അറ്റ്ലാന്റിസിനെ കടൽ വിഴുങ്ങിക്കൊണ്ടിരുന്ന രാത്രിയിലും
മുങ്ങിക്കൊണ്ടിരുന്നവൻ അടിമകളെ ശകാരിച്ചിരുന്നു.

അലക്സാണ്ടർ ഇന്ത്യ കീഴടക്കിയപ്പോൾ
അയാൾ ഒറ്റക്കായിരുന്നോ?

സീസർ ഗ്വാളുകളെ പരാജയപ്പെടുത്തിയത്
അയാളുടെ കൂടെ അരിവെപ്പുകാരൻ കൂടെയില്ലായിരുന്നു?

തന്റെ നർമ്മദ താണുപോയപ്പോൾ
സ്പെയിനിലെ ഫിലിപ്പ് കരഞ്ഞു,
അയാൾ മാത്രമായിരുന്നോ കരയാനുണ്ടായിരുന്നത്?

ഫ്രെഡറിക് രണ്ടാമൻ ഏഴുവർഷത്തെ യുദ്ധം ജയിച്ചു.
കൂടെ മറ്റാരെല്ലാം ജയിച്ചു?

ഓരോ നാളും ഓരോ വിജയം
വിജയികൾക്ക് അത്താഴം ഒരുക്കിയതാരായിരുന്നു?

ഓരോ പത്തുവർഷത്തിലും ഒരു മഹാൻ.
ആരാണ് സിദ്ധിച്ചത്.

**ഒരുപാടു കണക്കുകൾ...**
**ഒരുപാടു ചോദ്യങ്ങൾ....**

-Bertolt Brecht

സ്വതന്ത്ര പരിഭാഷ: **കരോളിൻ**
**രണ്ടാം വർഷ ജിയോളജി**



ഡ്യൂട്ടി ലീവിന്റെ ആപ്ലിക്കേഷൻ വാങ്ങാതെ...
കൺഡോണേഷൻ അടയ്ക്കാതെ...
ഇന്റേണൽ മാർക്കിനു വേണ്ടി ഓടാതെ...
ഐ.ഡി. കാർഡിടാത്തതിന് ഫൈനടക്കാതെ...
ക്യാമറകളെ ഭയക്കാതെ ഒരു കൂട്ടം നായ്ക്കൾ
ഇപ്പോഴും വരാന്തകളിലൂടെ നടക്കാറുണ്ട്.
കോളേജ് ഓട്ടോണമസ് ആക്കിയത് അവരറിഞ്ഞുകാണില്ല.



# മതം-ജാതി-വർഗ്ഗീയത

"ഇന്ത്യയിലെ ജനങ്ങളായ നാം" എന്ന മഹത്തായ വാചകത്തോടു കൂടിയാണ് നമ്മുടെ ഭരണഘടന തുടങ്ങുന്നത്. നമ്മുടെ രാജ്യം എങ്ങനെയായിരിക്കണമെന്ന് ഭരണഘടനയുടെ ആമുഖത്തിൽ തന്നെ പറയുന്നുണ്ട്. ഇന്ത്യ ഒരു പരമാധികാര സോഷ്യലിസ്റ്റ് മതേതര ജനാധിപത്യ റിപ്പബ്ലിക്കായി നിലകൊള്ളണമെന്ന് ഭരണഘടന നിഷ്കർഷിക്കുന്നു. അതിൽ മറ്റു രാജ്യങ്ങളുടെ മുൻപിൽ നമ്മൾ അഭിമാനത്തോടെ ഉയർത്തിപ്പിടിക്കുന്ന വാക്കാണ് "മതേതരത്വം" എന്നുള്ളത്. ഏതു മതത്തിലും ഏതു ദൈവത്തിലും വിശ്വസിക്കാനുള്ള സ്വാതന്ത്ര്യം ഭരണഘടന ഉറപ്പു നൽകുമ്പോൾ തന്നെ അത് മറ്റുള്ളവർക്ക് ഒരു തടസ്സമാകാത്ത വിധത്തിലും അവരുടെ മതവികാരത്തെ വ്രണപ്പെടുത്താത്ത രീതിയിലുമായിരിക്കണമെന്നു മാത്രം. 'നാനാത്വത്തിൽ ഏകത്വം' വച്ചുപുലർത്തുന്ന നമ്മുടെ രാജ്യം വിവിധങ്ങളായ ജാതി-മത-വർഗ്ഗ-വർണ്ണങ്ങളാലും വൈരുദ്ധ്യം വെച്ചു പുലർത്തുന്നു. എന്നാൽ സ്വതന്ത്രഇന്ത്യ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്നാണ് മതത്തിന്റെയും ജാതിയുടെയും പേരിലുള്ള വർഗ്ഗീയത. മത വർഗ്ഗീയത മതഭീകരവാദത്തിലേക്ക് നീങ്ങുന്ന സാഹചര്യത്തിലാണ് ഇപ്പോൾ നമ്മുടെ സമൂഹം.

സിന്ധു നദീതട സംസ്കാരത്തിനുശേഷമാണ് ഇന്ത്യയിൽ ജാതിയും മതവും രൂപപ്പെട്ടതെന്ന് ചരിത്രരേഖകൾ സൂചിപ്പിക്കുന്നു. അതായത് ഇന്ത്യയുടെ ആരംഭം മുതലോ മനുഷ്യരുടെ പിറവിക്കു മുമ്പോ മതങ്ങളില്ലായിരുന്നുവെന്ന് സാരം. എന്നാൽ ഇന്ന് ഇന്ത്യൻ ഗ്രാമങ്ങളിൽ വർഗ്ഗീയ കോമരങ്ങൾ ഉറഞ്ഞുതുള്ളുകയാണ്. വർഗ്ഗീയത മുൻപെങ്ങും ഇല്ലാത്തവിധം ശക്തിയാർജ്ജിച്ചിരിക്കുകയാണ്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ കണക്കുകൾപ്രകാരം തന്നെ പുതിയ ഭരണം കേന്ദ്രത്തിൽ അധികാരിത്തിലേറിയശേഷം വർഗ്ഗീയ സംഘർഷങ്ങൾ കൂടിയതായി ചൂണ്ടിക്കാണിക്കുന്നു. സർക്കാരിന്റെ ആദ്യ 5 മാസങ്ങളിൽ തന്നെ 43 വർഗ്ഗീയ കൊലപാതകങ്ങളാണ് രാജ്യത്ത് നടന്നത്. 2011 മുതൽ 2015 വരെ രാജ്യത്ത് 3365 വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടായതായി കേന്ദ്ര അഭ്യന്തര മന്ത്രാലയം പറയുന്നു. എന്നാൽ ഈ സ്ഥിതിവിവരകണക്കുകളൊന്നും തന്നെ ഭരണകൂടത്തെ ഒട്ടും അലോസരപ്പെടുത്തുന്നില്ല എന്നതാണ് വാസ്തവം.

ഇന്ത്യൻ ജനസംഖ്യയുടെ 20 ശതമാനത്തിനടുത്ത് ദളിത് ജനവിഭാഗങ്ങളാണ്. ഒരുകാലത്ത് തൊട്ടുകൂടാത്തവർ എന്ന് പറഞ്ഞ് മാറ്റി നിർത്തിയവർ.

എന്നാൽ ഇന്ന് അവരുടെ സ്ഥിതി മുൻപറഞ്ഞതിനേക്കാൾ മോശമായ നിലയിലേക്കാണ് പോകുന്നത്. ഓരോ 18 മിനിറ്റിലും ഒരു ദളിതൻ ക്രൂരമായി കൈയ്യേറ്റം ചെയ്യപ്പെടുന്ന രാജ്യമാണ് ഇന്ത്യ. പ്രതിദിനം 27 ആക്രമണ സംഭവങ്ങൾ ദളിതർക്കു നേരെ ഇന്ത്യയിൽ റിപ്പോർട്ട് ചെയ്യുന്നുണ്ട്. കൂടാതെ ഓരോ ദിവസവും ശരാശരി 3 ദളിത് സ്ത്രീകളാണ് ബലാത്സംഗത്തിന് ഇരയാകുന്നത്. ദളിതർക്ക് വിദ്യാഭ്യാസം നിഷേധിക്കുക, പൊതുവഴിയിലൂടെ സഞ്ചരിക്കാൻ അനുവദിക്കാതിരിക്കുക, വോട്ടു ചെയ്യുന്നതും ഇലക്ഷനിൽ മത്സരിക്കുന്നതും നിഷേധിക്കുക, കടകളിൽ പുറത്തു നിർത്തുക, പ്രത്യേക പാത്രങ്ങളിൽ ഭക്ഷണം കൊടുക്കുക, ദളിത് സ്ത്രീകളെ ദേവദാസി പോലുള്ള സമ്പ്രദായത്തിലൂടെ വേശ്യാവൃത്തിക്കു നിർബന്ധിക്കുക തുടങ്ങി ദളിതർക്ക് നേരെ അഴിച്ചുവിടുന്ന ക്രൂരതകൾ അതിഭീകരമാണ്. ജാതിയുടെ പേരിലുള്ള ഉച്ചനീചത്വങ്ങൾ ഏറ്റവും കൂടുതൽ പ്രകടമായുള്ളത് വടക്കേ ഇന്ത്യയിലാണ്. (തെക്ക ഇന്ത്യയിലെ തമിഴ്നാട് ഒട്ടും പുറകിലല്ല.) രാജ്യത്തിന്റെ അവസ്ഥ ഇങ്ങനെയൊക്കെയാണെങ്കിലും നമ്മൾ 'മതേതര ഇന്ത്യ' എന്ന് സ്വയം വിശേഷിപ്പിക്കുന്നു. എന്നാൽ പുതിയതായി അധികാരമേറ്റ എൻ.ഡി.എ. സർക്കാർ 'മതേതരത്വം' എന്ന വാക്ക് തങ്ങളുടെ പരസ്യങ്ങളിൽ നിന്നുപോലും ഒഴിവാക്കിയത് ആശങ്കാജനകമാണ്.

കണക്കുകൾ പ്രകാരം രാജ്യത്ത് നടക്കുന്ന വർഗ്ഗീയ സ്വഭാവമുള്ള സംഭവങ്ങളിൽ 85 ശതമാനവും രാജ്യത്തെ 8 സംസ്ഥാനങ്ങളിൽ നിന്നാണ്. ബീഹാർ, ഗുജറാത്ത്, രാജസ്ഥാൻ, മധ്യപ്രദേശ്, ഉത്തർപ്രദേശ്, മഹാരാഷ്ട്ര, കേരളം, കർണ്ണാടകം തുടങ്ങിയവയാണ് ഈ സംസ്ഥാനങ്ങൾ. ഇതിൽ കേരളം ഉൾപ്പെട്ടിട്ടുള്ളത് നാം വളരെ ഗൗരവത്തിൽ കാണേണ്ടതാണ്. കേരളത്തെകുറിച്ച് പരിശോധിക്കുകയാണെങ്കിൽ, ദേശീയ ക്രൈം റെക്കോഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം 2004-ൽ 12 വർഗ്ഗീയ കലാപങ്ങളാണ് കേരളത്തിൽ ഉണ്ടായതെങ്കിൽ 2012-ൽ ഇത് 56 ആയി ഉയർന്നു. സംഘപരിവാറും പോപ്പുലർ ഫ്രണ്ടും ഉൾപ്പെടെയുള്ള സംഘടനകൾ ശക്തിപ്രാപിച്ച ഘട്ടത്തിലാണ് ഈ മാറ്റം എന്നതും ശ്രദ്ധേയമാണ്. ജാതിവ്യവസ്ഥയുടെ ശക്തമായ ഒരു പിന്നാമ്പുറം ഉള്ള സംസ്ഥാനമാണ് കേരളം. ആര്യന്മാരുടെ കുടിയേറ്റവും ദ്രാവിഡർക്കുമേൽ പുലർത്തിയിരുന്ന ആധിപത്യവും ജാതിവ്യവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു. താഴ്ന്ന ജാതിയിൽപ്പെട്ട ജനങ്ങളെ അടിമകളായാണ് കണക്കാക്കിയിരുന്നത്. അവരോടുള്ള പെരുമാറ്റം മൃഗങ്ങളോടെന്നപ്പോലെയും. മുതിർന്നവരെന്നോ, സ്ത്രീകളെന്നോ, കുട്ടികളെന്നോ വ്യത്യാസമില്ലാതെ താഴ്ന്ന ജാതിയിൽപ്പെട്ടവരോടെല്ലാം ഒരേ തരത്തിലാണ് മേൽജാതിക്കാർ കൊടും ക്രൂരതകൾ ചെയ്തുകൂട്ടിയിരുന്നത്. മേലാളന്മാരുടെ ലൈംഗിക ഉപകരണമായി സ്ത്രീകൾ മാറിയിരുന്നു. താഴ്ന്ന ജാതിയിൽപ്പെട്ട സ്ത്രീകൾ മാറു മറയ്ക്കാൻ പാടില്ലായെന്നും കല്ലുമാല ധരിക്കണമെന്നുമൊക്കെയുള്ള നിയമങ്ങൾ നിലനിന്നിരുന്ന ഒരു സമൂഹത്തിലേക്കാണ് ക്രിസ്ത്യൻ മിഷണറിമാർ കടന്നുവരുന്നത്. തത്ഫലമായി മതപരിവർത്തനം ഉണ്ടാകുകയും ഇസ്ലാമും മുസ്ലീമും രൂപപ്പെടുകയും ചെയ്തു. കീഴ്ജാതിക്കാർക്ക്മേലുണ്ടായിരുന്ന ജാതിവ്യവസ്ഥയുടെ ക്രൂരമുഖങ്ങൾ ക്രൈസ്തവർക്ക്മേൽ പ്രകടമല്ലായിരുന്നത് കൊണ്ട്, കീഴ്ജാതിക്കാർ ക്രൈസ്തവ മതം സ്വീകരിച്ച ചരിത്രമാണ് കേരളത്തിന്റേത്. ഇങ്ങനെയുള്ള സാഹചര്യത്തിൽ കേരളത്തിന്റെ നവോത്ഥാനം ആരംഭിക്കുന്നത് അധികമാരുടെയും ശ്രദ്ധയിൽപ്പെടാത്ത അയ്യാവൈകുണ്ഠരിൽ നിന്നുമാണ്. ശ്രീനാരായണ ഗുരുവിനു മുമ്പേ 'ഒരു ജാതി ഒരു മതം' എന്ന ആശയം മുമ്പോട്ടുവെച്ച അയ്യാവൈകുണ്ഠർ ഒരു നവോത്ഥാനനായകൻ എന്നതിനുപരി, മഹാരാജാവായിരുന്ന സ്വാതിതിരുന്നാളിന്റെ സ്വേച്ഛാധിപത്യത്തെ നിരന്തരം ചോദ്യം ചെയ്ത ഒരു വിപ്ലവകാരികൂടിയായിരുന്നു. മൃഗീയമായ ക്രൂരതകൾക്കാണ് രാജകിങ്കരന്മാർ അദ്ദേഹത്തെ ഇരയാക്കിയത്. നാളുകളോളം കാരാഗൃഹത്തിലടക്കുകയും, തെരുവിലൂടെ വലിച്ചുകൊണ്ടുപോകുകയും കണ്ണുകളിൽ മുളകുപൊടി തൂവുകയും തുടങ്ങി ക്രൂരമുറകളിൽ നിന്നും അദ്ദേഹം തിരിച്ചുവന്നത് അസാമാന്യമായ മനക്കരുത്ത് ഒന്നുകൊണ്ട് മാത്രമാണ്. കണ്ണാടി പ്രതിഷ്ഠയും, ഗ്രാമങ്ങളിൽ കിണറുകൾ സ്ഥാപിക്കുകയും ഗുരുവിനു മുമ്പേ ചെയ്തത് വൈകുണ്ഠർ തന്നെ. എങ്കിലും കേരളത്തിന്റെ നവോത്ഥാന നായകന്മാരിൽ പ്രമുഖസ്ഥാനം അലങ്കരിക്കുന്നത് ശ്രീനാരായണഗുരുവും അയ്യങ്കാളിയുമാണ്. കേരളത്തിലെ സവർണ്ണമേധാവിത്വത്തിന്റെ അസ്ഥിത്വത്തെ ഇളക്കികൊണ്ടായിരുന്നു 1888-ൽ അരുവിപ്പുറത്ത് ഗുരു ശിവപ്രതിഷ്ഠ നടത്തിയത്. ക്ഷേത്രങ്ങളിലും ക്ഷേത്രാചാരങ്ങളിലും പങ്കാളിത്തം ഇല്ലാതിരുന്ന ഒരു സമൂഹത്തിന്, ആരാധനാ സ്വാതന്ത്ര്യം പോലും നിഷേധിക്കപ്പെട്ട

ഒരു ജനതയ്ക്ക് മുൻപിൽ ശ്രീനാരായണഗുരുവിന്റെ ശിവപ്രതിഷ്ഠ പുത്തൻ പ്രതീക്ഷകളാണ് തുറന്നിട്ടത്. ചോദ്യങ്ങളുമായി എത്തിയവർക്കു മുമ്പിൽ താൻ ഈഴവശിവനെയാണ് പ്രതിഷ്ഠിച്ചത് എന്ന് പറഞ്ഞ ഗുരു സമൂഹത്തിലെ അനാചാരങ്ങൾക്കും, ജാതിവ്യവസ്ഥക്കും എതിരെ നിരന്തരം പോരാടിയിരുന്നു. എല്ലാ ജനങ്ങൾക്കും ആരാധനാ സ്വാതന്ത്ര്യം ലഭിക്കുന്നതിനായി അരുവിപ്പുറം കൂടാതെ 42 ക്ഷേത്രങ്ങളിൽ ഗുരു പ്രതിഷ്ഠ നടത്തിയിട്ടുണ്ട്. കളവങ്കോട് ക്ഷേത്രത്തിൽ ഗുരു നടത്തിയ കണ്ണാടി പ്രതിഷ്ഠ പുതിയൊരു ചിന്തയ്ക്കാണ് വഴിയൊരുക്കിയത്. മനുഷ്യനിലെ ദൈവം അവന്റെയുള്ളിലെ മനുഷ്യത്വമാണെന്നും, നീ കാണാൻ ആഗ്രഹിക്കുന്ന ദൈവം നിന്റെയുള്ളിലാണെന്നും (തത്വമസി = തത്+ത്വം+അസി, അത് നീ ആകുന്നു) ഗുരു പറയാതെ പറഞ്ഞിരിക്കുകയാണ് കണ്ണാടി പ്രതിഷ്ഠയിലൂടെ. ഗ്രാമങ്ങളിൽ കിണറുകൾ കുഴിച്ചതും, പൊതുകുളങ്ങൾ നിർമ്മിച്ചതും, ഗ്രന്ഥശാലകൾ സ്ഥാപിച്ചതും ഗുരു ചെയ്ത ചില സാമൂഹ്യ പരിഷ്കാരങ്ങൾ മാത്രം. ആരാധനാലയങ്ങൾക്കൊപ്പം വിദ്യാലയങ്ങളും വ്യവസായശാലകളും നിർമ്മിക്കണമെന്ന് നിർദ്ദേശിച്ച ഗുരു അത് വഴി സാമ്പത്തികമായും തൊഴിൽപരമായുമുള്ള വളർച്ച ലക്ഷ്യം വച്ചിരുന്നതായി നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

കേരള നവോത്ഥാനത്തിൽ ഗുരുവിനോടൊപ്പം തന്നെ വായിക്കേണ്ട പേരാണ് അയ്യൻകാളിയുടെ. താഴ്ന്ന ജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കാൻ സ്കൂളുണ്ടാക്കിയതും, കല്ലുമാല സമരവും, വില്ലുവണ്ടിയിൽ പൊതുനിരത്തിലൂടെ സഞ്ചരിച്ച് അന്നത്തെ സാമൂഹ്യ വ്യവസ്ഥയെ വെല്ലുവിളിച്ചതും, മാറുമറയ്ക്കൽ സമരവും അയ്യൻകാളി നടത്തിയ ചില സാമൂഹ്യ പരിഷ്കാരങ്ങളാണ്. കർഷകരുടെ മക്കളെ പഠിപ്പിക്കണമെന്നാവശ്യപ്പെട്ട് അയ്യൻകാളിയുടെ നേതൃത്വത്തിൽ നടത്തിയ കർഷകസമരം കേരള ചരിത്രത്തിലെ ആദ്യ കർഷക സമരങ്ങളിൽ ഒന്നായി വിലയിരുത്തുന്നു. പള്ളിക്കൂടങ്ങളും ആതുരാലയങ്ങളും പൊതുവഴികളും നിർമ്മിച്ച അയ്യൻകാളി ആരാധനാലയങ്ങൾ നിർമ്മിക്കാതിരുന്നത് മതത്തിന്റെയും ജാതിയുടെയും പേരിലാണ് ജനങ്ങൾ ഏറ്റവുമധികം ദുരിതം അനുഭവിക്കുന്നതെന്ന് മനസ്സിലാക്കികൊണ്ടാവാം.

എന്നാൽ വിരോധാഭാസം എന്നു പറയട്ടെ, ജാതീയതക്കും മതഭ്രാന്തിനുമെതിരെ പോരാടിയ ഈ നവോത്ഥാന നായകരുടെ പേരിലാണ് ഇന്ന് കേരളത്തിൽ ജാതി സംഘടനകൾ തഴച്ചു വളരുന്നത്. ജാതി ചോദിക്കരുത് എന്ന് പറഞ്ഞ ഗുരുവിന്റെ പേരിൽ ജാതി മാത്രമേ ചോദിക്കൂ എന്ന നിലപാടിലാണ് ചിലർ. ശ്രീനാരായണഗുരുവിന്റെ പേരിലുള്ള എസ്.എൻ.ഡി.പി. എന്ന സംഘടന ഈ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി. യുടെ ഒപ്പം മത്സരിച്ചതിനെ നമ്മൾ ഈ സാഹചര്യത്തിൽ ഗൗരവപൂർവ്വം നോക്കികാണേണ്ടതാണ്. ഏതെങ്കിലും ഒരു ജാതിക്കോ മതത്തിനോ അവകാശപ്പെട്ടതല്ല ശ്രീനാരായണഗുരു. "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്ന് പറഞ്ഞ ഗുരു, അവസാനം ആലുവയിലെ അദ്വൈതാശ്രമത്തിൽ നടത്തിയ സർവ്വമതസമ്മേളനത്തിൽ 'ഞാൻ എന്നേ ഈ മതം ഉപേക്ഷിച്ചിരിക്കുന്നു' എന്ന് പറഞ്ഞത് ആരും കേട്ടതായി ഭാവിക്കുന്നില്ല. ഗുരുവിന്റെ ആശയങ്ങളോട് വളരെയധികം നീതി പുലർത്തിയിട്ടുള്ളത് ഇടതുപക്ഷ സംഘടനകളാണ്. ഒരു പക്ഷേ രണ്ട് കൂട്ടരുടെയും ആശയങ്ങളിലുള്ള സാമ്യം കൊണ്ടാവാമിത്. ഗുരു മുമ്പോട്ട് വെച്ച മതനിരപേക്ഷത അതേപടി പ്രാവർത്തികമാക്കിയിട്ടുള്ളത് ഇടതുപക്ഷമാണ്. അതുകൊണ്ടുതന്നെയാണ് കേരളത്തിലെ പുരോഗമന ചിന്താഗതിക്കാരായ ഒരു വലിയ വിഭാഗം ജനങ്ങളും ഇടതുപക്ഷവുമായി യോജിച്ചു പ്രവർത്തിക്കുന്നത്. കോൺഗ്രസ്സു മുതൽ ബി.ജെ.പി. വരെയുള്ള പ്രസ്ഥാനങ്ങൾക്കൊന്നും തന്നെ ഗുരുവിന്റെ ആശയങ്ങളോട് കൂറുപുലർത്താനായിട്ടില്ല. ഇങ്ങനെയുള്ള സാഹചര്യത്തിലാണ് എസ്.എൻ.ഡി.പി. തീവ്രഹിന്ദുത്വ ശക്തികളുമായ് ചേർന്ന് പ്രവർത്തിക്കാൻ ശ്രമിക്കുന്നത്. ശ്രീനാരായണഗുരുവിനെ ഒരു വോട്ട് ബാങ്കായി കണക്കാക്കി കേരള രാഷ്ട്രീയത്തിൽ ഒരു ഇടം പിടിക്കാനുള്ള ചിലരുടെ ഗൂഢതാൽപര്യങ്ങളാണ് ഇതിനുപുറകിൽ. ഒരു ജാതിയെന്നുള്ളത് തന്റെ ജാതിയാണെന്നും ഒരു മതമെന്നുള്ളത് തന്റെ മതമാണെന്നും ഒരു ദൈവം അത് തന്റെ ദൈവമാണെന്നും കരുതിപ്പോരുന്ന ഒരു കൂട്ടരാണ് എസ്.എൻ.ഡി.പി. പോലുള്ള സംഘടനകളുടെ തലപ്പത്തിരിക്കുന്നത്. ഇതിൽനിന്നും ഒട്ടും വ്യത്യസ്ഥമല്ല അയ്യൻകാളുടെ കാര്യവും. അയ്യങ്കാളി രൂപം നൽകിയത് സാധുജനപരിപാലന സംഘത്തിനാണ്. അല്ലാതെ പുലയ മഹാസഭയുടെ സ്ഥാപകനല്ല അയ്യങ്കാളി. ശ്രീനാരായണഗുരുവം അയ്യങ്കാളിയും മുൻപോട്ട് വെച്ച ആശയങ്ങൾക്ക് നേരെ

വിരുദ്ധമായാണ് അവരുടെ മേൽവിലാസം ഉപയോഗിക്കുന്നവർ പ്രവർത്തിച്ചു പോരുന്നത്. ഒരുമിച്ച് നടക്കുവാൻ പോലും സ്വാതന്ത്ര്യമില്ലാത്ത ഒരു ജനതയെ കണ്ടതിലുള്ള അമർഷം കൊണ്ടാണ് സ്വാമി വിവേകാനന്ദൻ കേരളത്തെ ഒരു ഭ്രാന്താലയമായി വിശേഷിപ്പിച്ചത്. അങ്ങനെയൊരു സമൂഹം അവിടെ നിന്നും ഉയിർത്തെഴുന്നേറ്റത് ഗുരുവിനെ പോലുള്ള നവോത്ഥാന നായകരുടെ ചുവടുപിടിച്ചാണ്. ഗുരുവും അയ്യങ്കാളിയും ഉഴുതുമറിച്ച നവോത്ഥാനത്തിന്റെ മണ്ണിലാണ് കമ്മ്യൂണിസം തഴച്ച് വളർന്നത് എന്ന് കേരളത്തിന്റെ ആദ്യ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്. ചൂണ്ടികാണിച്ചിട്ടുണ്ട്. ഗവൺമെന്റ് കൊണ്ടുവന്ന ഭൂപരിഷ്കരണ നിയമവും മറ്റും പാവപ്പെട്ടവർക്കും അടിച്ചമർത്തപ്പെട്ടവർക്കും നിവർന്നു നിൽക്കാൻ ഒരു താങ്ങുതടിയാവുകയായിരുന്നു. പിന്നീട് കേരളത്തിലുണ്ടായ ഒരു തലമുറയേറ്റു പാടിയിരുന്നത്- ഞങ്ങളിലില്ല ഹൈന്ദവരക്തം, ഞങ്ങളില്ലില്ല ക്രൈസ്തവരക്തം, ഞങ്ങളിലില്ല ഇസ്ലാം രക്തം, ഞങ്ങളിലുണ്ട് മാനവരക്തം' എന്നാണ്, അതുകൊണ്ട് തന്നെയാണ് കേരളത്തിന് സാസ്കാരികവും സാമൂഹികവും സാമ്പത്തികവുമായി ഉയരാൻ സാധിച്ചതും. എന്നാൽ ഇപ്പോഴുണ്ടായിരിക്കുന്ന സാമൂഹ്യവും രാഷ്ട്രീയവുമായ വഴിത്തിരിവുകൾ കേരളത്തെ വീണ്ടുമൊരു ഭ്രാന്താലയമാക്കുമോ എന്ന സംശയം ജനിപ്പിക്കുന്നു.

ഇന്ത്യയിലെ നാളിതുവരെ നടന്നിട്ടുള്ള വർഗ്ഗീയ കലാപങ്ങളുടെ ഒരു കണക്കെടുത്താൻ ഏറ്റവും കൂടുതൽ ആവർത്തിച്ചുകേൾക്കുന്ന ഒരു പേരാണ് ആർ.എസ്.എസിന്റേത്. 1931-ൽ ബി.എസ്. മുഞ്ചേ എന്ന ആർ.എസ്.എസ്. നേതാവ് ഇറ്റലിയിൽ മുസോളിനിയുടെ മൃഗീയ പരിശീലന കേന്ദ്രമായ "ബലീല' സന്ദർശിച്ചത് കുപ്രസിദ്ധമായിരുന്നു. ഇതേ ആർ.എസ്.എസിനെ തന്നെയാണ് ഇന്ത്യയുടെ രാഷ്ട്രപിതാവായിരുന്ന ഗന്ധിജിയുടെ കൊലപാതകത്തെതുടർന്ന് സംഘടനാ പ്രവർത്തനം വിലക്കിയതും.

1992 ഡിസംബർ മതേതര ഇന്ത്യയിലെ ഒരിക്കലും ഉണങ്ങാത്ത മുറിവാണ്. പുരാതനവും പ്രസിദ്ധവുമായ ബാബറി മസ്ജിദ് തകർത്ത് ഹിന്ദു വർഗ്ഗീയ കോമരങ്ങൾ ഉറഞ്ഞു തുള്ളിയപ്പോൾ അത് മതേതരത്വത്തിനേറ്റ ഏറ്റവും വലിയ കളങ്കമായി. 2002-ലെ ഗുജറാത്ത് വംശഹത്യയിൽ രണ്ടായിരത്തോളം പേരാണ് കൊല്ലപ്പെട്ടത്. കൊല്ലപ്പെട്ടവരുടെ കണക്കുകൾ പരിശോധിച്ചാൽ മരണമടഞ്ഞ ഹിന്ദുക്കളിൽ ഭൂരിഭാഗവും കീഴ്ജാതിക്കാരായിരുന്നെന്ന് മനസ്സിലാക്കാനാകും. ഉത്തേരന്ത്യൻ രാഷ്ട്രീയത്തിലെ ഒരവിഭാജ്യഘടകമാണ് ജാതി. സവർണ്ണനെന്നും അവർണ്ണനെന്നും മനുഷ്യരെ വേർത്തിരിച്ചിരിക്കുന്നു. കേരളത്തിൽ എപ്പോഴും ഹിന്ദുക്കൾ ഒന്നിക്കണമെന്നു പറയുന്ന ആർ.എസ്.എസിനു ഉത്തരേന്ത്യയിൽ ഇത്തരത്തിൽ പറയാൻ സാധിക്കുന്നില്ല. കാരണം ആർ.എസ്.എസ്. സവർണ്ണ രാഷ്ട്രീയ സംഘടനയാണ്. 1925-ൽ മഹരാഷ്ട്രയിൽ ദളിത് മുന്നേറ്റങ്ങളെ തടയാൻ വേണ്ടിയാണ് ആർ.എസ്.എസ്. രൂപീകരിച്ചത് എന്ന വസ്തുത മനസ്സിലാക്കുമ്പോൾ, ആർ.എസ്.എസിന്റെ സവർണ്ണ രാഷ്ട്രീയ സ്വഭാവം മനസ്സിലാക്കാനാകും. ഇങ്ങനെയുള്ള സാഹചര്യത്തിലും കീഴ്ജാതിക്കാരെ ആവശ്യം വരുമ്പോൾ അവരുടെ 'ചോറ്റുപട്ടാളമാക്കാൻ' അവർക്ക് സാധിക്കുന്നുണ്ട്. രാജ്യത്ത് ഉടനീളം വർഗ്ഗീയ കലാപങ്ങൾ വർദ്ധിച്ചുവരുന്നത്, 2002-ലെ ഗുജറാത്ത് കലാപത്തിൽ ഗർഭസ്ഥ ശിശുവിനെ തൃശ്ശൂലത്തിൽ കുത്തിയിറക്കി സംഹാരതാണ്ഡവമാടിയവരുടെ അനുയായികൾ രാജ്യം ഭരിക്കുന്നതുകൊണ്ടാവാം. വർഗ്ഗീയ കലാപങ്ങളിൽ രാജ്യം ആളികത്തുമ്പോൾ ഗവൺമെന്റ് വെറും നോക്കുകുത്തിയാവുകയാണ്. വിദ്യ അഭ്യസിക്കുന്നതിന്റെ പേരിലും, ഇഷ്ടപ്പെട്ട വ്യക്തിയെ വിഹാഹം ചെയ്യുന്നതിന്റെ പേരിലും, കീഴ്ജാതിക്കാർക്കെതിരെയുള്ള ആക്രമണങ്ങളും കൊലപാതകങ്ങളും തുടർപരമ്പരകളായിരിക്കുന്നു. പഞ്ചാബിൽ താഴ്ന്ന ജാതിക്കാരായ സ്ത്രീകളെ നഗരാക്കി റോഡിലൂടെ നടത്തിച്ചതും, ബീഹാർ മുഖ്യമന്ത്രിയായ നിതിൻ റാം മാഞ്ചി താഴ്ന്ന ജാതിക്കാരനായതുകൊണ്ട് അദ്ദേഹം സന്ദർശിച്ച അമ്പലത്തിലെ വിഗ്രഹങ്ങൾ മുഴുവൻ കഴുകി ശുദ്ധികലശം നടത്തിയതും സാമൂഹ്യ മാധ്യമങ്ങളിൽ ഏറെ ചർച്ചാവിഷയമായതാണ്. വർഗ്ഗീയതയുടെ പേരിൽ ഉത്തരേന്ത്യയിൽ മാത്രം 2001നും 2012നും ഇടയിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 26378 ആണ്. തമിഴ്നാട്ടിൽ 10845ഉം. ഗാന്ധിജിയെ കൊന്നവർ അവരുടെ തോക്ക് നിലത്തു വെച്ചിട്ടില്ലാത്തതിന്റെ ഉദാഹരണമാണ് ശാസ്ത്ര പ്രചാരകനായിരുന്ന ധാബോൽക്കറുടെയും ചരിത്രകാരൻ പൻസാരെയുടെയും വിഗ്രഹാരാധനയെ എതിർത്ത കൽബുർഗ്ഗിയുടെയും കൊലപാതക

ങ്ങൾ. ഗുജറാത്ത് കലാപം ആർ.എസ്.എസ് നെ പ്രതികൂട്ടിൽ നിർത്തുമ്പോൾ, 17000 ത്തോളം പേർ മരിച്ച 1984-ലെ സിഖ് വിരുദ്ധ കൂട്ടക്കൊല പ്രതിക്കൂട്ടിൽ നിർത്തുന്നത് കോൺഗ്രസിനെയാണ്.

ആർ.എസ്.എസിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ആധാരമായതും അവർ അവരുടെ അടിസ്ഥാന ഗ്രന്ഥമായി കരുതുന്നതും രാഷ്ട്രീയ സ്വയം സേവക സംഘത്തിന്റെ രണ്ടാമത്തെ സർസംഘ്ചാലക് ആയ മാധവ സദാശിവ ഗോൾവൾക്കർ എഴുതിയ 'വിചാരധാര' എന്ന പുസ്തകമാണ്. വിചാരധാരയിൽ ആർ.എസ്.എസിന്റെ മുഖ്യ ശത്രുക്കളായി രേഖപ്പെടുത്തിയിട്ടുള്ളത് മുസ്ലിങ്ങളെയും ക്രിസ്ത്യാനികളെയും കമ്മ്യൂണിസ്റ്റ്കാരെയും ആണ്. (അധ്യായം 19,20,21) ഈ ഭീഷണികളെ ഭാരതത്തിൽ നിന്നും തുടച്ചു നീക്കലാണ് ആർ.എസ്.എസിന്റെ ലക്ഷ്യം എന്നു കൂടി പറയുമ്പോൾ വ്യക്തമാകുന്നത് അവരിലെ കൊലപാതകികളുടെ മുഖമാണ്. ഇതേ വിചാരധാരയെ മുൻനിർത്തി, ഡൽഹിയിൽ ചേർന്ന സംഘപരിവാർ നേതൃത്വത്തിലുള്ള ഹിന്ദുസമ്മേളനം തങ്ങളുടെ ശത്രുക്കളാരൊക്കെയെന്ന് പ്രഖ്യാപിച്ചു കഴിഞ്ഞു. മാർക്സിസം, മുസ്ലീം തീവ്രവാദം, മിഷിനറി, മെക്കാളേയിസം, മെറ്റീരിയലിസം (5 എം) ഇതേ ഗോൾവാൾക്കർ രചിച്ച മറ്റൊരു പുസ്തകമാണ് 'നാം അഥവാ നമ്മുടെ ദേശീയത നിർവചിക്കുന്നു' എന്നത്. ഈ പുസ്തകത്തിൽ "ഹിന്ദുസ്ഥാനിലെ ഹിന്ദുക്കളല്ലാത്തവർ ഹിന്ദു മതം സ്വീകരിക്കണമെന്നും അല്ലാത്തപക്ഷം, ഈ ഹിന്ദുരാഷ്ട്രത്തിനു പൂർണ്ണമായി കീഴ്വഴങ്ങി ഒന്നും ആവശ്യപ്പെടാതെ, ഒരവകാശത്തിനും അർഹതയില്ലാതെ, യാതൊരു പ്രത്യേക പരിഗണനയും പൗരാവകാശവും ഇല്ലാതെ ഇവിടെ തുടരാം." എന്ന രീതിയിലാണ് ദേശീയതയെ നിർവചിച്ചിരിക്കുന്നത്.

ഇങ്ങനെയുള്ള സാഹചര്യത്തിൽ മതത്തെ കുറിച്ചുള്ള മാർക്സിസ്റ്റ് വീക്ഷണം ചുരുക്കത്തിൽ പരിശോധിക്കുന്നത് ഇവിടെ പ്രസക്തമായിരിക്കും. മറ്റെല്ലാ പ്രതിഭാസങ്ങളെയും വളരേ ആധികാരികമായി വിലയിരുത്തുന്നത് പോലെ തന്നെ മാർക്സിസം മതത്തെയും വിലയിരുത്തുന്നുണ്ട്. മനുഷ്യന്റെ സമഗ്രമായ വളർച്ചയുടെ ഒരു ഘട്ടത്തിലാണ് മതം പിറന്നതെന്നും മതത്തിന്റെ ഉത്ഭവത്തിന് സാമ്പത്തികവും സാമൂഹ്യവും സാംസ്ക്കാരികവുമായ പശ്ചാത്തലമുണ്ടെന്നും മാർക്സിസം ചൂണ്ടികാട്ടുന്നു. പ്രകൃതിയോടും ചൂഷണത്തിൽ അധിഷ്ഠിതമായ സമൂഹത്തോടും മനുഷ്യൻ നിരന്തരം ഇടപെട്ടുകൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായി ഒട്ടേറെ വൈഷമ്യങ്ങൾ മനുഷ്യന് നേരിടേണ്ടിവരുന്നു. മനുഷ്യന്റെ ഇത്തരം വിഷമതകളിൽ നിന്നാണ് മതത്തിന്റെ പിറവിയും വളർച്ചയും ഉണ്ടായത്. പ്രകൃതിയോടുള്ള ഏറ്റുമുട്ടലിൽ നിന്നാരംഭിച്ച മതം വർഗസമൂഹത്തിന്റെ കാലത്ത് കൂടുതൽ ശക്തിയാർജ്ജിച്ചു. മയക്കുമരുന്നിനെ പോലെ മനുഷ്യന്റെ വിഷമതകൾക്ക് മതം താൽക്കാലിക ആശ്വാസം നൽകുന്നു എന്നും മാർക്സിസം കൂട്ടിച്ചേർക്കുന്നുണ്ട്. "മതം അടിച്ചമർത്തപ്പെട്ടവരുടെ നിശ്വാസവും ഹൃദയശൂന്യമായ ലോകത്തിലെ ഹൃദയവും ആത്മാവില്ലാത്ത സാഹചര്യത്തിലെ ആത്മാവുമാണ്. അത് മനുഷ്യന്റെ മയക്കുമരുന്നാണ്. മതത്തിൽ പരാമർശിക്കുന്ന കഷ്ടപ്പാടുകൾ അതേ സമയത്ത് യഥാർത്ഥത്തിലുള്ള കഷ്ടപ്പാടുകളുടെ ആശയപ്രകാശനരീതിയും യഥാർത്ഥത്തിലുള്ള കഷ്ടപ്പാടുകളോടുള്ള പ്രതിഷേധവുമാണ്. യഥാർത്ഥ സന്തോഷപ്രാപ്തിക്ക് ജനങ്ങളുടെ മിഥ്യാ സന്തോഷമായ മതത്തെ അവസാനിപ്പിക്കേണ്ട ആവശ്യമുണ്ട്." മാർക്സിസം മതത്തെ വിലയിരുത്തുന്നു.

ഇങ്ങനെയുള്ള സാഹചര്യത്തിലാണ്, യുക്തിവാദികളുടെയും നിരീശ്വരവാദികളുടെയും പൊള്ളയായ സമീപനത്തിൽ നിന്ന് വ്യത്യസ്തമായ രീതിയിൽ മതത്തെ നോക്കികാണുന്ന മാർക്സിസ്റ്റുകളെയും, ഇന്ത്യൻ സാഹചര്യത്തിൽ മാർക്സിസത്തിന്റെ പ്രായോഗികത- മതനിരപേക്ഷത എന്ന നിലയിൽ ഉയർത്തിപിടിക്കുന്ന കമ്മ്യൂണിസ്റ്റുകളെയും ആർ.എസ്.എസ്. നഖശിഖാന്തം എതിർക്കുന്നത്. മതനിരപേക്ഷത മതങ്ങളെ വോട്ടുബാങ്കായി കണക്കാക്കുന്ന ഭരണകൂടത്തിന് ഏറ്റവും അലോസരമുണ്ടാക്കുന്ന ഒരു വാക്കാണ്. "ഭിന്നിപ്പിച്ച് ഭരിക്കുക" എന്ന ബ്രിട്ടീഷ് രീതിയാണ് ഇക്കൂട്ടർ കൈക്കൊള്ളുന്നത്, അടുത്തിടെ ആർ.എസ്.എസ്. വിട്ട് പുറത്തു വന്ന സുധീഷ് മിനിയുടെ പുസ്തകം മാത്രം വായിച്ചാൽ മതിയാകും ആർ.എസ്.എസ്. എന്ന സംഘടന കേരളത്തിലെ യുവാക്കളുടെയുള്ളിൽ എത്രമാത്രം വർഗ്ഗീയവിഷം കുത്തിവെയ്ക്കുന്നുണ്ട് എന്ന് മനസിലാക്കാൻ.

വർഗ്ഗീയത ഇവിടെ എത്രമാത്രം വേരോടുന്നുണ്ട് എന്നതിന് തെളിവാണ് നമ്മുടെ പൊതുനിരത്തുകളിൽ നിറയുന്ന പോസ്റ്ററുകൾ.

"ഹിന്ദു ആകുക, അഭിമാനിക്കുക," "ഇന്ത്യയുടെ മോചനം ഇസ്ലാമിലൂടെ", "ഒരേ ഒരു ഉത്തരം ക്രിസ്തു" തുടങ്ങിയ ചിരിവരുന്ന പോസ്റ്ററുകൾ, ആർ.എസ്.എസിന്റെ വർഗ്ഗീയാതിക്രമങ്ങളിൽ നിന്നും ന്യൂനപക്ഷ വർഗീയത വളർന്നു വരുന്നതും കണ്ടില്ല എന്നു നടിക്കാനാവില്ല. കോഴിക്കോട് ബസ്സ്റ്റാന്റ് സ്ഫോടനം, ബേപ്പൂർ സ്ഫോടനം, കോഴിക്കോട്ടെയും കളമശ്ശേരിയിലെയും ബസ് കത്തിക്കൽ, ഒന്നാം മാറാട് കലാപം, രണ്ടാം മാറാട് കലാപം, ഗ്രീൻവാലി സ്ഫോടനം തുടങ്ങിയവ കേരളത്തിൽ മാത്രം മുസ്ലീം വിഭാഗത്തിലെ വർഗ്ഗീയ വാദികൾ നടത്തിയ ഭീകരാക്രമണങ്ങളാണ്. കേരളത്തിൽ നിന്നുള്ളവർ ഐ.എസ്. പോലുള്ള സംഘടനയിൽ ചേരുന്നതും മുസ്ലീം തീവ്രവാദത്തിന്റെ മറ്റു മുഖങ്ങളാണ്. മാലേഗാവ് സ്ഫോടനവും സംത്ഝോതാ എക്സ്പ്രസ് സ്ഫോടനവും അജ്മീർ ദർഗാ സ്ഫോടനവും ഹിന്ദുവർഗ്ഗീയ വാദം തീവ്രവാദത്തിന്റെ രൂപത്തിലേക്ക് കടന്നതായി സൂചിപ്പിക്കുന്നു. മതവർഗ്ഗീയത തന്നെ നാടിന് ആപത്ത് വിതയ്ക്കുന്ന കാലഘട്ടത്തിലാണ്, മതവർഗ്ഗീയത മത തീവ്രവാദത്തിലേക്ക് വഴിമാറുന്നത്.

ഓരോ തെറ്റുകൾ ചെയ്തതിനുശേഷം 'ദൈവമേ പൊറുക്കണേ' എന്നു പറയുമ്പോൾ ക്ഷമിക്കുന്ന ദൈവമാണുള്ളതെങ്കിൽ നീതിയും അനീതിയും തമ്മിലെന്താണ് വ്യത്യാസം? എവിടെയാണ് നന്മയും തിന്മയും? ഒരു യഥാർത്ഥ മത വിശ്വാസിക്ക് ഒരിക്കലും ഒരു വർഗ്ഗീയവാദിയാവാനാവില്ല. കാരണം, ഓരോ മതഗ്രന്ഥങ്ങളും മാനവസ്നേഹത്തിലൂന്നിയാണ് രചിച്ചിട്ടുള്ളത്. ശരിയായ രീതിയിൽ മതഗ്രന്ഥങ്ങളെ പഠിക്കുന്നവരൊരിക്കലും വർഗ്ഗീയവാദികളാവില്ല. ഭൂരിഭാഗം മത വിശ്വാസികൾക്കും അവരുടെ മതം പൈതൃകമായി കിട്ടിയതു മാത്രമാണ് ഭൂരിഭാഗം പേരും തങ്ങളുടെ മാതാപിതാക്കളുടെ മതം അനുകരിക്കുന്നു എന്ന് മാത്രം. ഈ അനുകരണം കൊണ്ട് മാത്രമാണ് ഓരോരുത്തരും തങ്ങളുടെ മതമാണ് ശരിയെന്ന് വിശ്വസിക്കുന്നത്. തങ്ങളുടെ അനുകരണം വെറും പൊള്ളയാണ് എന്ന് തിരിച്ചറിയണമെങ്കിൽ, തങ്ങളുടെ ജനനം വേറെ ഏതെങ്കിലും മതത്തിലായിരുന്നുവെന്നു ചിന്തിച്ചാൽ മതിയാകും. ജനിച്ചു വീഴുന്ന ഒരു കുട്ടിയുടെമേൽ മതത്തിന്റേതായ യാതൊരു അടയാളങ്ങളും കാണാത്തത് മതം മനുഷ്യനിർമ്മിതമാണ് എന്നുള്ളതിനു മറ്റൊരു തെളിവു കൂടിയാണ്.

ദൈവങ്ങളുടെ ഭണ്ഡാരപ്പെട്ടിയിൽ പണം നിറയ്ക്കുന്നവർ, വിശക്കുന്നവന് ഒരു നേരത്തെ ആഹാരം വെച്ചുനീട്ടിയാൽ എത്ര കാര്യമുണ്ടായിരുന്നു. അപ്പോൾ കിട്ടുന്ന സ്നേഹത്തിലും നന്മയിലുമാണ് ദൈവമുള്ളതെന്ന് ആരും തിരിച്ചറിയുന്നില്ല. നമ്മുടെ രാജ്യം വിശ്വാസികൾക്കെന്നപ്പോലെ അവിശ്വാസികൾക്കും കൂടിയുള്ളതാണ്. ആർഷഭാരത സംസ്കാരത്തെപ്പറ്റി നിരന്തരം വാചാലനാകുന്ന ഗവൺമെന്റിനുപോലും മതത്തിന്റെയോ സംവരണത്തിന്റേയോ കാര്യത്തിൽ കൃത്യമായ ഒരു നിലപാടെടുക്കാൻ സാധിക്കുന്നില്ല. വിശ്വാസികളേയും അവിശ്വാസികളേയും 'മതനിരപേക്ഷത' എന്ന മദ്രാവാക്യത്തിനു കീഴിൽ ഒരുപോലെ അണിനിരത്തിയിട്ടുള്ള ഒരു ജനകീയ ബദൽ വർഗ്ഗീയതയ്ക്കെതിരെ ഉയർന്നുവരേണ്ടതുണ്ട്. മനുഷ്യൻ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളും, ലൈംഗിക കുറ്റകൃത്യങ്ങളും, വിലക്കയറ്റവും, തൊഴിലില്ലായ്മയും, കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങളും, പട്ടിണിയും, ദാരിദ്ര്യവും ഒന്നും തന്നെ ഒരു മതസമുദായ നേതാക്കന്മാരെയും അസ്വസ്ഥരാക്കുന്നില്ല എന്നത് വാസ്തവാണ്. ഒരു വർഗ്ഗീയതയെ മറ്റൊരു വർഗ്ഗീയതകൊണ്ട് തടയാനാവില്ല. ഭൂരിപക്ഷം വരുന്ന ഹിന്ദുവർഗ്ഗീയതയും അതിനു ബദൽ എന്ന രീതിയിൽ നടത്തികൊണ്ടിരിക്കുന്ന ന്യൂനപക്ഷ വർഗ്ഗീയതയും ഒരേസമയം തുടച്ചുനീക്കേണ്ടതാണ്. വർഗ്ഗീയ ഫാസിസത്തിനും മതതീവ്രവാദത്തിനുമെതിരെ രാജ്യത്തെ ഓരോ പൗരനും അണിനിരക്കേണ്ടത് അനിവാര്യമാണ്. ഒരു പ്രത്യേക കാലയളവിൽ മാത്രം ഒതുക്കി നിർത്താതെ തുടർച്ചയായ പ്രതിരോധങ്ങൾ ഉയർന്നുവരേണ്ടതുണ്ട്. ഇതിനു വിശാലമായ മതേതരത്വ ജനാധിപത്യ ബദലാണ് ആവശ്യം. എങ്കിൽ മാത്രമേ രാജ്യത്തെ വർഗീയതയുടെ നീരാളിപിടുത്തത്തിൽ നിന്നും രക്ഷിക്കാനാവൂ.

**അമൽ മനോഹരൻ**
2-ാം വർഷ ജിയോളജി

ബീഫ് ഒരു നാമമാത്ര പദമാകുന്നു.
ബ്രാക്കറ്റിൽ ബഫല്ലോ എന്നെഴുതിയില്ലെങ്കിൽ...
അത് രാജ്യദ്രോഹമാകുന്നു.
ചത്തുകഴിഞ്ഞാൽ പശു ചത്തവനാകുന്നു...
മനുഷ്യനാകട്ടെ മൃതദേഹവും.
ഫാസിസം നിങ്ങളുടെ അടുക്കളവരെയെത്തിയിരിക്കുന്നു.





# ദേ... ദൈവം... മിണ്ടരുത്... തലകുനിക്കൂ...

**അ**ന്ധവിശ്വാസങ്ങളും അനാചാരങ്ങളും അസഹിഷ്ണുതയും അടിക്കടി വർദ്ധിച്ചുവരുന്ന നമ്മുടെ സമകാലിക സമൂഹത്തിൽ, പ്രവചനങ്ങളും പ്രവാചകന്മാരും വിശ്വാസത്തട്ടിപ്പുകളും ആൾദൈവങ്ങളും യുക്തിരാഹിത്യങ്ങളും അരങ്ങുവാഴുന്ന ചുറ്റുപാടിൽ, ഈ പുരോഗമനകാലത്തെ ശാസ്ത്രീയ മനോഭാവത്തിന് അപചയം സംഭവിച്ചുതുടങ്ങിയോ? "എന്നിൽ വിശ്വസിച്ചാൽ മതി, നിങ്ങൾ രക്ഷപ്രാപിക്കും" എന്ന് പ്രഖ്യാപിക്കുന്ന ആൾദൈവങ്ങളും അത്ഭുതപ്രവർത്തകരും നിർബാധം അടക്കിവാഴുന്ന ഇന്നിന്റെ ലോകത്ത് ബഹുഭൂരിപക്ഷം ജനങ്ങളും ബാലിശവും അശാസ്ത്രീയവുമായ ഇത്തരം വീക്ഷണങ്ങളുടെ ഉടമകളായിത്തീർന്നിരിക്കുന്നു.

ലോകത്ത് വലിയ ജനാധിപത്യസമൂഹമായ, ശാസ്ത്ര-സാങ്കേതിക രംഗത്ത് മികവുറ്റ, ഈ സമൂഹത്തിൽ മൂഢവിശ്വാസികളുടെയും ആൾദൈവങ്ങളുടെ സന്ദേശവാഹകരായി പ്രവർത്തിക്കുന്നവരിൽ ബുദ്ധിജീവികളും കലാകാരന്മാരും രാഷ്ട്രീയക്കാരും ഉണ്ടെന്നുള്ളത് തികച്ചും വെല്ലുവിളി നേരിടുന്ന ഒന്നാണ്. എന്തും കമ്പോളവത്ക്കരിക്കപ്പെടുന്ന ഇന്നിന്റെ സമൂഹത്തിൽ വിശ്വാസത്തെ പത്രമാധ്യമങ്ങൾ പോലും വൻ കച്ചവടമാക്കി.

ഇന്ന് 'നാളും നേരവും' സൂചിപ്പിക്കാത്ത കലണ്ടറുകളില്ല. ചലച്ചിത്ര കലാരംഗത്തെ കഥാപാത്രങ്ങളുടെ ഭാഗധേയം നിർണ്ണയിക്കുന്നത് അദൃശ്യശക്തികളും ജോത്സ്യരുമാണ്. ടെലിവിഷനിലെ ജോത്സ്യപരിപാടികൾ, അന്ധവിശ്വാസങ്ങളെയും ആൾദൈവങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന മാധ്യമങ്ങൾ ഉപയോഗിക്കുന്ന ഭാഷ, ദർശനപുണ്യം, സ്പർശനപുണ്യം, ചുംബനപുണ്യം തുടങ്ങിയ സമ്പന്നമായ വാക്കുകൾ..

ന്യൂജെൻ മനസ്സുകളെ ത്രസിപ്പിച്ചുകൊണ്ടുള്ള സിക്സറുകൾ, കുതിച്ചുപായുന്ന ഗോളുകൾ, സപ്ലികളിൽ നിന്ന് കരകയറി വിജയിച്ച പരീക്ഷകൾ, ശൂന്യാകാശത്ത് അഭിമാനം വിതറിയ ചില വിദ്യകൾ... എല്ലാം ഇഷ്ടദൈവങ്ങളുടെ അനുഗ്രഹം കൊണ്ടത്രേ? കാര്യസാധ്യത്തിന് അദ്ധ്വാനത്തെക്കാൾ പ്രാധാന്യം അദൃശ്യ ശക്തികളുടെ അനുഗ്രഹം ആണ് വലുതെന്ന് വിശ്വസിക്കുന്ന, വിശ്വസിച്ചുകൊണ്ടിരിക്കുന്ന സമൂഹം... ആ സന്ദേശം ഇന്ന് എല്ലാ തലത്തിലും പടർന്നിരിക്കുന്നു. അതുകൊണ്ട് തന്നെ വിശ്വാസം (അന്ധവിശ്വാസം) അടിച്ചേൽപ്പിക്കപ്പെട്ടു. ഇന്നിന്റെ സമൂഹം ദൈവത്തെ തന്റെ സ്വന്തം വാടകഗുണ്ടയായാണ് കരുതുന്നതെന്നൊരു സംശയം... കാരണം, പണ്ടൊക്കെ ദൈവം നന്മയുടെ ഭാഗത്താണെന്നൊരു വിശ്വാസം ഉണ്ടായിരുന്നു. പക്ഷേ ഇന്നോ... 'വേണ്ടവിധത്തിൽ' ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്താൽ ഏതു

തിന്മയ്ക്കും കൂട്ടുനിൽക്കുന്ന അസ്സൽ വാടക ഗുണ്ട... ക്വട്ടേഷൻ സ്വീകരിക്കാൻ ഇടനിലക്കാരുണ്ട് കേട്ടോ.. അപ്പോൾ ഇവിടെ, നന്മയ്ക്കും തിന്മയ്ക്കും ഒരുപോലെ സഹായമാകുന്ന ദൈവം അഴിമതിവീരനായ ഒരു മൂന്നാംകിട രാഷ്ട്രീയക്കാരനിൽ നിന്നുതന്നെ വ്യത്യസ്തനാകും.

ആകെ ആശയക്കുഴപ്പത്തിലാണ്... ചിത്രങ്ങളാൽ ലേഖനം ചെയ്ത തമ്പ്രാക്കന്മാർ... സന്ദേശം തരാനെന്ന് പറഞ്ഞ് പട്ടുമെത്തയിൽ ആപ്പിൾ കഴിച്ചിരിക്കുന്നവർ... ആരാണാവോ ഒറിജിനൽ? ഇനിയിപ്പോ, ദൈവത്തിന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചതാണോ? അതോ, മനുഷ്യന്റെ ഛായയിൽ ദൈവത്തെ സൃഷ്ടിച്ചതാണോ?

ആത്മീയതയുടെ പേരിൽ തട്ടിപ്പ് നടത്തുന്നവരുടെ 'സുവർണ്ണ കാലഘട്ടത്തിലാണ്' നാം ജീവിക്കുന്നത്. ആഗോളീകരണ വിദ്യാസമ്പന്നമായ ഈ ചുറ്റുപാടിൽ ശാസ്ത്രത്തിന് എത്തിനോക്കാൻപോലും വയ്യാത്ത ഭൂമിക... ഇനിയിപ്പോൾ കാലങ്ങളായി സസൂക്ഷ്മം നിരീക്ഷിച്ച് അവർ എന്തെങ്കിലും കണ്ടെത്തിയോ? ഒളിച്ചിരിക്കുന്ന സന്ദേശവാഹകർ പറയുന്നു - അത് ഇവിടെ (?) ആദ്യമേ പറഞ്ഞിട്ടുണ്ടെന്ന്. സിങ്ക... സിങ്ക... എന്താ ചെയ്യാ.... അതുകൊണ്ടുതന്നെ, എല്ലാ ശാസ്ത്ര സിദ്ധാന്തങ്ങളും നിരന്തരമായി അട്ടിമറി ഭീഷണിയിലാണ്. ഇനിയിപ്പോൾ ശാസ്ത്രത്തിന് ആകെ കിട്ടിയ മഹത്തായ 'രാമൻ പ്രഭാവവും' മണ്ണടിഞ്ഞുപോകുമോ???

ശാസ്ത്രവിരുദ്ധതയുടെ തേരോട്ടം അങ്ങേയറ്റം വ്യാപിച്ചിരിക്കുന്ന സമൂഹത്തിൽ ഒരേ സ്പീഷിസിൽപ്പെട്ട മനുഷ്യൻ എന്ന വ്യാഖ്യാനം പാടെ മായ്ച്ച്, ജാതി-മത-വർണ്ണ പരിഗണനകളായി തുടരുന്നു. സൗന്ദര്യത്തിൽ, മാനദണ്ഡങ്ങളുടെ പേരിൽ, ഭിന്നമായ ശാരീരികപ്രകൃതിയുടെ പേരിൽ, ജാതി-മത-വർണ്ണ വിവാദത്തിന്റെ പേരിൽ ഒരു വൈമുഖ്യം നിറഞ്ഞ ഇരുണ്ട പകൽ കടന്നുപോകുന്നു.

പ്രമോദ്
ഒന്നാം വർഷ ഇക്കണോമിക്സ്

### അന്ധവിശ്വാസിക്ക്

ജനാധിപത്യ രാഷ്ട്രത്തിന്റെ വ്യവസ്ഥാപിത സമൂഹത്തിൽ ഇന്ത്യൻ പീനൽകോഡിനും പ്രഥമ പരിഗണനയുണ്ട്. ഭരണഘടനയുടെ 13-ാം വകുപ്പിലെ സുപ്രധാനമായ മൗലികാവകാശങ്ങൾ വിശേഷപ്പെട്ടതാണ്. മൗലികാവകാശങ്ങൾ പൗരന്മാർക്ക് കല്പിച്ചു നൽകുന്ന പലതരം സ്വാതന്ത്ര്യത്തെ (Freedom) പല പൊതുവകുപ്പുകളിലൂടെയും നിർജ്ജീവവും നിഷ്ഫലവുമാക്കിത്തീർത്തിരിക്കുന്നു. അതുകൊണ്ടുതന്നെ, അഭിപ്രായവ്യത്യാസത്തിന്റെ കടയ്ക്കൽ കത്തിവെയ്ക്കാൻ വരെ ശിക്ഷാവകുപ്പുകൾ ധാരാളം. കോടതിയലക്ഷ്യം, മാനനഷ്ടം, മതനിന്ദ, കുറ്റത്തിന് പ്രേരകം എന്നിങ്ങനെ പദസമുച്ചയങ്ങൾ. അദൃശ്യവേലികൾ തീർത്തിരിക്കുന്ന ഈ സ്വാതന്ത്ര്യത്തെ താഴിട്ടുപൂട്ടി... അധികാരമോ, സ്ഥാനവലിപ്പമോ ഉള്ളവർക്കെതിരെ വിരുദ്ധമായി 'നാവനക്കിയാൽ', തൂലിക ചലിപ്പിച്ചാൽ വിവരമറിയും!!! ജനാധിപത്യം പ്രസംഗത്തിൽ... ഫാസിസം പ്രയോഗത്തിൽ...

പക്ഷേ ഇതൊന്നും ഒരു പ്രശ്നമല്ല കേട്ടോ. ഇവിടെ, വിശ്വാസത്തിന്റെ പേരിൽ എന്തും അവകാശപ്പെടാനും, തട്ടിപ്പു നടത്താനുമുള്ള അലിഖിത സ്വാതന്ത്ര്യം നമുക്കുണ്ട്. ആർക്കും ആൾദൈവമാകാം, ശിഷ്യഗണങ്ങളെ കണ്ടെത്താം, ആചാരാനുഷ്ഠാനങ്ങൾ നിർദ്ദേശിക്കാം, അത്ഭുത പ്രവർത്തനങ്ങൾ നടത്താം. ദിവ്യസന്ദേശങ്ങൾ പ്രചരിപ്പിക്കാം... ഒരു വിലക്കുമില്ല. അവർക്കെതിരെ ശബ്ദിച്ചാൽ... ചില കൂർത്ത നഖങ്ങൾ നീണ്ടുവരും... നമുക്കുനേരെ. അവർക്ക് കുടപിടിക്കുന്ന വർണവർഗ്ഗ-ന്യായാധിപ സമൂഹത്തിൽ യുക്തിവാദികൾ, സ്വതന്ത്രചിന്തകർ, അന്ധവിശ്വാസികൾ ഇവരുടെ അഭിപ്രായങ്ങൾക്ക് ഒരു വിലയുണ്ട്... പുല്ലുവില (അതും സംശയമാണ്). മതനിന്ദയുടെ പേരിൽ, സ്വാഭിപ്രായത്തിന്റെ പേരിൽ മണ്ണോടു ചേർന്നവർ... അതെ, ഇത് പുസ്തകങ്ങളുടെയും കലാസൃഷ്ടിയുടേയും ശവപ്പറമ്പാണ്.




## INTRODUCTION

Distinguished guests, respected teaching and non teaching staff members and my dear students, when I present 60th College day report and my eighth report before you, I am very happy to inform you that our College has crossed a land mark on the threshold of its Diamond Jubilee year. We have progressed a little more towards accomplishing the status of the College, offering quality education, keeping the principles of equity by its elevation to the autonomous status. Therefore we are entrusted with high responsibility and more accountability on our shoulders that involve a lot of challenges to uphold the credibility and reputation of our institution. With much confidence on the support of fellow members of the staff to take up this burden and on the largely cooperating student community, I submit the report of the year 2015-16

### Institutional Achievements and Major Events

- The College was granted autonomous status by the UGC vide Letter No. F. 22-1l2015(AC) dated 29-07-2015.
- The formal declaration of the Autonomy was done by Adv. Thomas Unniyadan MLA, Government Chief Whip on 8th December 2015.
- During the reporting year the college witnessed the implementation of autonomy to ensure quality education.
- The inauguration of Diamond Jubilee year celebrations was done by Mar. Pauly Kannookkadan, Bishop of Irinjalakuda Diocese on 8th December 2015.
- A six-day, national-level exhibition on science, technology, culture and academics, 'Dazzle 2016', was organized at Christ College, Irinjalakkuda as a part of the year-long Diamond Jubilee celebrations of the college. The exhibition was inaugurated by Dr. Kunjeria Issac Hon Vice Chancellor (A P J Abdul Kalam Technical University) and brought together the achievements in diverse fields of study. Nineteen departments of Christ College exhibited working models and artifacts. The fest included botanical and zoological museums; demonstrations in electronics; live performance of 'Othello' and a stage adaptation of 'Sleeping Beauty'. Central and State government agencies such as the

Vikram Sarabhai Space Centre, Thiruvananthapuram; Kerala Forest Research Institute, Peechi; Centre for Water Resource Development and Management, Thrissur; Geological Survey of India; ANERT Thiruvananthapuram; Regional Archives Ernakulam; and Kerala Sahithya Akademi, Thrissur, were part of 'Dazzle2016'. Educational institutions such as Amala Medical College, Thrissur, Christ College of Engineering, Irinjalakuda and Sahrudaya College, Kodakara set up stalls in the exhibition, providing knowledge-seekers an opportunity to catch up with the advancements in science and technology.

- **The Construction of Padmabhushan Rev. Fr. Gabriel Birth Centenary Indoor Stadium was started. This monument is expected to be one of the landmarks in the history of the College.**

## RETIRED FROM SERVICE

### TEACHING STAFF

1. Prof. Joshi K Simon, Head Department of Botany
2. Dr. V F Paul, Associate Professor, Department of Zoology
3. Prof. K A Davis, Head, Department of Commerce Associate Professor
4. Professor, K O Francis, Associate Professor, Department of Commerce

### NON TEACHING STAFF

1. Mr A O Xavier

## NEWLY APPOINTED TEACHERS

2. Dr. Rekha V, Department of Environmental Science
3. Prof. M Anna David Thottappilly. Department of Economics
4. Prof. Sasi C, Department of Economics
5. Dr. Deepak J, Department of History

### Awards/Appreciations received by the faculty

- Dr. Sudhikumar A. V. Department of Zoology won the Biodiversity Researcher award instituted by the by Kerala State Biodiversity Board for the year 2015-16
- Rev. Fr. Joy P T, Department of BPE, was received the "Prakrithimithra Award" for the year 2015 instituted by the Kerala State Forest and Wildlife department.
- Rev. Fr. Joy P T, Department of BPE, was received the "Vanamithra Award" for the year 2016 instituted by the Kerala State Forest and Wildlife department.
- Prof. Sony John T was appointed as Endeavour Ambassador for Endeavour Scholarships Programme by Australian High Commissioner, New Delhi. He was also appointed as Sport Psychologist to Kerala Teams for the 35th National Games held in Kerala.

### Awards/Appreciations received by the students

Sri Vysakh P V B A Functional English as the best of the college during 2014-15 and won the "Sadguna Award 2015 instituted by the University of Calicut for upholding moral values, excellent behaviourand care kindness and concern to others

**Pass percentage as per results of Final Year University Examination**

| UG Programmes | | | | | |
|---|---|---|---|---|---|
| Subject | No. of students appeared | No of students with grade | | | Pass % |
| | | A | B | C | |
| Mathematics | 38 | 13 | 20 | 1 | 89.5 |
| Physics | 40 | 14 | 24 | -- | 95.0 |
| Chemistry | 43 | 13 | 22 | -- | 81.4 |
| Computer Science | 19 | -- | 9 | -- | 48 |
| Zoology | 34 | 10 | 16 | -- | 76.5 |
| Geology | 29 | 4 | 20 | 2 | 89.7 |

| | | | | | |
|---|---|---|---|---|---|
| Psychology | 18 | 2 | 11 | 3 | 88.0 |
| Functional English | 34 | 4 | 26 | 3 | 97.1 |
| Economics | 48 | 2 | 36 | 3 | 85.4 |
| Commerce | 114 | 25 | 56 | 20 | 89 |
| BPE | 34 | I class: 5 | II class :16 | Pass%: 81 | |

| PG Programmes | | | | | |
|---|---|---|---|---|---|
| **Subject** | **No. of students appeared** | **No of students with grade** | | | Pass % |
| | | **A** | **B** | **C** | |
| Mathematics | 15 | ---- | 8 | 3 | 85 |
| Physics | 12 | 1 | 8 | 3 | 100 |
| Chemistry | 12 | 2 | 10 | --- | 100 |
| Zoology | 12 | 3 | 9 | | 100 |
| Envi. Science | 12 | --- | 12 | --- | 100 |
| Economics | 18 | | 18 | | 100 |
| History | 18 | --- | 12 | 5 | 94 |
| Commerce | 20 | --- | 19 | --- | 95 |

**University Toppers**

| **Subject** | **Name of the Student** | **Rank** |
|---|---|---|
| B Sc Physics | Nithya K S | I |
| B Sc Chemistry | Juliemol Chathely | I |
| B Sc Chemistry | Lakshmi M S | III |
| B Com | Meera Suresh | II |
| B Com | Binitha M B | IV |
| B Com | Sreejith V J | IV |
| B Sc Geology | Bharath Bhuvanan | I |
| B Sc Geology | Aswathy Chandran | II |
| M Sc Envi. Sci. | Sahishnu Mohan | I |
| M Sc Envi. Sci. | Sony Jose | II |

**Conferences/Seminars/Workshops organized By the Departments**

- Departments of Zoology and Botany jointly organized 'One-day workshop on Biology' for High School Biology Teachers of Irinjalakuda Educational district on 7th August, 2015.
- Department of Social Work organized State level seminar 'NORMA-2015' on 04th April 2015
- Department of Social Work organized State level invited lecture on the topic 'Beyond the apologies' on 11th February 2016 sponsored by ESAF Thrissur.
- Department of Commerce organized a National Seminar on 'Indian capital market: opportunities and challenges' sponsored by ICSSR for which the Director of CSB Shri. Anantharaman and Director of INS Shri Brijesh Manieth were the resource persons.
- Department of Psychology conducted a two day National Seminar on the topic 'Psychology: The way to personal and professional enrichment' on 19th and 20th February 2016 for which Fr. Dr. Viju Painadath, Department of psychology, Christ University was the resource person.
- Department of Zoology conducted a two day National Seminar on the topic 'Biodiversity conservation: Trends and Prospects' sponsored by KSCSTE and KSBB on 17th and 18th September 2015 for which Dr. Dr. P.O. Nameer, Associate Professor and Head, Department of Wildlife Sciences, Kerala Agricultural University was the Chief guest.
- Department of Computer Science conducted 'National Robotics Championship' on 17th and 18th September 2015 and Rev. Fr. Jose Thekkan CMI. Principal, Christ College was the chief guest.
- Department of Computer Science conducted state level workshop on 'Ethical Hacking' on 24th July 2015; the event was sponsored by Liveware, Thrissur.
- Department of Botany and Biodiversity Club organized an invited talk on the topic 'Seven Billion Dreams, One Planet, Consume with Care' sponsored by KSCSTE, Thiruvanathapuram in connection with World Environment Day on 3rd June 2015. Dr. Ignatious Antony, Vice Principal, St. Thomas College, Thrissur and Member, Technical Support Group (TSG), Kerala State Biodiversity Board, Thiruvananthapuram was the resource person.
- Department of Botany in association with Biodiversity Club organized a one day lecture on 'Organic Vegetable Garden: Cultivation and Maintenance'.Dr. U. Divakaran, Scientific Officer to Vice Chancellor (Rtd.), Kerala Agricultural University, Mannuthy was the resource person.
- Prof. K J Joseph Endowment was organized by the Department of Commerce on the topic 'Tax Planning' on 14 July 2015 and the resource person was Mr. Jithin Chartered Accountant. They also organized a lecture on 'Stock Market' on 15th October 2015 for which the resource person was Mr. Suraj Kumar, Assistant Professor, UC College, Aluva.
- Department of Commerce organized All Kerala Intercollegiate Quiz competition 'COMERANA' on 23rd January 2016, Dr. Saji, Sri. Achutha Meneon College, Thrissur was thrquiz master.
- Department of History conducted a lecture series 'Kerala sthree:innale,innu' (Kerala women :yesterday, today)on 11th March 2016 for which the resource person was Dr.Anandhi T K, the Feminist Writer. The Department also conducted a quiz competition 'Keralapiravi prasnothari' on 11th November 2015 and the quiz master of the programme was Dr. Deepak Jayaraj.
- Department of Mathematics organized an invited talk lecture on 'Modern trends in analysis' on 12th November 2015 and the resource person was Prof. Edwin Tomson, Department of Mathematics, St. Alberts College, Ernakulam. The Department organized all Kerala intercollegiate quiz competition on 18th February 2016 for which the quiz master was Prof. Jinesh P Joseph, Department of Mathematics, S. H College, Thevara.

Department of Zoology organized an invited talk on the topic 'Oceans and development' on 12th January 2016 and the resource person was K R Narayanan, Deputy Director of Fisheries and Consultant, Gujarat State. The Department also conducted an invited talk on topic 'Stem cells and other pharmacological strategies for treatment of various brain disorders' by Dr. Baby Chakrapani, Director, Centre for Neurosciences, CUSAT, Kochi on 17th February 2016.

- Department of Economics conducted invited lectures on following topics

| Date | Resource Person | Topic |
|---|---|---|
| 30/07/2015 | Dr. V. K. Vijayakumar Investment Strategist, Geojit Bnp Paribas | "Emerging Indian Economic Scenario" |
| 15/02/2016 | Dr. P. T. Thomas, Prof. Emeritus, University Grants Commission | "Macro Economic Policy in the Context of Union Budget 2015-16" |
| 01/03/2016 | Dr. Martin Patric, Former Professor of Economics, CUSAT. | Union Budget Discussion |

- Department of Geology and environmental Science organized a national Workshop on Geoinformatics 25-26 February 2016 Dr John C Mathew was the Programme Coordinator and Dr R. Satish Centre for Remote Sensing And GIS, School of Environmental Science, Mahathma Gandhi University, Kottayam, Kerala was the resource person

**Research Degrees secured by faculty**

- Dr. Shaju K Y Department of Physics was awarded Ph. D from the Cochin University of Science and Technology for the thesis entitled "Study on Period Search Method of Variable Stars: Application to ASAS and CRTS Databases"
- Dr. Xavier Joseph, Department of Physics was awarded Ph. D from Mahatma Gandhi University for the thesis entitled Spectroscopic and Dielctric Studies of Certain RE $3^+$ Doped Tellurite Based Glasses
- Dr. Pious Joseph K, Department of Physics was awarded Ph. D. from Mahatma Gandhi University for thesis entitled Studies on Influence of Saline Intrusion along Fresh Water Coastal Aquifers of Central Kerala South India.
- Dr. Moncy Joseph, Department of Zoology was awarded Ph. D by the University of Calicut under the guidance of Dr. John Thomas for the thesis entitled Visual an Olfactory Perception in the Reproduction of a Cyprinid Fish, Puntius Parrah
- Dr. Aruns S, Department of Chemistry was awarded Ph. D from the University of Calicut Studies on the development of one pot multi-component synthetic protocols for linear and macrocyclic peptidomometics
- Ms Smitha Davis Department of Mathematics, secured M.Phil Degree from the Cochin University of Science and Technology; Title of the Dissertation A study on Generalized Inverses
- Dr. Franco T Francis was awarded Ph.D from the University of Calicut for the thesis entitled Effectiveness of Brain Based Learning Strategy on Emotional Regulation and Critical Thinking of Higher Secondary School Students

**Students Support Programmes**

Bank Test Coaching Classes

The college conducted Bank test coaching classes in association with Institute of Management studies (IMS), Thrissur. 32 students participated in theprogramme. Different topics like, Reasoning, mental ability, directions, English etc were discussed. Total hours engaged is 60. The resource person of the IMS, Mr. Jommy K J and Mr Anil T P engaged the classes

**PSC Test Caching Classes**

PSC coaching classes are conducted by the experts in that topic from the faculty members of the College Christ college. 35 students are participated for PSC coaching classes. Degree level PSC exam topics were covered by different faculties. Total hours spent: 120

**Civil Service Coaching Classes**

Civil service coaching classes are conducted in association with Jyothis Academy for Indian civil

services, Irinjalakuda. 45 students are participated for coaching classes. Mr Mejo John, Mr Bibin and Mr Githin George from Jyothis Academy for Indian civil service led classes. Total hours engaged: 50

### Coaching Classes for the NET/JRF Examination of UGC/CSIR

A centrally arranged system was offered in the College for conducting coaching classes for NET/ JRF examinations. Classes for the common paper of the exam and subject papers were organized by various departments. Nearly 150 students benefitted the programme. The programme was open to students from other institutions also

### Additional Skill Acquisition Programme

The Additional Skill Acquisition programme (ASAP) sponsored by Government of Kerala aims at equipping selected school/college students with skill in basic communication, IT, and selected areas of industry and service sectors. At level 1, ASAP imparts 300 hours of skill training to selected first year students (30 per batch). The College wholeheartedly welcomed the initiative of the Government and has been working in association with the government in successfully running the programme.

Besides the regular programme, the college also undertook ASAP TPS (CET) programme which is a residential programme to train the trainers (SDE) who will eventually become trainers for the regular students in various colleges and schools It organized a 21 day residential programme during vacation wherein students from the various colleges participated in the programme. The college was awarded 5 star rating for the conduct of the programme according to the norms and conditions of the Government.

### Student Support Programme

The scholar support programme is sponsored by Government of Kerala. The objective of the program is to give special coaching to weakest students of 5 various subjects, in which English is a compulsory subject for I and II year degree students.

### Debate Club

- Conducted interdepartmental debate competition on the topic "Moral policing is allowed or not to be allowed" on 10-12-2015
- Ms Chithira E S (B Com) and Parvathy S Vallabhan (B A Eco) were received the certificate of appreciation in the All India Malayalam Essay Writing competition in Malayalam organized by the Shri Ram Chandra Mission and United Nations Information Centre for India and Bhutan jointly with Debate Club.
- Ms Nelda Tomy (B A Eco) and Avon Augustine (B Sc Zoology) were received the certificate of appreciation in the All India English Essay Writing competition in English organized by the Shri Ram Chandra Mission and United Nations Information Centre for India and Bhutan jointly with Debate Club.
- Ms Chithra Venugopal (B Sc Mathematics) and Jewel Shajan (B Sc Geology) were received certificate of appreciation in the All India Essay Hindi Writing competition in English organized by the Shri Ram Chandra Mission and United Nations Information Centre for India and Bhutan jointly with Debate Club

### Quiz club

As a part of the Quiz club activities of this year, we conducted an inter Class preliminary Quiz Competition. 40 teams from various departments were participated. After the preliminary round, 8 teams were selected for finals. Final round of inter class quiz competition was held on 12th Feb 2016. Quiz master was Prof . Arun Balakrishnan M.B, Department of Commerce. Ashin Antony, Ashik Santhosh and Arnold Joy (IInd Sem Economics), Gokul.V Gopal, Sreejith C.S and Sajith Sukumaran (VIth Sem Economics) and Edwin Paul, Nirmal Jacob and Amal A.R ( VIth Sem Geology) won the 1st, 2nd and 3rd places respectively.

**Prizes in University D-zone competitions (2015-16)**

| Sl. No | Item | Name | Class | Position |
|---|---|---|---|---|
| 1 | Kavya keli | Anagha Sasi | Economics | III |
| 2 | Elocution Urdu | Usman | Physics | III |
| 3 | Katharachana Urdu | Usman | Physics | I |
| 4 | Upanyasarachana Urdu | Usman | Physics | I |
| 5 | Kavitharachana Urdu | Anas | BCA | III |
| 6 | English Elocution | Ashna Asokan | Fun. English | II |
| 7 | Elocution Sanskrit | Sreekrishna Namboodiri | Mathematics | III |
| 8 | Aksharaslokam | Parvathy S. Vallabhan | Economics | II |
| 9 | Kavithaparayanam | Parvathy S. Vallabhan | Economics | III |
| 10 | English Upanyasam | Ashna Asokan | Fun. English | III |
| 11 | Kathakali | Amrutha Sreekumar | Mathematics | I |
| 12 | Folkdance | Deepthi K.P. | B.Com Self | I |
| 13 | Thabala | Akshay Sebastian | BSW | III |
| 14 | Sushira Vadyam | Ajay | B.Com Self | III |
| 15 | Mohiniyattam | Deepthi K.P. | B.Com Self | III |
| 16 | Triple drum | Akshay Sebastian | BSW | II |
| 17 | Keralanadanam | Reneeta Monica | Psychology | III |
| 18 | Classical dance | Deepthi K.P. | B.Com Self | II |
| 19 | Chenda | Sreehari | Physics | I |

**Group Item**

| Sl. No | Item | Name |
|---|---|---|
| 1 | Thiruvadirakkali | Jewall & Team |
| 2 | Folksong | Athira Suresh |
| 3 | Oppana | Sreelakshmi & Team |
| 4 | Pookalam | Arya N.D. & Team |
| 5 | General Quiz | Gokul,Rahul, Austin |
| 6 | Panchavadyam | Akshay &Team |
| 7 | Thayambaka | Vysakh & Team |
| 8 | Katahaprasangam | Devangana & Team |

**Activities of NSS**

The year 2015-2016 was historical for National Service Scheme, Christ College. NSS got two prestigious awards

a. Best NSS unit of Calicut University for unit 49

b. Best NSS Programme Officer award for Dr. Robinson P Ponminiessary

With the motto 'Not me but You' National Service Scheme volunteers of Christ College, Irinjalakuda are always socially committed. From safeguarding environment to social service, they have become the icon of ideal citizens. Presently there are two NSS units in Christ college. Programme officers Dr. Robinson P Ponminiessary and Prof. Shine Paul are giving leadership for NSS activities.

**Activities of NCC**

The NCC unit of the College was very active in the reporting year to instill patriotism in students minds In 2015-16 come with a total cadet strength of 160 cadets. JUO Aparna sebastian attended RDC at

Delhi and JUO Afsal MA participated in FSC Thal Sainik Camp at Delhi. SNIC was attended by JUO Afsal MA of JUO Anson George held at Andhra Pradesh. Also National Integration Camp was attended by Lcple Kripa K K at Mumbai of JUO Anson George at Kozhikode. A National trekking camp held at Himachal Pradesh was attended by JUO Adhithya Satheeshan. Our cadets Dhanesh T.D. participated in National Games, for Kabhadi. Our cadets Muhammed Shanil, Jijohn V. Augustine, Tibin Kunjumon, Nelgyn Tennyson, Edwin Anto, Ashif K. A., Midhun Manova". Antony Vincent, Akash Baby & Vishnu M.S. attended the Army attachment camp held at Trivandurm. 48 cadets qualified the B-certificate exam of 5 cadets passed the C-certificate exam.

**Catholic Students' Association**

The Catholic Students Association takes the responsibility to impart catholic life in all aspects to the students. In the commencement of the academic year life orientation classes for all students were arranged. Talk on the topic Successful Parenthood was arranged for all parents in Parents' meeting. During this academic year 10 sessions of value education classes for all students were arranged.

**Parent's Meeting**

The General body of Parent Teacher Association was held on 26-11-2013 and class wise parent teacher interface for II and III year degree students on the same day. The class-wise meeting for first year degree students was held on 17-12-13.

**Old Students' Association Activities**

The annual get together of Old Students Association was held on 12th March 2015. Department level alumni meet was held on the same day during the forenoon session

Volley Ball Tournament for Old Students' Trophy

Christ College Volley Ball Tournament for Old Students' Trophy 2015-16 was held on 13-14 February 2014. Winners: Christ College, Irinjalakuda, Christ College foot ball tournament for Shri Kandmkulathy memorial trophy and Shri T L Thomas memorial trophy was held on 18-22 January 2016. Winners:, Sree Keralavarma College Runners up: Christ College, Irinjalakuda,

Let me wind up this report with a note of gratitude. I thank Almighty God for the great things He has done for our college and to me. Then it is you, my dear staff members and it is you, my dear students whom I thank sincerely. Whatever we have achieved, is through the combined and collective efforts of staff and students. Let us stand united for a better future of our college. I had support from the management, the college council, Vice Principal Prof K A Davis, Dr. Mathew Paul Ukken, the staff advisor, Dr. S Sreekumar,the discipline committee chairman , Dr A.J.Thankachan Admission committee conveners Dr. R. V. Rajan, and Dr. Arun S external examination chief superintendent Dr K Y Shaju and Dr/ K J Varghese internal examination chief superintendents DR. Sudheer Sebastian and Prof. P A Varghese, the returning officer Prof. P D Tomy, the office supdt. Shri V D Varghese and every member of the staff. I thank the coordinator, Internal Quality Assurance Cell (IQAC) for preparing this Annual Report (2015-16). Let there be constructive criticism, affectionate correction and cooperative encouragement. We should make sincere introspection to find out where we are strong and where we are wrong; wrongs should rectified, strengths should entail better results in respective fields. Then we will march ahead, with pride in what we are, to achieve what we have not and to elevate our college to the level of a University where academic pursuit will be the sole agenda.

With a heart, full of thanks to God almighty, whose only son Christ Jesus is the patron of this college, I submit this report before you.

Thank you,

**Fr. Dr. Jose Thekkan CMI**

Principal Christ College, Irinjalakuda



ചിതയിൽ വച്ചിട്ടും എരിയാത്ത
കുറേ സ്വപ്നങ്ങളെക്കണ്ടപ്പോഴാണ്
മരിച്ചത് ഞാനാണെന്ന് ഞാനോർത്തത്.

# അടക്കം

# ഗർഭം

ഞാനും ഇരുട്ടും പ്രണയത്തിലാണ്
വെണ്ണിലാവ് എന്റെ തോഴനും
വെളുത്തവാവിന് ഞങ്ങൾ സൊറപറഞ്ഞിരുന്നു
ഒന്നാംപാദത്തിൽ അനുരാഗവിവശരായ്
കറുത്തവാവിന് ഇരുട്ടെന്നെ പ്രാപിച്ചു!

ഇന്ന് ഞാൻ ഉള്ളിലൊരു
കുഞ്ഞിരുട്ടിനെ പേറുന്നു
ഇടയ്ക്ക് അവൻ എന്റെ
വയറ്റിൽ ഫുട്ബോൾ കളിക്കും
ചിലനേരം നല്ലകുട്ടിയായി സുഷുപ്തിയിലാഴും

പരിശോധനയ്ക്ക് ചെന്നപ്പോൾ
കറുത്ത കണ്ണുള്ള വെളുത്ത ഡോക്ടർ
അവനൊരോമനപ്പേരിട്ടു
"വിഷാദ രോഗം!"



**വിഷ്ണുപ്രിയ എസ്.**
ഒന്നാം വർഷ ബി.എസ്.സി. ജിയോളജി



ഭഗവതി എഴുന്നള്ളിയ നേരത്ത്,
കുളത്തിൽ കുളിക്കാൻ പോയവളെ കാണാനില്ലത്രെ.
'ദൈവകോപം' അമ്മാവൻ പറഞ്ഞു.
'അതും നട്ടുച്ച നേരത്ത്, ഓക്ക് വല്ല ആവശ്യണ്ടോ?'
നാട്ടുകാരും പറഞ്ഞു.
'ന്നാലും ന്റെ കുട്ടിക്കീഗതി വര്ത്തീലോ ഭഗോതി'
അച്ഛൻ കരഞ്ഞു.
അമ്മ ഭഗവതിയെ ശപിച്ചു.
പാവം ഭഗവതി മാത്രം സാക്ഷി
കുളത്തിന്റെ ആഴത്തിൽ പെണ്ണിന്റെ എച്ചിൽ
കല്ലുകെട്ടിത്താഴ്ത്തിയിട്ടുണ്ട്.
പാവം ഒന്നും മിണ്ടാൻ പറ്റില്ല.
ദൈവമായിപ്പോയല്ലോ ഭഗവതി

**അജ്ഞാതൻ**



ഞാൻ ശാസ്ത്രത്തിന്റെ വഴിയെ ആണ്
ന്യൂട്ടൺ പറഞ്ഞത് കേൾക്കാതിരിക്കുമോ
നീ വാചാലനായി തുടരുംതോറും
ഞാൻ മൗനിയായിരിക്കും
നീ ചിരിക്കുംതോറും
ഞാൻ കരയുകയായിരിക്കും
നീയെന്നെ മറക്കുംതോറും
ഞാൻ നിന്നെ ഓർത്തുകൊണ്ടേയിരിക്കും
സിദ്ധാന്തങ്ങൾ ഒന്നും മാറ്റിമറിച്ചുകൂട
ഏതൊരു പ്രവർത്തനത്തിനും
പ്രതിപ്രവർത്തനം ഉണ്ടായേ തീരൂ...

**നീന**
3-ാം വർഷ കെമിസ്ട്രി




# UNION ELECTION AND INAUGURATION









# Fine Arts & College Day



# Other Union Activities



# RETIRED STAFF



**Prof. K.A. DAVIS**
(HOD-Commerce)



**Prof. JOSHY K. SIMON**
(HOD-Botony)



**Prof.K.O. FRANCIS**
(Faculty-Commerce)



**Dr V.F. PAUL**
(Faculty-Zoology)



**Sri. M.L. JACOB**
(Head Accountant)

# Congratulations...

## Ph.D. AWARDEES



**Dr K.Y. SHAJU**
Dept. of Physics



**Dr PIOUS JOSEPH**
Dept. of Physics



**Dr XAVIER JOSEPH**
Dept. of Physics



**Dr ROBINSON PONMINIESSARY**
Best NSS Officer-Calicut University



**Dr SONI JOHN T.**
Dept. of BPE



**Dr FRANCO T. FRANCIS**
Dept. of Economics



**Dr SUDHIKUMAR**
Awardee-Young Scientist 2016



**DHANESH**
NCC National Kabaddi Player



**ANJANA MATHEW**
1st Rank
B.Sc. Geology



**ASHA MERIN JOLLY**
1st Rank
B.Sc. Geology



**AMAL A.R.**
IInd Rank
B.Sc. Geology



**HARSHA E.**
Ist Rank
M.Sc. Chemistry



**NEHA MURALI**
2nd Rank
M.Sc. Chemistry



**MEERA SURESH BABU**
IInd Rank
B.Com.



**BINITHA M.B.**
IIIrd Rank
B.Com.



**SREEJITH V.J.**
IIIrd Rank
B.Com.



**NIVEDHITHA T.R.**
Ist Rank
B.Sc. Chemistry



**REVATHY SREEKUMAR**
IInd Rank
B.Sc. Chemistry

മാഷ് ക്ലാസ്സിലെ ബോർഡിൽ
ചോക്ക് കൊണ്ടെഴുതി :-

'സെക്കന്റ് ഹാൻഡ് സ്വപ്നങ്ങൾ
വിൽപ്പനക്ക് ...
ആവശ്യമുള്ളവർ
ഓഫീസിൽ പോയി
ഫീസടച്ച്, രസീതുമായി
ക്ലാസ്സിൽ കയറുക'



**ആഷിൻ**
ഒന്നാം വർഷ ഇക്കണോമിക്സ്

# Fireflies of Graveyard

Each of us, a firefly-
In this dark and dense graveyard........
Twinkling for brief moments,
We light up a world of dead...
Amidst the elegy of silence,
Echoes the mourns and laughs of ghosts...
In this alien  home of death,
We all are mute swarms,
Who knew all men of thoughts and flesh-
Turned to ashes or fed by worms.....
Once before we pause to glint
And slumber in tiniest tombs,
Let's sparkle and adore all dead
For traces of life and death they left
Dear ghosts, once we are to merge,
In the pages of deads' book.....!

**Arundhati Raaj**
I BA Functional English



# തടവറ

ഇടിമുഴക്കത്തെക്കാൾ ശബ്ദത്തിൽ കാതുകളെ തുളച്ചുകയറിയ ശബ്ദധാരികളെ (ശബ്ദഘടികാരം) കൈപ്പിടിയിൽ വശത്താക്കി പുതപ്പിനടിയിൽ നിന്നും തലയുയർത്തി ഫോൺ കൈപ്പിടിയിലൊതുക്കി പാതിമാത്രം തുറന്ന കൺപോളകളാൽ ഫോൺ സ്ക്രീനിൽ തെളിഞ്ഞു കാണുന്ന സമയത്തെ കേന്ദ്രീകരിച്ചു. (സമയം 5.30 a.m.) പാതിമാത്രം തുറന്ന കണ്ണുകളുമായി മുന്നോട്ട് നടന്നു നീങ്ങുന്ന എന്നെ ഞാൻ കണ്ടത് ഇവിടെയാണ്. പ്രഭാതകർമ്മങ്ങൾക്ക് ശേഷം കുട്ടിക്കുപ്പായത്തിന്റെ അകത്തട്ടിലേക്ക് എന്റെ ശരീരം പ്രവേശിക്കുമ്പോൾ സമയം 6.01 a.m. എന്നെപ്പോലെ തന്നെ ഒരുപാട് മനുഷ്യശരീരങ്ങൾ അവരുടെ പ്രഭാതകർമ്മങ്ങൾക്കായ് പാതിമാത്രം തുറന്ന കണ്ണുകളുമായി നടന്നു നീങ്ങുന്ന കാഴ്ച്ചയിൽ നിന്നാണ് എന്റെ ചിന്തകൾ എന്നെ തട്ടിയുണർത്തിയത്. ഹോസ്റ്റലിന്റെ ചവിട്ടുപടികൾ ഓരോന്നായ് ചവിട്ടി ഇറങ്ങുമ്പോഴും എന്തിനോടോ ആരോടോ ഒക്കെ ഉള്ള മടുപ്പിന്റെ, വെറുപ്പിന്റെ നിസ അവസ്ഥയുടെ ഓളങ്ങൾ മനസ്സിന്റെ കോണിൽ അലയടിക്കുന്നുണ്ടായിരുന്നു.

ചിന്തകളെ തലോടി ബി.പി.ഇ. ഡിപ്പാർട്ട്മെന്റിൽ എത്തിയപ്പോൾ എനിക്ക് മുമ്പ് തന്നെ ഒരു മനുഷ്യശരീരം അവിടെ സ്ഥാനമുറപ്പിച്ചിരിക്കുന്നു. നഷ്ടമായ പുഞ്ചിരിയെ തട്ടിയുണർത്തി പ്രിയ കൂട്ടുകാരന് നൽകിയപ്പോൾ മറുപടിയെന്ന പോലെ അവന്റെ പല്ലുകൾ വിടർന്നതും ശ്രദ്ധിച്ചുകൊണ്ട് ഞാൻ അവിടെ സ്ഥാനമുറപ്പിച്ചു. ഓരോ മനുഷ്യശരീരങ്ങളും കുട്ടിക്കുപ്പായത്തിന്റെ അകമ്പടിയിൽ പ്രവേശിക്കുന്നതും കണ്ടിരിക്കുന്നതിനിടയിലാണ് മണിനാദം കാതുകളെ ആക്രമിച്ചത്. ഞാനുൾപ്പെടെയുള്ള അനേകം മനുഷ്യശരീരങ്ങൾ ഒരു നെടുവീർപ്പോടെ സംഘടിച്ചതും പെട്ടെന്നായിരുന്നു. ആ ദിവസത്തെ കർമ്മപരിപാടികൾക്ക് ഒരു പ്രാർത്ഥനയുടെ അകമ്പടിയോടെ തുടക്കം കുറിക്കപ്പെട്ടു.

കായികാഭ്യാസത്തിനൊടുവിൽ വിയർപ്പിന്റെ ദുർഗന്ധം കീഴടക്കിയപ്പോൾ സമയം 8.30 a.m വിയർപ്പിന്റെ ദുർഗന്ധ മടങ്ങിയ കുട്ടിക്കുപ്പായത്തിന്റെ ഉള്ളറകളിൽ നിന്നും ശരീരത്തെ സ്വതന്ത്രനാക്കി മറ്റൊരു വസ്ത്രത്തിലേക്ക് ശരീരം പ്രവേശിച്ചപ്പോഴേക്കും സമയം 9.15 a.m. ഭക്ഷണത്തിനൊടുവിൽ പുസ്തകങ്ങൾ കൈപ്പിടിയിലൊതുക്കി ക്ലാസ്സിലേക്ക് നടന്നുനീങ്ങവേയാണ് ഒരു കൂട്ടം പുസ്തകപ്പുഴുക്കൾ എന്നെ മറി കടന്ന് നടന്നുനീങ്ങുന്ന കാഴ്ച ശ്രദ്ധയിൽപ്പെടുന്നത്. കരിവളയിട്ട കൈകൾ തേടിയുള്ള എന്റെ നോട്ടം നിരാശയുടെ വേദന തീർത്തപ്പോഴേക്കും ഞാൻ ക്ലാസ് മുറിയിലെത്തിയിരുന്നു. ഞാൻ ആരെയാണ് തിരഞ്ഞത്, എന്തിനാണ് തിരഞ്ഞത്... ? ഉത്തരമില്ലാത്ത ഒരുപാട് ചോദ്യങ്ങൾക്കിടയിൽ ഈ ചോദ്യങ്ങൾക്കും ഞാനൊരു സ്ഥാനം നൽകി. കാമറ കണ്ണുകളുടെ നിയന്ത്രണമില്ലാത്ത കലാലയത്തിലെ ഏക ഡിപ്പോർട്ട്മെന്റ് എന്ന സവിശേഷതയും ഞങ്ങൾക്കു സ്വന്തം. എന്റെ ചിന്തകൾക്കു മേൽ കരിനിഴൽ വീഴ്ത്തിക്കൊണ്ട് അധ്യാപകൻ ക്ലാസ് മുറിയിലേക്ക് പ്രവേശിച്ചിരിക്കുന്നു. ജാതി മത ഭേദമെന്യേ കുറെ മനുഷ്യശരീരങ്ങളുടെ ഐഡന്റിറ്റി അക്കങ്ങളായ് ചുരുങ്ങിയതും അക്കങ്ങൾ അധ്യാപകന്റെ കൈയ്യിലെ കുഞ്ഞു പുസ്തകതാളുകളിൽ കുറിക്കപ്പെട്ടതും പെട്ടെന്നായിരുന്നു. മുൻബെഞ്ചിലിരുന്ന് മയങ്ങുന്ന ബുദ്ധിജീവികളെയും കണ്ണുതുറന്നുറങ്ങുന്ന അത്ഭുത ജീവികളെയും ഞാൻ ആദ്യമായ് കാണുന്നത് ഈ കലാലയത്തിലെ ക്ലാസ് മുറികളിൽ നിന്നാണ്. 3 മണിക്കൂറുകൾ നീണ്ട ക്ലാസ് മുറി പഠനം അവസാനിച്ചതും അധ്യാപകനോടൊപ്പം ക്ലാസിൽ നിന്ന് ഒരു പറ്റം മനുഷ്യശരീരങ്ങൾ പുറത്തേക്കിറങ്ങിയതും ഒരുമിച്ചായിരുന്നു. (സമയം 1 p.m) ഹോസ്റ്റൽ ഭക്ഷണത്തിനൊടുവിൽ കോളേജ് കുമാരൻമാർ പതിവ് പരിപാടികൾക്കായ് കാമ്പസിലേക്ക് നടന്നു നീങ്ങുമ്പോൾ ഹോസ്റ്റൽ മുറിയുടെ ഏതെങ്കിലും ഒരു കോണിൽ തല ചായ്ക്കാൻ ഇടം തേടുന്ന ഒരു പറ്റം മനുഷ്യ ശരീരങ്ങളെ ഞാൻ കണ്ടു. അതിലൊരു ശരീരം ഈ ഞാൻ തന്നെയാണെന്നുള്ള തിരിച്ചറിവാവും എന്നെ അതിലേക്ക് നയിച്ചതും. ഉറക്കത്തിന്റെ ഏകാന്തതയിലേക്ക് വഴുതി വീഴുമ്പോഴും സ്പന്ദനമെന്ന ദിവ്യാനുഭൂതി എന്നിൽ നിന്നും എത്രയോ അകുന്നു പോയിരിക്കുന്നു എന്ന വാസ്തവത്തിൽ ഇരുളിൽ നിന്നും ശീലങ്ങൾ എന്നെ മാടിയുണർത്തുമ്പോൾ സമയം 3.00 p.m കായികാഭ്യാസത്തിനുള്ള നേരമായിരിക്കുന്നു. വീണ്ടും അക്കങ്ങളുടെ പിൻബലത്തിൽ എന്റെയുൾപ്പെടെയുള്ള കുറെ പേരുടെ ജാതകം തുറക്കപ്പെട്ടു. ഔപചാരികമായ കായികാഭ്യാസത്തിനൊടുവിൽ ഓരോരുത്തരും അവരവരുടെ മേഖലയിലേക്ക് (spcialization game) നടന്നുനീങ്ങവേ പുസ്തക കെട്ടുകളുടെ ഭാണ്ഡമേറി ഒരു പറ്റം വിദ്യാർത്ഥി സുഹൃത്തുക്കൾ നടന്നു നീങ്ങുന്നത് ശ്രദ്ധിക്കാനിടയായി. പരിതാപകരമായ ഒരു നോട്ടം അവർക്ക് നൽകാനേ എനിക്ക് കഴിഞ്ഞിരുന്നുള്ളൂ. കാഴ്ചകൾ എന്നെ വീണ്ടും ചിന്തകളുടെ ലോകത്തേക്ക് നയിച്ചപ്പോൾ എന്റെ ചിന്തകൾക്കുമേൽ വാസ്തവം വർത്തമാന കാലത്തിൽ മറയേൽപ്പിച്ചു. കളിയ്ക്കും കായികാഭ്യാസത്തിനുമൊടുവിൽ ഇരുണ്ട കാർമേഘങ്ങൾക്കിടയിലേക്ക് സൂര്യൻ പോയ് മറഞ്ഞു. ഞാനുൾപ്പടെയുള്ള കുറെ മനുഷ്യശരീരങ്ങൾ ഹോസ്റ്റലിലേക്ക് നടന്നകന്നു. അലക്കും കുളിയും കഴിഞ്ഞ് ഭക്ഷണത്തിനായ് ഹോസ്റ്റൽ ഭക്ഷണശാലയിൽ ഞാൻ ഒരു സ്ഥാനം കണ്ടെത്തുമ്പോഴും, ചിന്തകൾ എന്നെ പിൻതുടരുന്നുണ്ടായിരുന്നു.

ഭക്ഷണത്തിനൊടുവിൽ ഹോസ്റ്റൽ മുറികളിലെ നീണ്ട ചർച്ചകൾക്കും വാക്വാദങ്ങൾക്കും ഇടയിലേക്ക് കടന്നു ചെന്നു. അധികം വൈകാതെ എല്ലാറ്റിനും കടിഞ്ഞാണിട്ടുകൊണ്ട് ഹോസ്റ്റൽ ഘടികാരം മണിമുഴക്കം സൃഷ്ടിച്ചു. ഓരോരുത്തരും അവരവരുടെ തടവറയിലേക്ക് പ്രവേശിക്കാൻ സമയമായിരിക്കുന്നു എന്ന നിശ്വാസത്തോടെ ഞാൻ എന്റെ തടവറയിലേക്ക് നടന്നകന്നു.

**സഞ്ജയ്കുമാർ ആർ.എസ്.**
IIIrd Year BPED

പ്രണയമേ...
ഇന്നു ചാപിള്ള നീ
പിറന്നുവീഴും മുൻപ് മരണമടഞ്ഞോൻ
ഏതു കിണറ്റിൻകരയിലാണോ കാൽതെറ്റി വീണത്
അലസിപ്പോയല്ലോ ആദ്യകൺമണീ നീ...

ഇനിയെനിക്കൊരു ചിതയൊരുക്കണം
നിനക്കായെഴുതിയ വരികൾ
ചേർത്തുവെച്ചുകൊണ്ടൊരു ചിത
ഇനിയൊരിക്കൽ കൂടിയെൻ
ആത്മാവ് പൂക്കാതിരിക്കാൻ
എന്റെ പ്രണയത്തെ
ദഹിപ്പിക്കാനൊരു ചിത

# TYRANT CROWNED ACADEMY

**Sernam Mohammed**
MA English

Here is a temple of lore,
Titled with good shepherd
Once, there I learned,
During the days of spring,
Felt like a paradise
Of green and rainbows,
Doves, rabbits, swans and lambs
O! realm of gaiety
Pines, neems and herbage
Sheltered our dreams.
Many reached the sky
With their winged dreams
It was a shining galaxy
Taught lore and wisdom.

The moments of joy receded
Like the sailing ship fades.
After earning a crown of tyrant "A"
Spring days disguised as memories
Painted the green once again
But the crown made it gray.
Quietude oozed between fingers,
Before digesting the deciept.
Now echoes the past slogans
Of the comrades in ears.
Now sensed the worth of words
Begotten from the red vocals.
The golden words of reddish-
Tongue and stretched throat.
No scarecrow could terrify,
The bird ready to smuggle it.
Nevertheless, priceless rights,
Borne by the crow, hopless.
All become business here,
Lores sell in fenced market.
Beware, there are electric eyes,
To wipe away your privacy.






ചായ കുടിക്കാൻ വന്നവന്
വീട്ടുകാർ പണയപ്പെടുത്തിയ
ഈടുമുതൽ മാത്രമായിരുന്നു
'ഞാൻ'

# ലൈബ്രേറി



നിശബ്ദമായി നമ്മെ വീക്ഷിക്കുന്നുണ്ട്
ലൈബ്രേറിയിലെ ഷെൽഫുകളിൽ
അടക്കം ചെയ്യപ്പെട്ട ചില മരിച്ച പുസ്തകങ്ങൾ...

# ക്യാമറ




അധികാരത്തിന്റെ കണ്ണുകൾ
ചാരപ്പണി ചെയ്യുന്ന ഇടനാഴികളിലൂടെ...
ശബ്ദങ്ങളും നെടുവീർപ്പുകളും അടക്കിപ്പിടിച്ചുകൊണ്ട്
നടന്നുനീങ്ങുന്നുണ്ട്
ഒരുപറ്റം കാലികൾ....



എന്റെ ചിത കത്തിത്തീരും മുൻപ്
നീ ഒരിക്കൽകൂടി പെയ്യണം
എന്നിലെ ഇനിയും മരിക്കാത്ത പ്രണയത്തെ
മണ്ണോടു ചേർത്ത്
നമുക്കൊരു പുൽക്കൊടിയായി ജനിക്കണം

# ഉയിർത്തെഴുന്നേൽപ്പ്



സച്ചിദാനന്ദന്റെ കവിതയിൽനിന്നും കിട്ടിയ ബുദ്ധനുമായി
ഞാനിറങ്ങിത്തിരിച്ചു

'നീ മുസൽമാനാണോ?'
ഞാനവനാണ്,
മക്കയുടെ മണലാരണ്യത്തിൽ കൈകാലിട്ടടിച്ചവൻ

'നീ ക്രിസ്ത്യാനിയാണോ?'
ഞാൻ പഴയൊരു തച്ചന്റെ മകനാണ്

'നീ ആര്യനാണോ?'
ഞാൻ ചണ്ഡാളനായ ദ്രാവിഡനാണ്

നീയാരാണ്, ഞാൻ ചോദിച്ചു?
ഞാൻ മനുഷ്യൻ

അങ്ങു ദൂരെ ബുദ്ധൻ നഗ്നനായിരുന്നു.

**മീര നൗറിൻ**
1-ാം വർഷ മാത്സ്



# അരാഷ്ട്രീയ വാദവും കോളേജുകളും

ഇന്ത്യയിലെ വിദ്യാർത്ഥികൾ എന്നും തികഞ്ഞ വൈകാരികതയോടെ ചേർത്തുപിടിക്കുന്ന ഒരു പേരുണ്ട്. ലാഹോറിലെ നാഷണൽ കോളേജിൽ നിന്നും ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ കനൽചൂളയിൽ വാർത്തെടുക്കപ്പെട്ട വീരൻ, തൂക്കുകയറിൽ പിടയുമ്പോഴും ഇൻക്വിലാബ് സിന്ദാബാദ് എന്ന മാനവ മോചന മുദ്രാവാക്യത്തിന്റെ അലകളുയർത്തിയ ഭഗത്സിംഗ്. ഭഗത്സിംഗ് ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് ഊർജ്ജം പകർന്നിട്ടില്ലെന്ന് ഒരിക്കലും പറയാനാവുകയില്ല. പാരതന്ത്ര്യത്തിലെ വിദ്യയേക്കാൾ സ്വാതന്ത്ര്യത്തിലെ മരണമാണ് നല്ലതെന്നു കരുതി, പോരാടാനിറങ്ങിയ അനേക ലക്ഷം വിദ്യാർത്ഥികളുടെ ചിന്തയും, ചോരയും പോരാട്ടവും കൂടിയാണ് ഭാരതത്തിന്റെ ഇന്നത്തെ സ്വാതന്ത്ര്യം. ഇവരിൽ നിന്നും ആവേശമുൾക്കൊണ്ട ഒരുപറ്റം ചെറുപ്പക്കാരാണ് ഓരോ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്കും രൂപം നൽകിയത്. പല ആശയങ്ങളും, പ്രത്യയശാസ്ത്രങ്ങളും, നിലപാടുകളുമുള്ള വിദ്യാർത്ഥി സംഘടനകൾ ഇന്ന് ഇന്ത്യയിലുണ്ട്.

എണ്ണത്തിൽ വളരെ കുറവാണെങ്കിലും നമ്മെയൊക്കെ ഭീതിപ്പെടുത്തുന്ന സാമൂഹിക ജീർണ്ണതകളെ വ്യവസായം ചെയ്യുന്ന കൊച്ചു സംഘങ്ങൾ (Gang) നമ്മുടെ ക്യാമ്പസുകളിലൊക്കെ വളരാൻ തുടങ്ങിയിരിക്കുന്നു. ഇക്കൂട്ടർക്ക് പറയത്തക്കവിധം സാമൂഹിക ബോധമോ രാഷ്ട്രീയ കാഴ്ചപ്പാടുകളോ ആദർശമോ ഒന്നുംതന്നെയില്ല. തികഞ്ഞ സെക്കുലർ ബോധം വച്ചുപുലർത്തുന്ന കേരളീയ കാമ്പസുകളിൽ ജാതിയുടേയും മതത്തിന്റേയുമൊക്കെ പേരിൽ വിള്ളലുകളുണ്ടാക്കി മുതലെടുപ്പ് നടത്താനാണ് അരാഷ്ട്രീയവാദികൾ ശ്രമിക്കുന്നത്. നമ്മുടെ പൊതുസമൂഹത്തിൽ മിക്ക മാലിന്യങ്ങളും അരാഷ്ട്രീയതയുടെ വ്യാപകമായ പ്രചരണത്തോടെ ക്യാമ്പസുകളിൽ വിലസാൻ തുടങ്ങിയിട്ടുണ്ട്. കമ്പോള സംസ്ക്കാരത്തിന്റെ യുക്തിയാണ് സാമൂഹിക ബന്ധങ്ങളെപ്പോലും നിയന്ത്രിക്കുന്നതെന്നിരിക്കേ ക്യാമ്പസും കമ്പോളത്തിന്റെ പിടിയിൽ നിന്നും അന്യമല്ല. വിദ്യാർത്ഥികളും രക്ഷിതാക്കളും കോഴ്സ് തിരഞ്ഞെടുക്കുന്നതുപോലും അതിന്റെ കമ്പോള സ്വഭാവത്തെ അടിസ്ഥാനപ്പെടുത്തിയാണ്.

തികഞ്ഞ അരാഷ്ട്രീയ അന്തരീക്ഷത്തിൽ നിന്നാണ് വിദ്യാർത്ഥികൾക്കിടയിൽ മതത്തിന്റെയും ജാതിയുടേയും പല വർഗ്ഗീയ സംഘടനകളും ജന്മമെടുക്കുന്നത്.

നവ നാസി-ഫാഷിസ്റ്റ് പ്രസ്ഥാനങ്ങളുടേയും വർഗ്ഗീയ അതിക്രമങ്ങളുടേയും ഭീതിക്കിടയിൽ അരാഷ്ട്രീയ വിദ്യാർത്ഥി പ്രസ്ഥാനങ്ങളെ വിദേശരാജ്യങ്ങൾ നിശിതമായി നിരീക്ഷിച്ചുവരുമ്പോൾ,

നമ്മുടെ ക്യാമ്പസുകളിലെ അസ്വസ്ഥ സീൽക്കാരങ്ങൾ അവഗണിക്കാൻ പാടില്ല. വിദ്യാർത്ഥി രാഷ്ട്രീയത്തെ പടിയടച്ചു പിണ്ഡംവയ്ക്കാനുള്ളതല്ല.

വിദ്യാർത്ഥി രാഷ്ട്രീയം വെറുക്കപ്പെടേണ്ട ഒന്നാണെന്ന് പ്രചരിപ്പിക്കുന്നവർ നമ്മുടെ ക്യാമ്പസുകളിൽ അരാഷ്ട്രീയത്തിന്റെ വിത്തുകളാണ് പാകുന്നത്, മൂലധനം നിയന്ത്രിക്കുന്ന സാമൂഹിക വ്യവസ്ഥയിൽ വിദ്യാർത്ഥികളുടെ സംഘബോധം തകർക്കുകയാണ് ചൂഷണത്തിനുള്ള എളുപ്പവഴിയെന്ന് വിഘടനവാദികൾ എന്നേ തിരിച്ചറിഞ്ഞു കഴിഞ്ഞിരിക്കുന്നു. തങ്ങളുടെ നിലനിൽപ്പിന് ഭീഷണിയാകുന്ന രാഷ്ട്രീയത്തേയും രാഷ്ട്രീയ ചിന്താഗതികളേയും മണ്ണുവാരിയെറിഞ്ഞുകൊണ്ട് പകരം താളത്തിനൊത്തു തുള്ളുന്ന അരാഷ്ട്രീയ പ്രതിരൂപങ്ങളേയും മറ്റും രാഷ്ട്രീയത്തിന്റെ പേരിൽ പൊയ്മുഖങ്ങൾ അണിയിച്ചുകൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിൽ പ്രതിഷ്ഠിക്കുന്ന പ്രവണത പുതിയ കാലത്തിന്റെ എടുത്തുപറയേണ്ട സവിശേഷതയാണ്.

പൊതുസമൂഹങ്ങളിലും കാമ്പസിലും വിദ്യാർത്ഥികൾ നടത്തുന്ന ചെറുതും വലുതുമായ ഓരോ ഇടപെടലുകളും തിരിച്ചറിവുകളും തികഞ്ഞ രാഷ്ട്രീയ പ്രവർത്തനം തന്നെയാണെന്നത് ഇന്നത്തെ തലമുറ തിരിച്ചറിയാതെപോകുന്നെങ്കിൽ അത് തിരുത്തേണ്ട ഉത്തരവാദിത്വം ഒരു വെല്ലുവിളിയായിത്തന്നെ നമ്മുടെ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

വിദ്യാർത്ഥി സംഘടനകൾ എന്നും ഏതൊരു കലാലയത്തിന്റെയും ശരിയായ മുന്നോട്ടുപോക്കിന്റെ അനിവാര്യ ഘടകമാണ്. എന്നാലിന്ന് ഒറ്റപ്പെട്ട അക്രമസംഭവങ്ങളുടെ പേരിൽ വിദ്യാഭ്യാസ മേഖലയിൽ പ്രതികരിക്കുന്നവരെ ആക്രമിച്ചുകൊണ്ട് അവരെ സാമൂഹ്യവിരുദ്ധരാക്കുന്ന പ്രവൃത്തിയാണ് നാം കാണുന്നത്.

അധ്യാപകരും മാനേജ്മെന്റും ഭരണകൂടവും വരയ്ക്കുന്ന വരയിൽ നിൽക്കാവുന്ന ഒരുപറ്റം വിദ്യാർത്ഥികളെ സൃഷ്ടിച്ചെടുക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. അന്യന്റെ കണ്ണീരിൽ പങ്കുചേരാതെ പണത്തോടു മാത്രം ആർത്തിയുള്ള ഒരു സമൂഹത്തെ സൃഷ്ടിച്ചെടുക്കുന്നതിൽ കുത്തക വ്യവസായ മാധ്യമ കുബുദ്ധികളും അവരുടെ സഹായം പറ്റുന്ന ഭരണകൂടവും വിജയിച്ചിട്ടുണ്ട് എന്നുവേണം പറയാൻ. ഇപ്പോഴുള്ള വിദ്യാർത്ഥി സംഘടനകളുടെ ചെറുത്തുനിൽപ്പ് കൂടി ഇല്ലാതാക്കാനുള്ള ശ്രമങ്ങളും നടന്നുവരുന്നു. ഇതിൽ വർഗ്ഗീയ ഫാസിസ്റ്റ് വിഷം വിദ്യാർത്ഥിസമൂഹത്തിൽ കുത്തിവയ്ക്കാൻ ശ്രമിക്കുന്നവരേയും അരാഷ്ട്രീയത കൊണ്ട് രാഷ്ട്രീയ സംഘടനയെന്ന കുടപിടിക്കുന്നവരേയും എതിർക്കേണ്ടതുണ്ട്. പുരോഗമന ചിന്താഗതിയോടുകൂടി പോരാടിയ വിദ്യാർത്ഥി പ്രസ്ഥാനങ്ങളാണ് ഇന്ന് കാണുന്ന കലാലയങ്ങളുടെ വിദ്യാഭ്യാസപരവും സർഗ്ഗാത്മകവുമായ അവസ്ഥാ ഘടനയെ സൃഷ്ടിച്ചതും പരിഷ്ക്കരിച്ചുകൊണ്ടിരിക്കുന്നതും.

മയക്കുമരുന്നിന്റെയും റാഗിങ്ങിന്റേയും അരാജകത്വം നിറഞ്ഞ ഭൂതകാലങ്ങൾ കേരളത്തിലെ മിക്ക കലാലയങ്ങളിലുമുണ്ട്. അന്യന്റെ വേദനയിൽ അഭിരമിക്കുന്ന ഒരുകൂട്ടം വിദ്യാർത്ഥികളുടെ വിഹാരകേന്ദ്രങ്ങളായിരിക്കുന്നു ക്യാമ്പസുകൾ. ക്യാമ്പസിലെ പുതിയ വിദ്യാർത്ഥികളെ മാനസികമായും ശാരീരികമായും പീഡിപ്പിച്ചു സന്തോഷം കണ്ടെത്തിയിരുന്ന ഇവരെ നിയന്ത്രിച്ചതിൽ പുരോഗമന വിദ്യാർത്ഥിപ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് ചെറുതല്ല. മയക്കുമരുന്ന്, കഞ്ചാവ് മാഫിയകൾ വിദ്യാർത്ഥികളുടെ ഭാവിതന്നെ തുലച്ച അവസരത്തിലാണ് വിദ്യാർത്ഥിപ്രസ്ഥാനങ്ങൾ സമയോചിത ഇടപെടൽ നടത്തുന്നത്. ധീരമായ ഇത്തരം ഇടപെടലുകളാണ് പിന്നീട് ക്യാമ്പസുകളെ മാറ്റിയെടുത്തത്. വിദ്യാർത്ഥികളുടെ യാത്രാപ്രശ്നത്തിലും അധികൃതരുടെ വിദ്യാർത്ഥി വിരുദ്ധ നയങ്ങളിലും സ്വീകരിച്ച നിലപാടുകളാണ് നമ്മുടെ വിദ്യാഭ്യാസ മേഖലയെ അതിന്റെ മൂല്യങ്ങൾ അനുസരിച്ച് വീണുപോകാതെ ഉയർത്തിനിർത്തിയതെന്നു പറയാതെ വയ്യ. രാഷ്ട്രീയമില്ലാത്തവർ മാന്യന്മാരെന്ന പൊതുസമൂഹത്തിന്റെ നിലപാട് മാറ്റേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. വിദ്യാർത്ഥികളുടെ രാഷ്ട്രീയബോധത്തെ വഴിതിരിച്ചുവിടാനുള്ള സംഘടിത ശ്രമം കാലങ്ങളായി തുടരുകയാണ്.

ഞാൻ എന്ന സ്വാർത്ഥ ചിന്തയിൽ നിന്നും നമ്മൾ എന്ന ചിന്ത ഉണരണം. പഠനത്തിനുവേണ്ടി കേവല യന്ത്രങ്ങളായി മാറ്റപ്പെടരുത്. പൊതുസമൂഹവും അരാഷ്ട്രീയവാദികളും പഠിപ്പിച്ച് 'പണമുണ്ടാക്കുക' എന്നതിനപ്പുറം സ്നേഹവും, ആത്മാർത്ഥതയും, പരിസ്ഥിതിയും, നാടിന്റെ പുരോഗമനങ്ങളും എല്ലാം വിദ്യാർത്ഥികളിൽ എത്തിക്കുന്നിടത്താണ് വിദ്യാർത്ഥി സംഘടനകളുടെ പ്രസക്തി.

**ഡെൽമോൻ ഡേവിസ്**
2-ാം വർഷ ബികോം




റിട്ടയറിങ്ങ് റൂമിന്റെ
ചുവരുകളിൽ കോറിയിട്ട
അക്ഷരങ്ങൾക്ക്
സ്വാതന്ത്ര്യത്തിന്റെ ചുവയുണ്ടായിരുന്നു.
ആരും എത്തി നോക്കാനില്ലാത്തിടത്ത്
പെണ്ണ് നടത്തുന്ന
സ്വാതന്ത്ര്യപ്രഖ്യാപനങ്ങൾ....

Name :

Age :

Sex : റെയിൽവേ റിസർവേഷൻ ഫോമിലെ
ഒരു കോളം മാത്രമായിരുന്നില്ല, അത്
ചില ഓർമ്മപ്പെടുത്തലുകളായിരുന്നു
ചില ജീവിതങ്ങളുടെ വർഗ്ഗസമരങ്ങൾ
'മൂന്നാംലിംഗം'
ഇങ്ങനെയും ഉയിർത്തെഴുന്നേൽപ്പുകൾ ഉണ്ടാകുന്നുണ്ട്.

# AND THE BOARD BARES THEIR FAITH

And the board bares their faith
"Non Hindus not allowed"
The body stood outside
Within lies the God
Half Man, Half Feminine,
The book contained the universal faith
"He died on the cross
for all men and women",
It said,
The body returned.
The paper was an entry
To a building that hosted a tricolour flag
There were just two letters
An 'M' and a 'F'
That further limited the choice
Finaly, the mind read about 'The Bill'
Atleast, the 'tied eyes' were not blind
That was a Sunday
The third day from a 'Good' Friday

-Gana P. Gopi
IInd DC Geology

# ബോക്സിംഗ് റിങ്ങിലെ സമരനേതാവ്



വർണ്ണവിവേചനത്തിനെതിരെ സമരം നയിച്ച ധീരവിപ്ലവകാരിയാണ് മുഹമ്മദ് അലി എന്ന അമേരിക്കയുടെ എക്കാലത്തെയും മികച്ച ബോക്സിംഗ് താരം. തന്റെ കായികമികവും കായിക ശക്തിയും അന്ന് സമൂഹത്തിൽ നിലനിന്നിരുന്ന വിവേചനത്തിനെതിരെ സമരം ചെയ്യുവാനുള്ള മാർഗ്ഗമായി അദ്ദേഹം തിരഞ്ഞെടുത്തു. "നൂറ്റാണ്ടിലെ കായികതാരം എന്നറിയപ്പെടുന്ന അലി സ്വന്തം വ്യക്തി മികവ് ഒരു ജനതയുടെ ഉയിർത്തെഴുന്നേൽപ്പിനായി ഉപയോഗിച്ചു. അതിനാൽ തന്നെ കായിക ജീവിതത്തിൽ അലി പല ത്യാഗങ്ങളും സഹിക്കേണ്ടിവന്നു. എന്നാൽ ആത്മവിശ്വാസത്തിന്റെ ആൾരൂപമായ അലി ഇത്തരം എതിർപ്പുകളുടെ കൂരമ്പുകളെയെല്ലാം മനോഹരമായിതന്നെ ചെറുത്തുനിന്നു.

"Iam not the greatest but, Iam the double greatest."

"ഞാൻ മഹാനല്ല അതിലും ഉൽകൃഷ്ടനാണ്".

1942-ജനുവരി 17 അമേരിക്കയിലെ Louis ville-യിലെ kentucky എന്ന സ്ഥലത്തുള്ള ക്രൈസ്തവ കുടുംബത്തിലാണ് അലിയുടെ ജനനം. ചെറുപ്പം മുതൽ വംശീയ വിവേചനത്തിന്റെയും അടിമത്വത്തിന്റെയും ഭയാനതകൾ കണ്ടാണ് അലി വളർന്നത്. പണ്ടു രാഷ്ട്രത്തിനുവേണ്ടി ഒളിംപിക് മെഡലും, മൂന്ന് ഹെവി വെയ്റ്റ് ചാമ്പ്യൻഷിപ്പും, ഒരു നോർത്ത് അമേരിക്കൻ ബോക്സിംഗ് ഫെഡറേഷൻ ചാമ്പ്യൻഷിപ്പും അലി നേടി.

സ്വന്തം സമൂഹത്തെ വെളുത്ത വർഗ്ഗം പാദത്തിനടിയിൽ ഞെരുക്കി ഭരിച്ച കാലത്ത് അലി തന്റെ കായിക രംഗത്തെ കുതിപ്പുകളിലേക്ക് കാൽവെച്ചു ലോകജനത തന്റെ ജീവിതത്തിലേക്ക് കണ്ണു തിരിച്ചു തുടങ്ങിയപ്പോൾ മുതൽ അലി തന്റെ സമരായുധം പുറത്തിറക്കിതുടങ്ങി. സ്വന്തം പേര് മാറ്റിക്കൊണ്ടായിരുന്നു അലിയുടെ സമരത്തിലേക്കുള്ള ആദ്യചുവടുവെയ്പ്പ്. തന്റെ പേരിലെ clay എന്ന വാക്ക് എന്നും തന്നെ അടിമയാക്കി തളച്ചിടുന്നതിനാൽ അലി ആ പേരുതന്നെ ഉപേക്ഷിച്ചു. ഇസ്ലാം മതം സ്വീകരിച്ച് മുഹമ്മദ് അലി എന്ന പേരു സ്വന്തമാക്കി.



"Cassius clay is a slave name. I didn't choose it and I don't want it. I am Muhammed Ali, a free name - it means beloved of God-and I insist people use it when people speak to me and of me"

കഷ്യയസ് ക്ലെ ഒരു അടിമയുടെ പേരാണ്. ഞാൻ തെരഞ്ഞെടുത്തതല്ല. എനിക്കത് വേണ്ട. ഞാൻ മുഹമ്മദ് അലി ഒരു സ്വതന്ത്ര്യ നാമം. ദൈവത്തിന്റെ പ്രിയപ്പെട്ടവൻ എന്നാണ് അതിന്റെ അർത്ഥം. എന്നെ ആളുകൾ അങ്ങനെ അഭിസംബോധന ചെയ്യണം എന്നാണ് എന്റെ ആഗ്രഹം.

ഈ മാറ്റം അലിയുടെ സാധാരണ ജീവിതവും കായിക ജീവിതവും സങ്കീർണ്ണമാക്കി തീർത്തു. വെളുത്തവർഗ്ഗം അദ്ദേഹത്തിന്റെ ജീവിതത്തിലുട നീളം കരിനിഴൽ പാകിത്തുടങ്ങി. എന്നാൽ ആരെയും എന്തിനെയും കൂസാത്ത മനോഭാവം എന്നും അലിയെ മറ്റുള്ളവരിൽ നിന്ന് വേറിട്ടവനാക്കി.

വിയറ്റ്നാം യുദ്ധകാലത്തെ അമേരിക്കയിലെ ഒട്ടുമിക്ക യുവത്വത്തെയും അമേരിക്കൻ ഭരണകൂടം യുദ്ധഭൂമിയിലേക്ക് വലിച്ചിഴച്ചു. കൂട്ടത്തിൽ മുഹമ്മദ് അലിയെ പോലുള്ള കായിക പ്രതിഭകളെയും ക്ഷണിച്ചു. എന്നാൽ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായി അലി സർക്കാരിന്റെ ക്ഷണം നിരസിക്കുകയും അതിനെതിരെ പരിഹാസരൂപേണ പ്രതികരിക്കുകയും ചെയ്തു.

I d....'t got no quarrel with those Victcony and no vietcong ever called me nigger."

"ഞാൻ ഒരു വിയറ്റ്കോംഗുമായി തർക്കിക്കില്ല കാരണം അവർ എന്നെ കറുത്തവൻ എന്ന് വിളിച്ചിട്ടില്ല."

Why should they ask me to put on a uniform and go 10,000 miles from home and drop bombs and bullets on brown people, while so called negro people in Louisville are treated like dogs. എന്ത് കൊണ്ടാണെന്നോട് ഒരു യൂണിഫോം ഇട്ടുകൊണ്ട് വീട്ടിൽ നിന്ന് 10,000 മൈൽ അകലെ, കാപ്പി നിറമുള്ള മനുഷ്യർക്കു മീതെ ബോംബും ബുള്ളറ്റും വർഷിക്കാൻ ആവശ്യപ്പെടുന്നത്, ലൂയിസ് വില്ലയിലെ കറുത്തവർഗ്ഗകാരോട് പട്ടികളോടെന്നപോലെ ഇവിടെ പെരുമാറുമ്പോൾ?

ഈ പ്രതികരണം അദ്ദേഹത്തിന് തന്റെ ബോക്സിംഗ് ജീവിതത്തിലെ ആദ്യത്തെ വിലക്ക് സമ്മാനിച്ചു. മുഹമ്മദ് അലി എന്ന അപരാജിത പോരാളി എന്നതിനപ്പുറമായി മുഹമ്മദ് അലി എന്ന വ്യക്തിത്വത്തെ പിന്നീട് ലോകം അത്ഭുതത്തോടെയും ആരാധനയോടെയും വീക്ഷിക്കാൻ തുടങ്ങി. ഇടിക്കൂട്ടിലെ പോരാട്ടങ്ങൾ വ്യത്യസ്തമായ ഒരു സമരമുഖമായി അലി ഉപയോഗിച്ചു. തന്റെ എതിരാളികളായ വെളുത്തവർഗ്ഗക്കാരെ സഹിഷ്ണുതകളൊന്നും കൂടാതെ ഇടിച്ചിട്ട് തന്റെ നിരാശകൾ തീർക്കുകയാണ് പലപ്പോഴും അലി ചെയ്തത്. അതിനാൽ തന്നെ അറിഞ്ഞുകൊണ്ട് മത്സര സമയം നീട്ടിക്കൊണ്ടുപോകുവാൻ പലപ്പോഴും അലി ശ്രമിക്കുമായിരുന്നു. മത്സര വേളകളിൽ എതിരാളികൾ വാക്കുകളാൽ അദ്ദേഹത്തെ പ്രകോപിപ്പിക്കുമ്പോൾ, അലിയുടെ കരുത്താർന്ന് കരങ്ങൾ ഇടിക്കൂട്ടിൽ വെച്ച് മറുപടി നൽകി.

